2008 ആഗസ്റ്റ്
സുഹൂർ 1387
1429 റജബ് - ശഅ്ബാൻ
പുസ്തകം 80 ലക്കം 7
വരിസംഖ്യ - 150 ക.
ഒറ്റപ്രതി - 15 ക.

സ്ഥാപിതം 1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

4 യുഗശബ്ദം

5 മുഖക്കുറിപ്പ്

**ലേഖനം**

6 വാളേന്തിയ മതപുരുഷൻ!
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

7 ജിഹാദ്
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

13 ഖലീഫഃ ഹൃദയസാമ്രാജ്യത്തിലെ അധീശാധികാരി
മുഹമ്മദ് ഉമർ

19 തിന്മയുടെ കാലം വന്നാൽ മുസ്ലിംകൾ എന്തു ചെയ്യണം?
സമ്പാ: എ.പി. മൊയ്തീൻകോയ

20 എയ്ഡ്സ് വൈറസ്
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

23 ഖിലാഫത്ത് : അന്തിമവിജയത്തിലേക്കുള്ള കവാടം
അബ്ദുറശീദ്

27 പ്രാപഞ്ചികരഹസ്യങ്ങളുടെ കലവറ തുറക്കുന്ന പരിശുദ്ധ ഖുർആൻ
എ.ക്യു. മഹ്ദി

29 പ്രസിഡണ്ട് തോമസ് ജെഫേർസൻ ഏകദൈവ വിശ്വാസിയായിരുന്നുവോ?
സിയാ എച്ച്. ഷാ, അമേരിക്ക

35 നിന്ദാകരമായ വിമർശനം
പി.വി. അഹ്മദ് കോയ

**കുറിപ്പുകൾ**

38 അലക്സാണ്ട്രിയ ലൈബ്രറി കത്തിച്ചതാര്?

40 വാർത്തകൾ

ചീഫ് എഡിറ്റർ : മുഹമ്മദ് അയ്യൂബ്, Mob: 9895308227
എഡിറ്റർ : ഏ. എം. മുഹമ്മദ് സലിം, Mob: 9895263384
മാനേജർ : അഹ്മദ് ഹസ്സൻ, Mob: 9446482108

**അസി. മാനേജർ**
കെ.എം. അഹമ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

*വിലാസം*
സത്യദൂതൻ, ജി.എച്ച്.റോഡ്, കോഴിക്കോട്.
ഫോൺ : 0495 (Mob.) 95495 (Land) } 6520733
ഫാക്സ് : 0495 - 2721609
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammad, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammad Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

Regd. No: 3337/75, Postal Regn. No: KL/CT/108/2006-08. Estd. 1925.
Licensed to post without pre-payment. Licence No: CT/WPP/25/2006-08
THE SATHYADOOTHAN MONTHLY

## ഖുർആനിൽ നിന്ന്


"അല്ലയോ വിശ്വാസികളെ, നിങ്ങളുടെ എല്ലാ പ്രവൃത്തികളും ദൈവത്തിനുവേണ്ടിയായിരിക്കുകയും, ജനങ്ങളോടു നീതിപൂർവ്വം പെരുമാറുകയും ചെയ്യുവിൻ. ഒരു കൂട്ടർക്ക് നിങ്ങളോടുള്ള വിരോധം അവരോടു അനീതി പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ! നീതി ചെയ്യുവിൻ, ഇതത്രെ ഭക്തിയോടടുത്തത്. ദൈവത്തെ നിങ്ങളുടെ പരിചയാക്കുവിൻ. നിങ്ങൾ ചെയ്യുന്നതെന്തോ അതു അവൻ നല്ലവണ്ണം അറിയുന്നു." (5:8)

## നബിവചനം

ഹദ്റത്ത് ഇമാം മാലിക് (റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. സൽസ്വഭാവങ്ങളുടെ സമ്പൂർത്തീകരണത്തിനു വേണ്ടിയാണ് ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്. അതായത്, ഞാൻ നല്ലതും ഉന്നതവുമായ സ്വഭാവങ്ങളുടെ സമ്പൂർത്തീകരണത്തിനാണ് അയക്കപ്പെട്ടിരിക്കുന്നത്.

***(മുസ്നദ് അഹ്മദ്)***

**യുഗശബ്ദം**



# ഭീകരത: ഇസ്ലാമിന്നെതിര്

**വാഗ്ദത്ത മസീഹ് (അ)**

യാതൊരു കാരണവും കൂടാതെ മറ്റുള്ളവരെ കൊല്ലുകയെന്നത് ഇവരുടെ പക്കൽ വലിയൊരു മതധർമ്മമായി മാറിയിരിക്കുകയാണ്. ചോരക്കൊതിയൻ മഹ്ദിയിലും ജിഹാദിനെ സംബന്ധിച്ച പൊതുവായ ആശയങ്ങളിലും രഹസ്യത്തിൽ വിശ്വാസം പുലർത്തുന്ന ചില വിഭാഗങ്ങൾ അഹ്ലെ ഹദീസ് കക്ഷിക്കാരിൽ ഉണ്ടെന്ന വസ്തുത ഖേദപൂർവ്വം ഇവിടെ പ്രസ്താവിക്കാതിരിക്കാൻ എനിക്ക് സാധ്യമല്ല. ജിഹാദിനെ സംബന്ധിച്ച സത്യയുക്തമായ വിശ്വാസത്തെ ഇവർ എതിർക്കുന്നു. മറ്റുള്ള മതവിശ്വാസക്കാരെയൊക്കെത്തന്നെയും കൊന്നിടുവാൻ അവസരം കിട്ടുന്നപക്ഷം കൊല്ലുന്നതു വലിയൊരു പുണ്യകൃത്യമായിതന്നെ അവർ കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ ഇസ്ലാമിന്റെ പേരിൽ മറ്റുള്ളവരെ കൊല്ലാമെന്ന വിശ്വാസവും ചോരക്കൊതിയൻ മസീഹിന്റെ ആവിർഭാവം സംബന്ധിച്ച പ്രവചനങ്ങളിലുള്ള വിശ്വാസവും രക്തം ചിന്തി ഇസ്ലാമിനെ പ്രചരിപ്പിക്കാനുള്ള അഭിവാഞ്ഛയും എല്ലാം വിശുദ്ധഖുർആന്റെയും വിശ്വസനീയമായ ഹദീസുകളുടെയും പാഠങ്ങൾക്ക് കടകവിരുദ്ധമായിട്ടുള്ളതത്രെ.

***(മൈത്രീ സന്ദേശം)***

## മുഖക്കുറിപ്പ്

# മുസ്‌ലിംകളെ വഴിതെറ്റിച്ച രണ്ട് വിശ്വാസസങ്കല്പങ്ങൾ

**മു**സ്‌ലിം പൊതുജന മനശ്ശാസ്ത്രത്തെ അഗാധമായി സ്വാധീനിച്ച രണ്ട് ആസുര സങ്കല്പങ്ങളാണ് ഇമാം മഹ്ദി യെയും ഈസാ മസീഹിനേയും സംബന്ധിച്ച വിശ്വാസങ്ങൾ. വാളേന്തിക്കൊണ്ട് ഇമാം മഹ്ദി പ്രത്യക്ഷപ്പെടു കയും ആകാശത്ത് നിന്ന് ഈസബ്നു മർയം അവരോഹിതനാവുകയും ചെയ്യും എന്നതാണ് ആ വിശ്വാസം. അതിനുശേഷം അവർ രണ്ടു പേരും ചേർന്ന് മുസ്‌ലിം ശത്രുക്കൾക്കെതിരെ നടത്തുന്ന പരാക്രമണങ്ങളുടേയും രക്തരൂക്ഷിതമായ സമരങ്ങളുടേയും ഒടുവിൽ ആഗോള ഇസ്‌ലാമിക വിജയമുണ്ടാവുന്നു. ഇത് സംബന്ധിച്ച നിറംപിടിപ്പിച്ച വിശ്വാസങ്ങൾ മുസ്‌ലിം മനസ്സുകളെ ആമൂലാഗ്രം ഗ്രസിച്ചിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാ ണ്. ആ വിശ്വാസത്തിന്റെ യുക്തിരാഹിത്യം കൊണ്ടും അന്ധവിശ്വാസമാണെന്ന് മുദ്രയടിക്കപ്പെടും എന്ന ഭയം കൊണ്ടും ഉല്പതിഷ്ണുക്കളെന്ന് പറയപ്പെടുന്ന മുജാഹിദ്, ജമാഅത്തെ ഇസ്‌ലാമി മുതലായ മുസ്‌ലിം കക്ഷി കൾ അതൊന്നും പ്രത്യക്ഷത്തിൽ ഘോഷിക്കാറില്ലെന്ന് മാത്രം.

ഇസ്‌ലാമിന്റെ ആഗോള വിജയത്തെ സംബന്ധിച്ച്, ഭൂരിപക്ഷ മുസ്‌ലിംകൾ വിശ്വസിക്കുന്ന സ്വപ്നസമാന മായ ഈയൊരു പ്രതീക്ഷയല്ലാതെ മറ്റൊരു പരിപാടിയും അവരുടെ മുമ്പിലില്ല. ഇപ്പോൾ സജീവമായി പ്രവർത്തി ക്കുന്ന ഒരു മുസ്‌ലിം കക്ഷിയേയും, ഇസ്‌ലാമിക വിജയത്തിന്റെ വക്താക്കളായി ഇസ്‌ലാമിക പ്രമാണങ്ങൾ പറ യുന്നുമില്ല. മഹ്ദിയും മസീഹും വന്ന് യുദ്ധം ചെയ്ത് അത്ഭുത വീരകൃത്യങ്ങൾ നിർവ്വഹിച്ച് മുസ്‌ലിംകൾക്കായി വിജയസോപാനങ്ങൾ ഒരുക്കിത്തരും എന്ന വിശ്വാസം നൂറ്റാണ്ടുകളോളമായി മുസ്‌ലിം ഹൃദയത്തിൽ രൂഢമൂല മാണ്.

വാസ്തവത്തിൽ മുസ്‌ലിംകളെ ഏറ്റവും പ്രതിലോമകരമായി ബാധിച്ച വിശ്വാസ സങ്കല്പങ്ങളാണിത്. രക്ത രൂക്ഷിതമായ യുദ്ധത്തിനുശേഷമാണ് മഹ്ദിയും മസീഹും ചേർന്ന് ഇസ്‌ലാമിന് വിജയമൊരുക്കുക. ഈ പരാ ക്രമങ്ങളിലാകട്ടെ മുസ്‌ലിം ബഹുജനത്തിന് ശാരീരികമോ മാനസികമോ ആയ യാതൊരു മുതൽമുടക്കുമുള്ള തായി വിവരിക്കപ്പെട്ടിട്ടുമില്ല. വെറുതെ മുസ്‌ലിമായി ഇതുപോലെയെല്ലാം ജീവച്ചുകൊണ്ടിരിക്കുന്ന ഒരു സുദിന ത്തിൽ ഇമാം മഹ്ദിയും മസീഹും വന്ന് വിജയം കൊയ്ത് അവർക്ക് തളികയിൽ വെച്ച് കൊടുക്കും. പിന്നീട് മുസ്‌ലിം നേതൃത്വത്തിന് സിംഹാസനത്തിൽ കയറി ഭരിക്കേണ്ട പണി മാത്രം.

ഈ ഗുരുതരമായ വിശ്വാസം രണ്ട് വിധത്തിൽ മാരകമാണ്. ഒന്നാമതായി മനുഷ്യയുക്തിയെ പ്രചോദിപ്പി ക്കുകയും ധൈഷണിക സംവാദങ്ങൾക്കായി പ്രതിയോഗികളെ ക്ഷണിക്കുകയും ചെയ്യുന്ന വിശുദ്ധ ഖുർആന്റെ ഇസ്‌ലാം മതപ്രചാരണശൈലിക്ക് കടകവിരുദ്ധമാണ് ഈ സങ്കല്പം. മുസ്‌ലിംകളുടെ സങ്കല്പത്തിലുള്ള ഈ ഇസ്‌ലാമിക വിജയം ഒരു ഫാസിസ്റ്റ് പരിപാടിയാണ്. ഇമാം മഹ്ദിയും ഈസാ നബിയും ചേർന്ന് നേടിത്തരുന്ന ഈ ആഗോള വിജയത്തിൽ യാതൊരു കായക്ലേശമോ മനക്ലേശമോ മുസ്‌ലിംകൾ അനുഭവിക്കേണ്ടതില്ല. മുസ്‌ലിം കൾ സ്വയം നന്നാകലോ സ്വയം പരിവർത്തനത്തിന്റെ പ്രശ്നമോ ഇതിലില്ല. തങ്ങൾക്ക് അവകാശപ്പെട്ട തറവാട്സ്വത്ത് മഹ്ദി ഇമാമും ഈസാനബിയും കൂടി തല്ല് കൂടി വാങ്ങി തരേണ്ടതാണ് എന്ന മട്ട്. തങ്ങൾ കൈയ്യും കെട്ടി നോക്കിനിൽക്കേ, അലാവുദ്ദീന്റെ അത്ഭുത വിളക്കിലെ ഭൂതത്തെപ്പോലെ മഹ്ദി ഇമാമും, മസീഹ്ബ്നു മർയമും പരാക്രമങ്ങൾ നടത്തി വിജയം കൊണ്ടുവരണം. മുസ്‌ലിം സമൂഹത്തിന് അകർമ്മണ്യതയുടെ മര വിപ്പും അന്തസ്സാരശൂന്യമായ അസംബന്ധ സ്വപ്നങ്ങളുമല്ലാതെ എന്ത് നേട്ടമാണ് ഈ വിശ്വാസം നേടിക്കൊടു ക്കുന്നത്?

ഇസ്‌ലാമിക പ്രമാണങ്ങളിൽ പറയപ്പെട്ട യഥാർത്ഥത്തിലുള്ള ഇമാം മഹ്ദിയും മസീഹും ആഗതനായിരി ക്കുന്നു എന്ന് അഹ്മദികൾ പറയുമ്പോൾ, മുസ്‌ലിംകളുടെ പ്രതികരണങ്ങളിൽ നിന്നു തന്നെ ഈ വിശ്വാസം അവരെ ഗുരുതരമായ തോതിൽ ബാധിച്ചിരിക്കുന്നു എന്ന് വ്യക്തമാണ്. 'മഹ്ദി മസീഹ് വന്നെങ്കിൽ എവിടെ ഭരണം?' മുസ്‌ലിംകൾ തമ്മിലുള്ള കുഴപ്പങ്ങൾ എന്തുകൊണ്ട് പരിഹരിക്കപ്പെടുന്നില്ല? മുസ്‌ലിംകളുടെ ഇന്നത്തെ അവസ്ഥക്ക് മാറ്റമുണ്ടാകാത്തതെന്ത്? എന്നിങ്ങനെ നൂറ് കൂട്ടം ചോദ്യങ്ങൾ അവരുടെ ഭാഗത്ത് നിന്നുണ്ടാകുന്നു. ഇത് അവരുടെ പ്രസ്തുത വിശ്വാസസങ്കല്പത്തിന്റെ പ്രതിഫലനങ്ങളാണ്. അല്ലാഹു അയക്കുന്ന പുണ്യാത്മാ ക്കളെ സ്വീകരിച്ച് പീഡനങ്ങളും ബഹിഷ്ക്കരണങ്ങളും ഏറ്റുവാങ്ങി. ആത്മസംസ്ക്കരണത്തിലൂടേയും ആത്മ ത്യാഗത്തിലൂടേയുമാണ് എല്ലാ വിശ്വാസിസമൂഹവും വിജയം കൈവരിച്ചത് എന്നുള്ള ഖുർആന്റെ പ്രഖ്യാതമായ ചരിത്രതത്വമാണ് മുസ്‌ലിംകൾ മറന്നുപോവുന്നത്. മിഥ്യാവിശ്വാസങ്ങളുടെ സാങ്കല്പികലോകത്ത് ജീവിക്കുന്ന മുസ്‌ലിംകൾക്ക്, ആഗതനായ ഇമാം മഹ്ദിയേയും മസീഹിനേയും വിശ്വസിക്കാനുള്ള ഭാഗ്യം അല്ലാഹു പ്രദാനം ചെയ്യട്ടെ. ●

ലേഖനം

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

# വാളേന്തിയ മതപുരുഷൻ!

യേശുവിനെപ്പറ്റി ക്രിസ്ത്യാനികളും മുസ്‌ലിംകളും വിശ്വസിക്കുന്നത് ഇതാണ്: ക്രിസ്ത്യാനികൾ ചെയ്യുന്നതുപോലെ ഒരു എളിയ മനുഷ്യനെ ദൈവം എന്നു വിളിക്കുന്നത് ഒരു വലിയ തെറ്റാണെങ്കിലും വഹ്ഹാബികൾ എന്നു കൂടി വിളിക്കപ്പെടുന്ന 'അഹ്‌ലെ ഹദീസ്' കക്ഷിക്കാർ ഉൾപ്പെടെ ഇസ്‌ലാമിന്റെ അനുയായികളിൽ ചിലർ രക്തക്കൊതിയനായ മഹ്ദിയെയും മസീഹിനെയും പറ്റി പുലർത്തി വന്നിരുന്ന വിശ്വാസങ്ങൾ അവരുടെ ധാർമികതയെ വളരെയേറെ ദോഷകരമായി ബാധിച്ചിരിക്കയാണ്. അവയുടെ ദുസ്സ്വാധീനങ്ങൾ കാരണം മറ്റുള്ളവരുമായുള്ള അവരുടെ ഇടപാടുകൾ തന്നെ, വിശ്വസ്തതയിലും, സദ്ഭാവനയിലും ഊന്നിക്കൊണ്ടുള്ളതല്ലാതായിരിക്കുന്നു. അവർക്ക് ഒരു അമുസ്‌ലിം ഗവർമെന്റിനോട് ആത്മാർത്ഥമായും പൂർണ്ണമായും കൂറുപുലർത്താൻ സാധിക്കുന്നതുമല്ല. അമുസ്‌ലിംകളെല്ലാം ഉടൻ മുസ്‌ലിമായിത്തീരണമെന്നും അല്ലാത്തപക്ഷം അവരെയെല്ലാം വധിച്ചുകളയുമെന്നുമുള്ള ഭീഷണിയും നിർബന്ധവും നിലനിൽക്കുന്നിടത്തോളം അതുതന്നെ അങ്ങേയറ്റത്തെ വിമർശനത്തിനു വിധേയമായിരിക്കുന്നതാണെന്നു ബുദ്ധിയുള്ള ഏതൊരാളും സമ്മതിക്കും. ഒരു മതധർമ്മത്തിന്റെ സത്യവും സൗന്ദര്യവും ഗ്രഹിച്ചറിയുന്നതിനു മുമ്പ്, ഒരാൾ ആ മതം സ്വീകരിക്കാൻ നിർബന്ധിക്കപ്പെടുന്നതും വധഭീഷണിക്കിരയാക്കപ്പെടുന്നതും അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നു മനഃസ്സാക്ഷിയുള്ള ആരും സമ്മതിക്കുന്നതാണ്. ആ മതധർമ്മത്തിന്റെ വളർച്ചയ്ക്കു പകരം അതിന്റെ ശത്രുക്കൾക്ക് അതിൽ തെറ്റു കാണാൻ അവസരം സൃഷ്ടിക്കുകയാണ് ചെയ്യുക എന്ന് പറയേണ്ടതില്ലല്ലോ. ഇത്തരം സിദ്ധാന്തങ്ങളുടെ ഒടുപുലർച്ച മനുഷ്യഹൃദയങ്ങളിൽ നിന്ന് ആർദ്രതയും ദയ, നീതിനിഷ്ഠ തുടങ്ങിയ അത്യുന്നതങ്ങളായ മാനുഷിക സദ്ഗുണങ്ങളും അപ്രത്യക്ഷമാവുകയും പകരം പകയും ശത്രുതതയും വളരുകയും ചെയ്യുമെന്നുള്ളതാണ്. പിന്നെ അവശേഷിക്കുന്നതു മൃഗീയവികാരങ്ങൾ മാത്രം. അതോടെ എല്ലാ ഗുണങ്ങളും തുടച്ചുനീക്കപ്പെടും. ഇത്തരം ഉപദേശങ്ങൾ ഒരിക്കലും ദൈവത്തിൽ നിന്നുള്ളതായിരിക്കാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കേണ്ടതാണ്. ദൈവം എല്ലാ ന്യായവിധികളും പൂർത്തിയാക്കിയശേഷമല്ലാതെ ശിക്ഷയിറക്കുന്നവനല്ല.

ആകയാൽ ഇക്കാര്യം നല്ലപോലെ ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു സത്യമതത്തെ, അതിന്റെ സത്യത്തെയും സിദ്ധാന്തത്തെയും സംബന്ധിച്ചിടത്തോളം തീരെ അജ്ഞനും അറിവില്ലാത്തവനുമായതുകൊണ്ടു മാത്രം ഒരാൾ സ്വീകരിക്കാൻ തയ്യാറാകാത്ത പക്ഷം അയാളെ ഉടനടി കൊന്നുകളയുന്നത് ന്യായമാണോ? അല്ലാ, ഈ മനുഷ്യൻ സഹതാപമാണ് അർഹിക്കുന്നത്. വളരെ ഉദാരമായും സ്നേഹസൗശീല്യങ്ങളോടു കൂടിയും അയാളെ മതത്തിന്റെ സത്യവും സൗന്ദര്യവും ആത്മീയ നേട്ടവും ഉപദേശിച്ചു ബോദ്ധ്യപ്പെടുത്തുകയാണ് വേണ്ടത്. ആകയാൽ, ഇസ്‌ലാമിലെ ഈ കക്ഷികൾ ഉയർത്തിപ്പിടിക്കുന്ന ജിഹാദ് തത്ത്വവും, ഇമാം മുഹമ്മദ് എന്ന പേരിലുള്ള രക്തദാഹി മഹ്ദി വെളിപ്പെടാനടുത്തുപോയി എന്നും അദ്ദേഹത്തിന്റെ സഹായാർത്ഥം മസീഹ് ആകാശത്ത് നിന്നിറങ്ങി വരുമെന്നും രണ്ടുപേരുംകൂടി അമുസ്‌ലിംകളെ കൊന്നൊടുക്കുമെന്നുമുള്ള വിശ്വാസവും നമ്മുടെ ധാർമ്മികബോധങ്ങൾക്കും ചിന്തകൾക്കും നിരക്കാത്തതും പാടെ എതിരായിട്ടുള്ളതുമത്രെ. എല്ലാ മാനുഷികസൽഗുണങ്ങളും ധർമ്മബോധവും നിശ്ചലമാക്കിക്കളയുകയും കാട്ടിലെ നീതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വിശ്വാസമല്ലേ ഇത്? ഇത്തരം വിശ്വാസങ്ങൾ കൊണ്ടു നടക്കുന്നവർ മറ്റുള്ളവരുമായുള്ള പെരുമാറ്റത്തിൽ കപടജീവിതം നയിക്കുന്നവരാണ്. അപ്പോലെ തന്നെ

*(ശേഷം 18-ൽ)*

ലേഖനം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് V)

# ജിഹാദ്

**2008 ജൂൺ 23ന് വിർജിനീയ (അമേരിക്ക)യിൽ വെച്ച് നടത്തിയ പ്രസംഗം.**

ഇവിടെ സന്നിഹിതരായ ആദരണീയരായ അതിഥികളെ, അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാ. അല്ലാഹു നിങ്ങളോടൊപ്പമുണ്ടാകട്ടെ.

ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾ തങ്ങളുടെ വിശിഷ്ടാതിഥികൾക്ക് പരിചയപ്പെടുത്തിക്കൊണ്ട് സംസാരിക്കണമെന്ന് ഞങ്ങളുടെ പ്രാദേശിക ഘടകം എന്നോട് ആവശ്യപ്പെടുകയായിരുന്നു. അമുസ്ലിം ലോകം ഇസ്ലാം മതത്തെക്കുറിച്ച് തീവ്രവാദത്തിന്റേയും ഭീകരവാദത്തിന്റേയും മതമാണെന്ന് കരുതുകയും ആ വിധത്തിൽ ലോകത്തിന്റെ ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ഈ വിഷയത്തിന് ഒരു പ്രാധാന്യമുണ്ട്. തീർച്ചയായും ചില ആളുകളുടെ പ്രസ്താവന തീവ്രവാദത്തിലൂടെ ഇസ്ലാം തങ്ങളുടെ സമാധാനത്തെ തകർക്കുന്നു എന്നാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ, ഇസ്ലാമികാദ്ധ്യാപനങ്ങളെക്കുറിച്ച് വ്യക്തമായ അറിവുള്ള ആളുകളുണ്ട്. ഇസ്ലാമിനെപ്പറ്റിയുള്ള നിലവിലുള്ള തെറ്റായ സങ്കല്പത്തെ പൊലിപ്പിച്ചുകാട്ടുകയാണ് അവർ ചെയ്യുന്നത്. തീർച്ചയായും വിദ്യാസമ്പന്നരായ ചില അമുസ്ലിംകൾ മരണാനന്തരജീവിതത്തെയും സ്വർഗ്ഗനരകങ്ങളെയും, മുസ്ലിം തീവ്രവാദവും ഭീകരവാദവും ആത്മഹത്യാ ചാവേറുകളുമായി ബന്ധിപ്പിച്ചു സംസാരിക്കാറുണ്ട്. ഇതിന്റെ ഫലമായി സ്വർഗ്ഗത്തിൽ പ്രവേശിക്കാനുള്ള ഒരു മാർഗ്ഗം ഇതാണെന്ന് ദൈവവിശ്വാസികളിൽ ജിഹാദിന്റെ ഒരു പ്രത്യേക വികാരവും മരിക്കാനുള്ള അഭിനിവേശവും ഉണർത്തുന്നു എന്നാണ് ആക്ഷേപം. ഇത് അവരെ വാളെടുക്കാനും കലാപമുണ്ടാക്കാനും പ്രേരിപ്പിക്കുകയും ചെയ്യുന്നു എന്നും ഈ വിദ്യാസമ്പന്നരായ അമുസ്ലിംകൾ ആരോപിക്കുന്നു.

കലാപകാരികൾ ഇന്നൊരു യാഥാർത്ഥ്യമാണ്. എന്തായാലും ഇങ്ങനെ പ്രവർത്തിക്കുന്ന അത്യുൽസാഹികളും അജ്ഞാനികളുമായ ഒരു ചെറിയ സംഘം ആളുകൾ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾക്ക് മൊത്തത്തിൽ ഒരു തെറ്റായ പ്രതിഛായയാണ് നൽകുന്നത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്ന് ഞാൻ സമ്മതിക്കുന്നു. ഇത് മാത്രമല്ല, ഇസ്ലാം മതത്തിന്റെ അധ്യാപനങ്ങളെ കുറിച്ച് ശരിയായ ധാരണകളില്ലാതെ ഇസ്ലാം മതത്തിലെ ജിഹാദിനെക്കുറിച്ച് ഇസ്ലാം വിരോധികളായവർ എഴുതുന്ന സാഹിത്യങ്ങളെയും ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുന്നു. അത് മാത്രമല്ല, ദൈവത്തെ നിഷേധിക്കുകയും മതവും ദൈവവുമാണ് ഇത്തരം കലാപങ്ങൾക്കും അരാജകത്വത്തിനും കാരണമെന്ന് സ്ഥാപിക്കുന്ന വിധത്തിൽ വ്യാപകമായ തോതിൽ പ്രചരിക്കുന്ന സാഹിത്യങ്ങളും ഇസ്ലാമിനെ സംബന്ധിച്ച് തെറ്റിദ്ധാരണ പരത്തുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു.

അതങ്ങനെയിരിക്കട്ടെ. ഈ കൊച്ചു സമയത്തിന്നുള്ളിൽ അത്തരം വിഷയങ്ങളെ സംബന്ധിച്ച് നീതിപൂർവ്വമായ ഒരു വിലയിരുത്തൽ നടത്താൻ സാധ്യമല്ല. എന്തായിരുന്നാലും ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളെ സംബന്ധിച്ച് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) വിവരിച്ച കാര്യങ്ങൾ ഇവിടെ പ്രതിപാദിക്കാൻ ഞാൻ ശ്രമിക്കാം. ഹദ്റത്ത് അഹ്മദി(അ)നെ ഞങ്ങൾ വാഗ്ദത്ത മസീഹ് ആയിട്ടാണ് വിശ്വസിക്കുന്നത്. വിശുദ്ധ ഖുർആനെയും റസൂൽ തിരുമേനി(സ)യുടെ വചനങ്ങളെയും ഇസ്ലാമിക ചരിത്രത്തേയും പറ്റി അദ്ദേഹം മനസ്സിലാക്കിയ കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഞാനത് വിശദീകരിക്കുന്നത്. ആദ്യമായി ജിഹാദിന്റെ യഥാർത്ഥ സങ്കല്പത്തെ സംബന്ധിച്ച് കാലത്തിന്റെ

മസീഹിന്റെ വാക്കുകളിൽ ഞാൻ വിശദീകരിക്കാം. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ ദിവംഗതനായിട്ട് ഒരു നൂറ് വർഷം കഴിഞ്ഞുപോയി. ആയതിനാൽ ഇസ്‌ലാമിനെപ്പറ്റി തെറ്റായ ഒരു ധാരണ നിലനിൽക്കുന്ന ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥയോടുള്ള പ്രതികരണം എന്ന നിലക്ക് അഹ്മദിയ്യാ ജമാഅത്ത് നൂതനമായി പടച്ചുണ്ടാക്കിയ ഒരു കാര്യമാണിതെന്ന് ആർക്കും പറയാൻ സാധ്യമല്ല. അവരുടെ ഈ ആരോപണത്തിന് വിരുദ്ധമായി വിശുദ്ധ ഖുർആനിൽ നിന്നുള്ള വാഗ്ദത്ത മസീഹിന്റെ അദ്ധ്യാപനങ്ങൾ തന്നെയാണ് ഞങ്ങൾ ഇവിടെ പ്രതിപാദിക്കുന്നത്. വാഗ്ദത്ത മസീഹ് പറയുകയുണ്ടായി. *“മറ്റു മതങ്ങളിലെ വിശ്വാസികളെ ജിഹാദ് എന്ന പേര് പറഞ്ഞ് ആക്രമിക്കുന്ന മുസ്‌ലിംകളിൽ ഇന്ന് നിലനിൽക്കുന്ന ഈ സമ്പ്രദായത്തെ നിയമാനുസാരമുള്ള ജിഹാദ് ആണെന്ന് പറയാൻ സാധ്യമല്ല. അത് തികച്ചും അല്ലാഹുവിന്റെയും പ്രവാചകന്റെയും ആജ്ഞകൾക്ക് വിരുദ്ധവും ഒരു കടുത്ത പാപവുമാണ്.”* അനുവദനീയമായ ജിഹാദ് എന്ന പദത്തിന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ നൽകിയ അർത്ഥമെന്താണ്? ഇത് മനസ്സിലാക്കുന്നതിന്റെ ഭാഗമായി ഇസ്‌ലാം മതത്തിന്റെ വിശുദ്ധസ്ഥാപകരായ റസൂൽ തിരുമേനി(സ) തന്റെ ജനതകൾക്ക് ദിവ്യദൗത്യം പ്രഖ്യാപിച്ചപ്പോൾ ഉണ്ടായിരുന്ന അവസ്ഥയിലേക്ക് ഒരു വിഹഗ വീക്ഷണം നടത്തേണ്ടിയിരിക്കുന്നു. ഓർക്കുക അന്നത്തെ ആ ജനത നിരക്ഷരരും സംസ്കാരരഹിതരുമായിരുന്നു. നിസ്സാരമായ സംഗതികൾക്ക് കേവലം പരിഹാസത്തിന്റെ ഫലമായി പോലും കൊല്ലും കൊലയുമായി വർഷങ്ങളോളം ഉള്ള ശത്രുത അവരിൽ സർവ്വസാധാരണമായിരുന്നു. ഏകദൈവത്തെ ആരാധിക്കാനായി മക്കയിൽ പ്രവാചകനായ ഇബ്രാഹീം നബി(അ) പണിതുയർത്തിയ വിശുദ്ധ കഅ്ബയിൽ 360 ബിംബങ്ങളെയായിരുന്നു അവർ ആരാധിച്ചിരുന്നത്. ഈ ബിംബങ്ങളുടെ സ്ഥാനത്ത് മറ്റൊരു ദൈവത്തെ സ്വീകരിക്കാൻ അവർ സന്നദ്ധരായിരുന്നില്ല. റസൂൽ തിരുമേനി(സ) ഏകദൈവത്തിലേക്ക് അറബികളായ ആ ജനതയെ സ്വീകരിച്ചപ്പോൾ അവരിലുള്ള ബുദ്ധിമാന്മാരും അദ്ദേഹത്തിന്റെ ചില ബന്ധുക്കളും ദരിദ്രന്മാരും, അടിമകളുമായിരുന്നു അത് സ്വീകരിച്ചത്. ഈ പ്രസ്ഥാനം വളർന്ന് വികസിച്ചപ്പോൾ മക്കയിലെ ഖുറൈഷികൾക്ക് സംശയം ജനിച്ചു. അവരുടെ ക്രൂരത പാരമ്യത്തിൽ എത്തുകയായിരുന്നു. ഇസ്‌ലാം മതം വിശ്വസിച്ചവരെ അറേബ്യയിലെ ചുട്ടുപഴുത്ത മണ്ണിൽക്കിടത്തുകയും അവരുടെ നെഞ്ചിൽ ചുട്ടുപഴുത്ത കല്ല് കയറ്റിവെക്കുകയും ചെയ്തു. അവർ ചാട്ടവാറുകൊണ്ട് ക്രൂരമായി പ്രഹരിക്കപ്പെട്ടു. അവരുടെ കൈകാലുകൾ ഒട്ടകങ്ങളിൽ ബന്ധിച്ചു വിപരീതദിശകളിലേക്ക് പായിക്കുകയുണ്ടായി. അങ്ങനെ അവരുടെ ശരീരം രണ്ടു പാളികളായി തുണ്ടമാക്കപ്പെട്ടു. വിശുദ്ധ പ്രവാചകനെയും ആ വിശ്വാസി സമൂഹത്തെയും മക്കാ താഴ്വരയിൽ ഉപരോധമേർപ്പെടുത്തി. വെള്ളവും ഭക്ഷണവും അവർക്ക് കൊടുക്കാൻ പാടില്ലെന്ന നിരോധനാജ്ഞയും പുറപ്പെടുവിച്ചു. ഏതുവിധേനയാണെങ്കിലും നാം മരിക്കാൻ പോകുകയാണ്. അപ്പോൾ എന്തുകൊണ്ട് നമുക്ക് യുദ്ധം ചെയ്തുകൂടാ? എന്ന് റസൂൽ തിരുമേനി(സ)യോട് അവർ ചോദിച്ചു. ഈ ജനതയാകട്ടെ നിസ്സാര സംഗതികൾക്ക് പോലും കൊല്ലാനും ചാവാനും തയ്യാറായവരുടെ കൂട്ടത്തിൽ നിന്നും വന്നവരായിരുന്നു. അവർ റസൂൽ തിരുമേനി(സ) യോടു ചോദിച്ചു. അല്ലയോ പ്രവാചകരേ, ഞങ്ങൾക്ക് യുദ്ധം ചെയ്യാൻ അനുമതി നൽകുക. ദൈവത്തിൽ നിന്നും യുദ്ധം ചെയ്യാനുള്ള അനുമതി ലഭിച്ചിട്ടില്ലെന്ന് റസൂൽ തിരുമേനി അവരോട് പ്രതിവചിച്ചു. അവസാനം അത്യന്തം പീഡിതരായ അവർക്ക് മറ്റൊരു പട്ടണത്തിലേക്ക് പലായനം ചെയ്യാൻ റസൂൽ തിരുമേനി(സ) അനുമതി നൽകി. ആ പട്ടണത്തിൽ അപ്പോഴേക്കും ചിലർ ഇസ്‌ലാം മതം സ്വീകരിച്ചിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ റസൂൽ തിരുമേനി(സ)യും മദീനയിലേക്ക് പലായനം ചെയ്തു. അദ്ദേഹത്തിന്റെ വരവോടെ മദീനയിലെ ധാരാളം ജനങ്ങൾ ഇസ്‌ലാം മതം സ്വീകരിച്ചു. റസൂൽ തിരുമേനി(സ) അവിടെയുണ്ടായിരുന്ന മറ്റു ഗോത്രങ്ങളോടു കരാറിലേർപ്പെടുകയുണ്ടായി. അവർ ജൂതന്മാരായിരുന്നു. അദ്ദേഹം അവിടെ എല്ലാവർക്കും സ്വാതന്ത്ര്യമനുവദിച്ചുകൊണ്ടുള്ള ഒരു ഭരണവ്യവസ്ഥ സ്ഥാപിക്കുകയുണ്ടായി. ഏതെങ്കിലും ഒരാൾ ശിക്ഷിക്കപ്പെടുന്നുവെങ്കിൽ അത് അയാളുടെ മതനിയമമനുസരിച്ചായിരിക്കും. എങ്കിലും ഈ ഭരണകൂടത്തിലെ ഏതൊരാൾക്കും തുല്യ അവകാശമായിരുന്നു അനുവദിക്കപ്പെട്ടിരുന്നത്. ഈ സംഗതികളെയെല്ലാം അവഗണിച്ചുകൊണ്ടാണ് റസൂൽ തിരുമേനി(സ) ഭീകരത വിതച്ചു (അല്ലാഹുവിൽ ശരണം) എന്ന് ദുരാരോപണമുന്നയിക്കുന്നത്. മുസ്‌ലിംകൾ അത്തരത്തിലുള്ള കഠിനമായ മർദ്ദനങ്ങൾക്ക് വിധേയമായപ്പോഴും മുസ്‌ലിംകൾക്കെതിരേയും പ്രവാചകനെ

തിരേയും എന്തുകൊണ്ട് ഇത്തരത്തിലുള്ള ഒരു ആരോപണം ഉന്നയിക്കപ്പെട്ടു? അന്നത്തെ മുസ്‌ലിംകൾ അനുഭവിച്ചിരുന്ന അവസ്ഥയെക്കുറിച്ച് ഞാൻ ഹ്രസ്വമായി വിവരിച്ചുവല്ലോ. അത്തരത്തിലുള്ള ഒരു പരിതഃസ്ഥിതിയിൽ പോലും മുസ്‌ലിംകൾ മറ്റൊരു സ്ഥലത്തേക്ക് പലായനം ചെയ്യുകയും താരതമ്യേന സമാധാനപൂർണ്ണമായി അവിടെ ജീവിക്കുകയുമാണ് ചെയ്തത്. അപ്പോഴും അവർ മക്കക്കാരാൽ വേട്ടയാടപ്പെടുകയും പിന്തുടരപ്പെടുകയും ആക്രമിക്കപ്പെടുകയുമായിരുന്നു. ആദ്യത്തെ യുദ്ധം ബദ്ർ യുദ്ധം എന്നാണറിയപ്പെടുന്നത്. ആ സന്ദർഭത്തിൽ അവർക്ക് വളരെ പരിമിതമായ വിഭവങ്ങളേ ഉണ്ടായിരുന്നുള്ളൂ. യുദ്ധത്തിനു സഹായകരമായ യാതൊരു സാമഗ്രികളും ഉണ്ടായിരുന്നില്ല. അവർ അഭിമുഖീകരിക്കേണ്ടതാകട്ടെ, ആയുധവിഭൂഷിതരായ ഒരു സൈന്യത്തേയും. ഈ വസ്തുതകളൊന്നും തന്നെ ആരിൽനിന്നും മറഞ്ഞുനിൽക്കുന്ന ഒന്നല്ല, ചരിത്രത്തിൽ അവ വ്യക്തമായി രേഖപ്പെട്ടതാണ്. ആ സന്ദർഭത്തിൽ യുദ്ധത്തിൽ യാതൊരു വൈദഗ്ദ്യവും ഇല്ലാത്തവരും പരിചയമില്ലാത്തവരുമായ മുസ്‌ലിംകൾക്ക് എന്തു ചെയ്യാൻ കഴിയും? അവരിൽ ചിലർ കൗമാരപ്രായക്കാരാണ്. അത്തരത്തിലുള്ള മുസ്‌ലിംകളെ പാടെ നിഷ്കാസനം ചെയ്യാനാണ് ശത്രുക്കൾ ശ്രമിച്ചിരുന്നത്. അല്ലാഹു അവരെ തിരിച്ച് യുദ്ധം ചെയ്യാൻ താഴെകാണുന്ന ഖുർആൻ വചനങ്ങളിലൂടെ അനുവാദം നൽകുകയാണുണ്ടായത്. യുദ്ധം ചെയ്യാൻ അനുമതി നൽകപ്പെടുന്ന ആദ്യത്തെ ഖുർആൻ വചനമതാണെന്ന് ചരിത്രകാരന്മാർക്കറിയാം. യുദ്ധം അനുവദിക്കപ്പെട്ട ഈ വചനത്തിന്റെ സൗന്ദര്യം കാണാൻ ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്. *'യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ ആക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവനാകുന്നു. ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറഞ്ഞതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുള്ള ആക്രമണത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപ്പള്ളികളും മുസ്‌ലിം പള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ വെച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി അനുസ്മരിക്കപ്പെടുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യും. (22:40, 41).*

ദൈവം ഇവിടെ പറയുന്നത്: പ്രതിരോധത്തിന് വേണ്ടി അനുമതി നൽകപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ സമൂഹത്തിന്റെ സമാധാനം നശിപ്പിക്കപ്പെടുമായിരുന്നുവെന്നാണ്. മതപരമായ യാതൊരു പരിഗണനയും കൂടാതെ ഈ യുക്തി ഇക്കാലത്തും പ്രസക്തമാണ്. ഒരാൾ ആക്രമിക്കപ്പെടുകയാണെങ്കിൽ അയാൾക്ക് സ്വയം പ്രതിരോധത്തിനുള്ള അവകാശമുണ്ട് എന്ന കാര്യമാണ് ഇതിലെ പ്രഥമ യുക്തി. രണ്ടാമതായി ഭീകരതയുടെ ഫലമായി, ആളുകൾ അവരുടെ വീടുകളിൽ നിന്നും യാതൊരു ന്യായവും കൂടാതെ ആട്ടിയോടിക്കപ്പെടുകയും അവരെ സമാധാനപൂർവ്വം ജീവിക്കാനനുവദിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അവർക്കുണ്ടായ നഷ്ടത്തിന് പകരം ചോദിക്കാൻ തീർച്ചയായും അവർക്ക് അവകാശമുണ്ട് എന്നത് യുക്തിസഹമാണ്. മൂന്നാമതായി മർദ്ദകർ അവരുടെ ആദ്യത്തെ ലക്ഷ്യംകൊണ്ട്തന്നെ തൃപ്തരാകുന്നില്ല. മർദ്ദിതരെ അക്രമിച്ച് നശിപ്പിക്കാനുള്ള അവരുടെ പ്രവണത കൂടി വരുന്നു. ഏത് മതത്തിൽ നിന്നുള്ളവനാണെന്ന നോട്ടമില്ലാതെ അവർ ഓരോരുത്തരേയും വേർപെടുത്തുന്ന ഈ തിന്മ മുളയിൽ തന്നെ നുള്ളിക്കളയേണ്ടിയിരിക്കുന്നു എന്നാണ് മർദ്ദകരുടെ നിലപാട്. അവരുടെ ഈ ക്രൂരതയെ പ്രതിരോധിക്കാൻ വേണ്ടിയാണ് പ്രതിരോധത്തിനും സുരക്ഷക്കും വേണ്ടി യുദ്ധം അനുവദിക്കപ്പെട്ടത്. ഈ യുദ്ധം അനുവദിക്കപ്പെട്ട ജനതയിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. *'നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമത്തെ ഇഷ്ടപ്പെടുകയില്ല തന്നെ.* (2:191) ഇവിടെ കാര്യങ്ങൾ വളരെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. വിശ്വാസകാര്യത്തിൽ യുദ്ധം ചെയ്യാൻ വേണ്ടി വരുന്നവരോട് മാത്രമാണ് യുദ്ധം ചെയ്യാൻ ആജ്ഞ നൽകപ്പെട്ടത്. അവർ സത്യവിശ്വാസികളെ നിർബന്ധപൂർവ്വം അവരുടെ വിശ്വാസത്തിലേക്ക് പരിവർത്തനം ചെയ്യിക്കാൻ വാൾ പ്രയോഗിക്കുകയുണ്ടായി. അതാണ് മക്കയിൽ സംഭവിച്ചത്. മക്കത്ത് അവിശ്വാസികൾ ഇസ്‌ലാം മതത്തെ മക്കൻ മണ്ണിൽ കുഴിച്ചുമൂടാൻ ആഗ്രഹിച്ചു. സ്വർഗ്ഗത്തെ സംബന്ധിച്ച ഇസ്‌ലാമിക സങ്കല്പമാണ് മുസ്‌ലിംകളെ യുദ്ധപ്രിയരാക്കി മാറ്റിയതെന്ന ഇപ്പോഴത്തെ ആരോപണം തികച്ചും വ്യാജമാണ്.

ഞാൻ മേലെയുദ്ധരിച്ച ഖുർആനിക വചനത്തിൽ വ്യക്തമായും പറയുന്നത് അല്ലാഹു അക്രമത്തെ ഇഷ്ടപ്പെടുന്നില്ല എന്നാണ്. ഒരാളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ലെങ്കിൽ അദ്ദേഹത്തെ അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്ന പ്രശ്നം തന്നെ ഉദ്ഭവിക്കുന്നില്ല. ഈ അക്രമത്തെ നേരിടുന്നതിന്റെ ഉന്നതമായ നിലവാരം എന്താണ്? സർവ്വശക്തനായ അല്ലാഹുവിൽ വിശ്വസിക്കാതെയും ഹൃദയത്തിൽ അവനെക്കുറിച്ച് ഭയമില്ലാതെയും ഈ ഉന്നത നിലവാരം സംജാതമാവുകയില്ല. അല്ലാഹു ഖുർആനിൽ പറയുന്നു. *'വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ! നിങ്ങൾ (എപ്പോഴും) നീതിപാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ് (5:9)* ഈ വചനം നമ്മോട് പറയുന്നത് നിങ്ങൾ ഒരു വിശ്വാസിയാണെങ്കിൽ അല്ലാഹുവിന്റെ ആജ്ഞപ്രകാരം പ്രവർത്തിക്കണം. നിങ്ങൾ ആജ്ഞകളിൽ അടിയുറച്ചവരും, ആത്മാർത്ഥതയുള്ളവരുമായിരിക്കണം.

നീതിയുടെ ഉപാധികൾ എന്തൊക്കെയാണ്? ഒന്നാമതായി നിങ്ങളുടെ പ്രവർത്തനങ്ങൾ ഇസ്ലാമികാദ്ധ്യാപനങ്ങൾക്കനുസൃതമായിരിക്കണം. മറ്റുള്ളവർക്ക് നിങ്ങൾ ഒരു മാതൃകയുമായിരിക്കണം. ഒരു ഭീകരവാദിക്ക് മറ്റുള്ളവർക്ക് മാതൃകയാകാൻ സാധിക്കുമോ? ഇക്കാലത്ത് അമുസ്ലിംകൾ മാത്രമല്ല, ഭൂരിപക്ഷം മുസ്ലിംകൾ ആത്മഹത്യാചാവേറുകളേയോ ഭീകരവാദികളേയോ ഇഷ്ടപ്പെടുന്നില്ല. സൽകർമ്മങ്ങളല്ലാതെ ദുഷ്ക്കർമ്മങ്ങൾ മറ്റുള്ളവരെ ഒരിക്കലും ആകർഷിക്കില്ല. മുസ്ലിംകളോട് മറ്റുള്ളവർക്ക് വേണ്ടി ചെയ്യാൻ പറഞ്ഞിട്ടുള്ള സൽക്കർമ്മങ്ങളിൽ ശത്രുവിനോട് ചെയ്യേണ്ടുന്ന സൽക്കർമ്മമാണെന്നാണ് ഈ വചനത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. ഇതിലേക്ക് നമ്മുടെ ശ്രദ്ധ തിരിയേണ്ടിയിരിക്കുന്നു. മദീനയിലേക്ക് മുസ്ലിംകൾ പലായനം ചെയ്യുന്നതിന് മുമ്പുള്ള അവസ്ഥ ഞാൻ വിശദീകരിക്കുകയുണ്ടായി. ഈ പരിപ്രേക്ഷ്യത്തിൽ നീതി സ്ഥാപിക്കണമെന്നുള്ള ഈ അദ്ധ്യാപനം ശ്രദ്ധിക്കുക. ഇവിടെ ഒരു യുദ്ധമുണ്ടെങ്കിൽ തീർച്ചയായും അത് നിയമാനുസൃതമായിരിക്കണം. ഉദാഹരണത്തിന് നിങ്ങൾ യുദ്ധത്തിനു തടവുകാരായി പിടിച്ചവരോട്. വളരെ ദയയോടുകൂടി പെരുമാറുക. ശത്രു ആയുധം വെച്ച് കീഴടങ്ങിയാൽ നീതിപൂർവ്വം അയാളോട് പെരുമാറുക. അതിനപ്പുറം പോകരുത്. ശത്രു കീഴടങ്ങിയാൽ ഉടൻ തന്നെ സമാധാനം സ്ഥാപിക്കൽ അനിവാര്യമാണ്. ശത്രുത ഉടനെ തന്നെ കൈവെടിയണം. ഈ ആധുനികയുഗത്തിൽ രണ്ടു കക്ഷികൾ തമ്മിലുള്ള യുദ്ധം അവസാനിപ്പിക്കാൻ വേണ്ടി നി ങ്ങൾ അവസാനനിമിഷം വരെ നിലക്കാത്ത ബോംബ് വർഷം തുടരുകയാണ് ചെയ്യുന്നത്. ശക്തനായ കക്ഷി എല്ലാ ഉപാധികളും പരാജിതനും ബലഹീനനുമായ എതിർകക്ഷിയെക്കൊണ്ട് അംഗീകരിപ്പിക്കുകയാണ് ചെയ്യാറ്. മുസ്ലിംകൾക്ക് മാർഗ്ഗദർശനം നൽകുന്ന അല്ലാഹു പ്രഖ്യാപിക്കുന്നു.

*"അവർ സമാധാനത്തിലേക്ക് ചായുന്നുവെങ്കിൽ നീയും അതിലേക്ക് ചായുക. അല്ലാഹുവിങ്കൽ ഭരമേൽപ്പിക്കുകയും ചെയ്യുക. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു. (8:62)*

ഈ വചനത്തിലെ നിർദ്ദേശമിതാണ്. അതായത് ശത്രു സമാധാനത്തിലേക്ക് തിരിയുകയാണെങ്കിൽ നിങ്ങളും സമാധാനത്തെക്കൊള്ളെ തിരിയണം. ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾ പറയുന്നത് അല്ലാഹുവിൽ വിശ്വാസമർപ്പിക്കാനാണ്. ശത്രു തന്റെ ശക്തി പുനഃസ്ഥാപിക്കാനാണ് ശ്രമിക്കുക. സദുദ്ദേശപരമായിട്ടായിരിക്കില്ല പെരുമാറുക. പക്ഷേ, നിങ്ങൾ സമാധാനത്തോടു പ്രതിബദ്ധരായിക്കൊണ്ട് അല്ലാഹുവിൽ വിശ്വാസമർപ്പിച്ച് യുദ്ധത്തിൽ നിന്നും ഉടനെ പിൻമാറുകയാണ് ചെയ്യേണ്ടത്. സൈനികതന്ത്രങ്ങളുടെ കീഴ്വഴക്കങ്ങൾ അനുവർത്തിക്കാൻ നിങ്ങൾ അനുവദിക്കപ്പെട്ടിട്ടില്ല. ഹുദൈബിയാ സന്ധിവേളയിൽ അനുചരന്മാരുടെ സമ്മർദ്ദമുണ്ടായിട്ടുപോലും റസൂൽ തിരുമേനിക്ക് (സ) മേൽകൈയില്ലാത്ത വിധം മക്കയിലെ അവിശ്വാസികളുടെ നിബന്ധനകളാണ് അവിടുന്ന് അംഗീകരിച്ചത്. മക്കയിൽ പ്രവേശിച്ചത് പോലും അവിശ്വാസികളുടെ കരാർ ലംഘനത്തിന്റെ ഫലമായിക്കൊണ്ടാണ്. മക്കയിൽ മുസ്ലിംകൾ വിജയികളായിരുന്നിട്ടും അവിശ്വാസികൾ ക്കെതിരെ അവർ ആയുധമെടുത്തില്ല. അവരെ സമാധാനപൂർവ്വം ജീവിക്കാനനുവദിക്കുകയാണുണ്ടായത്. കിരാതരായ ശത്രുക്കൾക്ക് പോലും മാപ്പ് നൽകപ്പെട്ടു. ഈ വസ്തുതകളൊന്നും തന്നെ മറഞ്ഞതല്ല. ഇതെല്ലാംതന്നെ ചരിത്രത്തിൽ സാക്ഷ്യപ്പെടുത്തിയതാണ്. കഷ്ടമെന്ന് പറയട്ടെ, ഇത്രയെല്ലാമായിട്ടും ചില പാശ്ചാത്യമാധ്യമങ്ങളും രാഷ്ട്രീയക്കാരും ഇസ്ലാമിനേയും ഖുർആനേയും റസൂൽ

തിരുമേനി(സ)യേയും അവരുടെ ക്രൂരമായ വിമർശനങ്ങൾക്ക് കുറിമാനമാക്കുകയാണ്. ഹോളണ്ടിലെ ഒരു പത്രം പ്രസിദ്ധീകരിച്ച കാർട്ടൂണും ഒരു പാർലമെന്റ് അംഗത്തിന്റെ പ്രസ്താവനയും ഖുർആനെയും റസൂൽ തിരുമേനിയേയും വികൃതമായി ചിത്രീകരിച്ചുകൊണ്ട് എടുത്ത ഒരു ചലച്ചിത്രവും ഖുർആനെയും റസൂൽ തിരുമേനി(സ)യേയും ലക്ഷ്യം വെച്ചുകൊണ്ടുള്ളതായിരുന്നു. എല്ലാ മതഗ്രന്ഥങ്ങളിലും പ്രതിപാദിക്കപ്പെട്ട പ്രവാചകന്മാരെല്ലാവരും തന്നെ സത്യപ്രവാചകന്മാരാണെന്നാണ് മുസ്‌ലിംകൾ കരുതുന്നത്. ഒരു മുസ്‌ലിമും വാഗ്ദത്ത മസീഹിൽ വിശ്വസിക്കുന്ന ഒരു അഹ്മദി മുസ്‌ലിമും മതപ്രവാചകന്മാർക്കെതിരെ ദുർഭാഷണം നടത്തില്ല. ഞങ്ങൾക്ക് ഖുർആൻ മുഖേന പഠിപ്പിക്കപ്പെട്ടിരിക്കുന്നത് എല്ലാ പ്രവാചകന്മാരും തുല്യരാണ് എന്നാണ്. അതിൽ കൂടുതലായി ദൈവം ഖുർആനിൽ പറയുന്നു. ഞാൻ എല്ലാ ജനതകളിലേക്കും പ്രവാചകന്മാരെ നിയമിച്ചിട്ടുണ്ട്. അതുകൊണ്ട് ഏതെങ്കിലും ഒരു ജനതയിലേക്ക് അയക്കപ്പെട്ട പ്രവാചകനാണ് താനെന്ന് ആരെങ്കിലും വാദിച്ചിട്ടുണ്ടെങ്കിൽ, അദ്ദേഹത്തെ യാതൊരു സംശയവും കൂടാതെ ഞങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നു. ആനുഷംഗികമായി പറയട്ടെ ഞങ്ങളെ സംബന്ധിച്ചേടത്തോളം ഈ അവസരത്തിൽ ലോകത്ത് സമാധാനം സ്ഥാപിക്കാനുള്ള ഒരേയൊരു വഴി ഇതാണ്. എല്ലാ മതവിഭാഗങ്ങളുടെയും വികാരവും ഭാവുകത്വവും മാനിക്കപ്പെടേണ്ടതുണ്ട്.

ഏത് അവസരത്തിലും ഏത് ഉപാധിയിലുമാണ് യുദ്ധം അനുവദിക്കപ്പെട്ടതെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു. പക്ഷേ, ചോദ്യം ഇതാണ്: അത്തരത്തിലുള്ള മതയുദ്ധങ്ങൾക്ക് ഇക്കാലത്ത് അനുമതി നൽകപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ പിന്നെ ജിഹാദിന്റെ അർത്ഥമെന്താണ്? അഹ്മദികളെ സംബന്ധിച്ചേടത്തോളം ജിഹാദിന്റെ അർത്ഥമെന്താണ്? കഴിഞ്ഞ ചില നൂറ്റാണ്ടുകളിൽ ലോകത്ത് നടന്ന യുദ്ധങ്ങൾ രാഷ്ട്രീയപരവും ഭൂമിശാസ്ത്രപരവുമാണ്. വളരെ ചുരുക്കം സന്ദർഭങ്ങളിൽ മതത്തിന്റെ പേരിലും അവ നടന്നിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിൽ സംഭവിച്ച രണ്ട് ലോകമഹായുദ്ധങ്ങളിൽ മുസ്‌ലിംകൾ യാതൊരു മുഖ്യ പങ്കും വഹിച്ചിട്ടില്ല. അത് തികച്ചും രാഷ്ട്രീയപരമായ കാരണങ്ങൾ കൊണ്ടാണ്. ഇസ്‌ലാം ഭീകരതയുടെ മതമാണെന്ന് ആരോപണമുയർത്തുന്നതിന് മുമ്പേ കഴിഞ്ഞ നൂറ്റാണ്ടിൽ നടന്ന യുദ്ധങ്ങളുടെ കാരണം പരിഗണിക്കണമെന്ന് നീതി ആവശ്യപ്പെടുന്നു.

ഈ അവസരത്തിൽ ജിഹാദിന് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ നൽകിയ വ്യാഖ്യാനവും എങ്ങനെ ഇക്കാലത്ത് ഒരാൾക്ക് ജിഹാദിൽ ഏർപ്പെടാമെന്നും വിവരിക്കാം. ഈ വികസിതലോകത്ത് എല്ലാവർക്കും അവരവരുടെ മതം വിശ്വസിക്കാനും, ആചരിക്കാനും, പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഞാൻ പ്രതിപാദിച്ചത്പോലെ മതയുദ്ധം ചെയ്യേണ്ടിവരുന്ന ഒരവസ്ഥ ഇന്ന് നിലവിലില്ല. പിന്നെയെന്തിനാണ് ഈ ജിഹാദ് വിളി? ഞങ്ങളുടെ മതസമൂഹം വിശ്വസിക്കുന്ന ഇക്കാലത്തെ ജിഹാദിനെപ്പറ്റി ഞാൻ വിശദീകരിക്കാം. ഇസ്‌ലാമിൽ കാണപ്പെടുന്ന ജിഹാദ് നിരുപാധികമുള്ള മതയുദ്ധമാണെന്ന വിമർശനത്തിന് ഒരു നൂറ്റാണ്ടു മുമ്പ് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ പറഞ്ഞ മറുപടി ജനങ്ങളെ ദൈവത്തിൽ വിശ്വസിക്കുന്നതിൽ നിന്നും തടയുകയും മതത്തിൽ പ്രവേശിക്കുന്നതിനെ വിലക്കുകയും ദൈവത്തിന്റെ ആജ്ഞകളനുസരിച്ച് ജീവിക്കുന്നതിൽനിന്ന് വിലക്കുകയും അവനെ ആരാധിക്കുന്നതിനെ തടയുകയും ചെയ്യുന്നവരോട് മാത്രമേ യുദ്ധം ചെയ്യാവൂ എന്നാണ്. അതായത് മുസ്‌ലിംകൾക്കെതിരെ ന്യായമായ യാതൊരു കാരണവും കൂടാ തെ യുദ്ധംചെയ്യുകയും വിശ്വസിച്ചവരെ അവരുടെ പ്രദേശത്ത് നിന്നും വീടുകളിൽ നിന്നും ആട്ടിയോടിക്കുകയും ജനങ്ങളെ മതത്തിലേക്ക് ചേരാൻ നിർബന്ധിക്കുകയും. ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുകയും, മുസ്‌ലിമാകാൻ ആളുകളെ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന അവസരത്തിലാണ് യുദ്ധം ചെയ്യാൻ അനുവദിക്കപ്പെട്ടത്. വാഗ്ദത്ത മസീഹ് പറയുകയുണ്ടായി: *'വസ്തുത യെന്താണെന്നുവെച്ചാൽ സർക്കാർ (ബ്രിട്ടീഷ് സർക്കാർ) ഇസ്‌ലാം മതത്തിലും ആചാരങ്ങളിലും കൈകടത്താതിരിക്കുകയും അവരുടെ മതം പ്രബോധിക്കാൻ വാളെടുക്കാതിരിക്കുകയും ചെയ്യുന്നുവെന്നിരിക്കെ അത്തരം ഒരു ഭരണകൂടവുമായി യുദ്ധം ചെയ്യുക എന്നത് നിയമവിരുദ്ധമാണ്. കാരണം അവർ ഒരു മതവുമായി യുദ്ധത്തിലേർപ്പെടുന്നില്ല എന്നത് തന്നെ!*

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ ഇത്രകൂടി പറയുകയുണ്ടായി. 'നീതിമാനായ ഒരു ഭരണകർത്താവിന്നെതിരെ ചില കുടിലമനസ്കരായ മുസ്‌ലിംകൾ രക്തരൂക്ഷിതമായ ജിഹാദിനെക്കുറിച്ച് സംസാരിക്കുന്നു. അത് ജിഹാദല്ല വാസ്തവത്തിൽ കലാപമാണെന്ന് അവർ അറിയുന്നില്ല. മാത്രമല്ല, ഒരാൾ സമാധാനത്തിന് പകരമായി യുദ്ധം ചെയ്യുകയോ ആരെങ്കിലുമൊരാൾ നിരപരാധിയെ ശി

ക്ഷിക്കുകയോ ചെയ്താൽ അയാൾ ക്രൂരനായ ഭീകരനാണ്. വിജിഗീഷുവായ ജേതാവല്ല. ഇതാണ് ഇക്കാലത്ത് മുഹമ്മദ് നബി(സ)യുടെ മസീഹ് ഞങ്ങൾക്ക് പഠിപ്പിച്ചുതന്ന ഇസ്‌ലാമിനെക്കുറിച്ചുള്ള യഥാർത്ഥ അദ്ധ്യാപനം. അദ്ദേഹം സമാധാനത്തിനുവേണ്ടിയുള്ള ശക്തമായ ഒരടിത്തറ പണിയുകയും സ്നേഹത്തിന്റെ അന്തരീക്ഷത്തിൽ ലോകത്തെ സമ്പുഷ്ടമാക്കുകയും ചെയ്തു. ആത്മഹത്യാപരമായ ബോംബാക്രമണം ഒരു സേനയിലെ പട്ടാളക്കാരെ അക്രമിക്കാനുള്ളതാണ്. പക്ഷേ, അത്തരം ആക്രമണങ്ങളിലൂടെ നിരപരാധികളാണ് കൊല്ലപ്പെടുന്നത്. ഇത് തികച്ചും തെറ്റാണ്. പട്ടാളത്തിന്റെ ഭാഗമല്ലാത്ത സിവിലിയൻ പൗരന്മാരോടു ചെയ്യുന്ന ഭീകരപ്രവർത്തനങ്ങൾ ജിഹാദ് അല്ല. അത് അക്രമണമാണ്. ഞാൻ ഉന്നയിച്ചപ്രശ്നം ജിഹാദിന്റെ ഇക്കാലത്തെ പ്രാധാന്യത്തെ സംബന്ധിച്ചും അതിന്റെ പ്രതികരണങ്ങളെക്കുറിച്ചുമായിരുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഏർപ്പെട്ട ജിഹാദ് സ്വയം തന്നെയുള്ള ആത്മപരിഷ്ക്കരണമാണ്. ഇതൊരിക്കലും നൂതനമായ ആശയമല്ല. ഇത് ആയിരത്തിനാന്നൂറ് വർഷങ്ങൾക്ക് മുമ്പ് ഇസ്‌ലാമിന്റെ വിശുദ്ധ സ്ഥാപകർ പറഞ്ഞ ആശയമാണ്. ഒരു യുദ്ധം കഴിഞ്ഞു സാധാരണ ജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ അദ്ദേഹം പറയുകയുണ്ടായി. നാം ഇപ്പോൾ ചെറിയ ജിഹാദ് കഴിഞ്ഞു വലിയ ജിഹാദിലേക്ക് പ്രവേശിക്കുകയാണ്. വലിയ ജിഹാദ് ആകട്ടെ, ഒരാളുടെ ആത്മസംസ്കരണമാണ് അതൊരിക്കലും നിലക്കുന്നില്ല. യഥാർത്ഥത്തിലുള്ള ജിഹാദ് തിന്മകളെ ആത്മാവിൽ നിന്നും നീക്കിക്കളയലാണ്. ഇത് താരതമ്യേന സമാധാനകാലത്തും ശാന്തിയിലുമാണ് നടത്താൻ സാധിക്കുക. മനുഷ്യവംശത്തെ സേവിക്കുക എന്നത് യഥാർത്ഥത്തിലുള്ള ജിഹാദാണ്. നമ്മുടെ പ്രസ്ഥാനത്തിന്റെ 120 വർഷത്തെ ചരിത്രം ഇതിനുള്ള സാക്ഷ്യമാണ്. ഞങ്ങൾ ഏർപ്പെട്ടിരിക്കുന്നത് ഈ ജിഹാദിലാണ്. ഞങ്ങൾ സ്കൂളുകൾ പണിതും ആശുപത്രികൾ സ്ഥാപിച്ചും, ആഫ്രിക്കയിലും ഏഷ്യയിലുമുള്ള ദരിദ്രരാജ്യങ്ങളിലെ ജലദൗർലഭ്യമനുഭവിക്കുന്ന സ്ഥലങ്ങളിൽ കിണറുകൾ കുഴിച്ചും സേവനം നടത്തുകയാണ്. ഇങ്ങനെയാണ് ഞങ്ങൾ മനുഷ്യസമൂഹത്തെ സൃഷ്ടാവുമായി അടുപ്പിക്കുന്നത്. പ്രകൃതിദുരന്തങ്ങളിൽപ്പെട്ട് വലയുന്നവരെ ഞങ്ങൾ സഹായിക്കുന്നു. ഞങ്ങൾക്ക് ഇക്കാര്യത്തിൽ മാർഗ്ഗദർശനം തന്നത് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകരാണ്. അദ്ദേഹം പറയുന്നു:

എന്നെ വാഗ്ദത്ത മസീഹായി സ്വീകരിച്ചിരിക്കുന്ന എന്റെ ജമാഅത്തിൽപ്പെട്ട ആളുകളോട് ഞാൻ പ്രത്യേക്കമായി പറയാനാഗ്രഹിക്കുന്നു. അവർ സദാസമയവും തിന്മകൾ പ്രവർത്തിക്കുന്നതിൽ നിന്നും വിമുഖരായിരിക്കേണ്ടതാണ്. ദൈവം എന്നെ വാഗ്ദത്ത മസീഹ് ആയി അയക്കുകയും മറിയമിന്റെ മകന്റെ തിരുവസ്ത്രങ്ങൾ അണിയിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ഞാൻ നിങ്ങളോട് താക്കീത് ചെയ്യുന്നു. എല്ലാ തിന്മകളേയും വർജ്ജിച്ചുകൊണ്ട് മനുഷ്യവംശത്തിനോട് അനുകമ്പ കാണിക്കുന്നവരായിരിക്കുക. എല്ലാ ദുഷിപ്പുകളിൽ നിന്നും നിങ്ങളുടെ ഹൃദയത്തെ നിർമ്മലമാക്കി നിർത്തുക. ഈ ശീലത്തിലൂടെ നിങ്ങൾ മാലാഖമാർ ആയിത്തീരും. സ്വാർത്ഥപരമായ ആവശ്യങ്ങൾക്ക് വേണ്ടി പക കൈക്കൊണ്ട് മലീമസമാവുകയും മനുഷ്യസമൂഹത്തോട് അനുകമ്പാഹീനമായി പെരുമാറുകയും ചെയ്യുന്ന മതം ദുഷിച്ചതും അവിശുദ്ധവുമാണ്. ദൈവത്തിന് വേണ്ടി എല്ലാവരോടും അനുകമ്പാർദ്രമാവുക. അത് കാരണം നിങ്ങളോടു ആകാശത്ത് നിന്ന് അനുകമ്പ കാണിക്കപ്പെടും. വരുക, ഞാൻ നിങ്ങൾക്ക് ഒരു മാർഗ്ഗത്തെപറ്റി പഠിപ്പിക്കാം. അത് മറ്റെല്ലാ വെളിച്ചത്തെക്കാളും നിങ്ങളുടെ വെളിച്ചത്തെ പ്രോജ്വലമാക്കുന്നതാണ്. താഴ്ന്ന വിദ്വേഷങ്ങളും അസൂയയും ഉപേക്ഷിക്കുക. മനുഷ്യവംശത്തോട് അതിരറ്റ ദയാവായ്പ്പോടുകൂടി പെരുമാറുകയും നിങ്ങളെ സ്വയം ദൈവത്തിൽ നഷ്ടപ്പെടുത്തുകയും ചെയ്യുക. ഞാൻ നിങ്ങൾക്ക് ഒരു പുതിയ ജീവിതക്രമം തരുവാൻ വന്നിരിക്കുകയാണ്. ഈ സമയം മുതൽ വാളുകൊണ്ടുള്ള ജിഹാദ് നിർത്തൽ ചെയ്യപ്പെട്ടിരിക്കുന്നു. നിങ്ങളുടെ ആത്മാവിനെ ശുദ്ധീകരിക്കുന്ന ജിഹാദ് തുടരേണ്ടിയിരിക്കുന്നു. ഞാൻ ഇത് സ്വന്തമായി പറയുകയല്ല. തീർച്ചയായും ഇത് ദൈവത്തിന്റെ ഇച്ഛയാണ്. റസൂൽ തിരുമേനി(സ) പറഞ്ഞിരിക്കുന്നു. 'മസീഹ് വന്നാൽ മതയുദ്ധങ്ങൾ നിർത്തൽ ചെയ്യുമെന്ന്' എന്റെ അണികളിലേക്ക് വന്നവരോട് ഞാൻ ആജ്ഞാപിക്കുന്നു. ഹൃദയങ്ങൾ വിമലമാക്കാനായി നിങ്ങൾ അത്തരത്തിലുള്ള ദുഷ്ചിന്തകളിൽ നിന്ന് വിട്ടുനിൽക്കണം. നിങ്ങൾ അനുകമ്പാഭാവം വളർത്തിയെടുത്ത് കഷ്ടപ്പെടുന്നവരോട് ആർദ്രത കാണിക്കണം. അവർ ഭൂമിയിൽ സമാധാനം പരത്തുന്നു. അവരുടെ വിശ്വാസത്താൽ അവർക്കത് തിരിച്ചു ലഭിക്കുകയും ചെയ്യുന്നു. (ബ്രിട്ടീഷ് ഭരണകൂടവും ജിഹാദും)

അതുകൊണ്ട് അത്തരത്തിലുള്ള ഒരു ജിഹാദിൽ നാം തടസ്സം കൂടാതെ പങ്കെടുക്കുന്നെങ്കിൽ അത്

*(ശേഷം 18-ൽ)*

ലേഖനം

മുഹമ്മദ് ഉമർ

# ഖലീഫ : ഹൃദയസാമ്രാജ്യത്തിലെ അധീശാധികാരി

**ഖലീഫ ചെങ്കോലേന്തിയ ഭരണാധികാരിയാണെന്ന ഭാവന മുസ്‌ലിം ഭൂരിപക്ഷത്തിന്റെ ആത്മീയദാരിദ്ര്യത്തെ സൂചിപ്പിക്കുന്നു. വിശ്വാസിസമൂഹത്തിന്റെ ഹൃദയസാമ്രാജ്യത്തിൽ അധീശാധികാരിയായി വാഴുന്ന ആത്മീയ ഭരണാധികാരിയാണ് ഖലീഫ. ലൗകിക ഭരണാധികാരിയേക്കാൾ ശക്തമായ ഖിലാഫത്ത് വ്യവസ്ഥയെക്കുറിച്ച് മുസ്‌ലിം ലോകം ഇനിയും അറിഞ്ഞിട്ടില്ല.**

***അഹ്മദിയ്യാ ജമാഅത്തിന്റെ ഇന്ത്യയിലെ ഇസ്‌ലാഹ് വ ഇർശാദ് വകുപ്പ് മേധാവിയാണ് ലേഖകൻ.***

ഖിലാഫത്തിന്റെ പുനഃസ്ഥാപന ചിന്തകളാൽ കലുഷിതമാണ് മുസ്‌ലിം ലോകം. ചെങ്കോലുമായി സിംഹാസനത്തിൽ ആസനസ്ഥനായി ലോകഭരണം നടത്തുന്ന ഖലീഫയാണ് ഭൂരിപക്ഷ മുസ്‌ലിം ലോകത്തിന്റെ ഭാവനയിലുള്ള ഖലീഫ. ഭൗതികതയുടെ വർണ്ണങ്ങൾ കൊണ്ട് മെനഞ്ഞെടുത്ത ഇത്തരമൊരു ഖലീഫയെ സ്വപ്നം കണ്ടാണ് മുസ്‌ലിം ലോകം കഴിഞ്ഞുകൂടുന്നത്. ഖലീഫയെ സംബന്ധിച്ച് ഭൗതിക ഭരണാധികാരിക്ക് ചേർന്ന ലൗകികഭാവന മുഖ്യധാരാ മുസ്‌ലിം ലോകത്തിന്റെ ആത്മീയദാരിദ്ര്യത്തെ ചൂണ്ടിക്കാട്ടുന്നു. ഇസ്രയേലികൾക്ക് ഈസാ നബി(അ) മസീഹായി അവതരിച്ചപ്പോഴുള്ള യഹൂദരുടെ മാനസിക നിലയുമായി ഇതിനെ താരതമ്യം ചെയ്യാം. യഹൂദർക്ക് നഷ്ടപ്പെട്ട അധികാരവും ചെങ്കോലും തിരിച്ചു ലഭിക്കാൻ ലൗകിക ഭരണാധികാരമുള്ള ഒരു മസീഹിനെ പ്രതീക്ഷിച്ചു കഴിയുമ്പോഴാണ് നിസ്വതയുടെ തിരുവസ്ത്രങ്ങളണിഞ്ഞ് ദൈവരാജ്യത്തെക്കുറിച്ചും, മാനസാന്തരത്തെക്കുറിച്ചും പ്രബോധിപ്പിച്ചുകൊണ്ട് ദൈവത്തിൽ നിന്ന് ഈസാമസീഹ് (അ) അവതരിച്ചത്. അദ്ദേഹത്തെ അവർ നിഷ്കരുണം നിരസിക്കുകയാണുണ്ടായത്. മുസ്‌ലിംകൾ, തങ്ങൾക്ക് വേണ്ടി അല്ലാഹു അയച്ച മസീഹിനോടും അദ്ദേഹത്തിന്റെ ഖലീഫമാരോടും അനുവർത്തിക്കുന്ന സമീപനവും ഇതിൽ നിന്നും വിഭിന്നമല്ല.

വാസ്തവത്തിൽ നുബൂവ്വത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന, മുസ്‌ലിംകൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട ഖിലാഫത്ത് ദൈവകല്പിതമായ തികച്ചും ഒരാത്മീയ സംവിധാനമാണ്. എന്നാൽ ആ ഖിലാഫത്തിന്റെ ആത്മീയ പ്രഭാവത്തിന് സമൂഹത്തിലെ എല്ലാ സ്ഥാപനങ്ങളേയും സ്വാധീനിക്കാൻ കഴിയുന്നു.

ആ സംവിധാനത്തെ ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്ത് - നുബുവ്വത്തിന്റെ വഴിയിലുള്ള ഖിലാഫത്ത് - എന്നാണ് ഹദ്റത്ത് റസൂൽ കരീം (സ) വിശേഷിപ്പിച്ചിരിക്കുന്നത്. ഹദ്റത്ത് നബി കരീം(സ)മിന്നുശേഷം ഖിലാഫത്തുൻ അലാമിൻ ഹാജിന്നുബുവ്വത്ത് ഉണ്ടാകുമെന്നും അതിന്നുശേഷം കാഠിന്യമേറിയ ഭരണകൂടങ്ങളും ബലാൽക്കാരമായ ഭരണകൂടങ്ങളും വരുമെന്നും പിന്നീടു വീണ്ടും ഖിലാഫത്ത് അലാ മിൻഹാജിനുബുവ്വത്ത് വരുന്നതാണെന്നും പ്രവചിച്ചിരിക്കുന്നു. ആ പുണ്യാത്മാവ് (സ) ഇവിടെ ഭരണകൂടങ്ങളെ ഖിലാഫത്തുമായി ബന്ധിപ്പിച്ചല്ല പ്രതിപാദിച്ചിരിക്കുന്നത്. ഇതിൽ നിന്നും ഖിലാഫത്തും ഭൗതികഭരണകൂടവും വ്യത്യസ്ത സംവിധാനങ്ങളാണെന്ന് മനസ്സിലാക്കാവുന്നതാണ്.

ഈ പ്രവചനമനുസരിച്ച് ഉമ്മത്തിനബിയായ ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ വിയോഗാനന്തരം രൂപീകൃതമായതാണ് ഖിലാഫത്ത് അലാ മിൻഹാജിന്നുബുവ്വത്തിന്റെ അടിസ്ഥാനത്തിലുള്ള അഹ്മദിയ്യാ ഖിലാഫത്ത്.

അഹ്മദിയ്യാ ഖിലാഫത്തിന്നു ലോകത്തെവിടെയാണ് ഭരണകൂടമുള്ളതെന്നും ഖാദിയാനികൾ എവിടെ ആർക്കിടയിലാണ് ഭരണം നടത്തുന്നതെന്നും ഒരാൾ പത്രദ്വാരാ ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി.

എന്നാൽ ഖിലാഫത്ത് ഭൗതികമായ ഭരണകൂടത്തിന്റെ പരിമിതമായ ചട്ടക്കൂട്ടിൽ ഒതുങ്ങിനിൽക്കുന്ന സംവിധാനമല്ല എന്നോർക്കണം. ഖിലാഫത്തുകൊണ്ടുള്ള ഉദ്ദേശ്യം ഭൗതികമായ ഭരണകൂടമല്ല. അതിന്റെ ആധിപത്യം ആത്മീയമാണ്. സത്യവിശ്വാസികളുടെ ആത്മാക്കളിലും ഹൃദയങ്ങളിലുമാണ് അതിന്റെ ആധിപത്യം നിലകൊള്ളുന്നത്. ഇന്നുലോകത്ത് 190 രാഷ്ട്രങ്ങളിലായി വ്യാപിച്ചിരിക്കുന്ന 20 കോടി അഹ്മദികളുടെ ഹൃദയങ്ങളിലാണ് ഖിലാഫത്തിന്റെ ആധിപത്യമുള്ളത്. ഖലീഫത്തുൽ മസീഹ് തന്റെ അനുയായികളോടു ചെയ്യുന്ന ഓരോ ആഹ്വാനത്തിന്നും ലബ്ബൈക്ക് യാ അമീറുൽ മുഅ്മിനീൻ എന്നു പറഞ്ഞുകൊണ്ട് ഓരോ അഹ്മദിയും തന്റെ ജീവനെയും ധനത്തെയും ശരീരത്തെയും സമയത്തെയും അന്തസ്സിനെയും ത്യാഗം ചെയ്യുവാൻ സദാ സന്നദ്ധനായിരിക്കുന്നു. ഓരോ അഹ്മദിയുടെയും അടക്കവും അനക്കവും ഖലീഫയുടെ കല്പനക്കനുസൃതമാണ്. ഖലീഫത്തുൽ മസീഹിന്നു അല്പമെങ്കിലും അസുഖമുണ്ടായി എന്നു കേൾക്കുന്ന മാത്രയിൽ ലോകത്തെങ്ങുമുള്ള കോടിക്കണക്കിന് അഹ്മദികൾ വ്യാകുലചിത്തരായി നഫൽ നോമ്പനുഷ്ഠിച്ചും രാത്രിയുടെ ഏകാന്തതയിൽ ദുആ ചെയ്തും ദാനധർമ്മങ്ങൾ നടത്തിയും തങ്ങളുടെ എല്ലാം എല്ലാം ആയ ആത്മീയ നേതാവിന്റെ പൂർണ്ണ സുഖത്തിന്നും ദീർഘായുസ്സിന്നുമായി അല്ലാഹുവിന്റെ തിരുസന്നിധിയിൽ കണ്ണീർവാർത്തു പ്രാർത്ഥിക്കുന്നു. അങ്ങനെ അദ്ദേഹം സുഖം പ്രാപിക്കുന്നു. ഈയൊരു ആത്മീയമായ ബന്ധവും ആദരവും സ്നേഹവും ഏതൊരു ഭൗതിക നേതാവിന്നും ഭരണകർത്താവിന്നുമാണ് ലഭിക്കുന്നത്?

ഇതേപ്രകാരം തന്നെയാണ് ഖലീഫക്ക് തന്റെ അനുയായികളോടുള്ള സ്നേഹവും ആത്മാർത്ഥതയും. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അരുൾ ചെയ്യുന്നു. “നി ങ്ങൾക്കായി ഒരു വ്യക്തി നിങ്ങളുടെ വേദന സ്വയം വഹിക്കുന്നു. നിങ്ങ ളെ ഹൃദയാത്മനാ സ്നേഹിക്കുന്ന നിങ്ങളുടെ ദുഃഖത്തെ സ്വന്തം ദുഃഖമായി കരുതുന്ന, നിങ്ങളുടെ പ്രയാസത്തെ തന്റെ പ്രയാസമായി കരുതുന്ന, നിങ്ങൾക്കായി എപ്പോഴും അല്ലാഹുവിന്റെ തിരുസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന നി ങ്ങൾക്കായി വേദനിക്കുകയും ദുഃ ഖിക്കുകയും ചെയ്യുന്ന ഒരു വ്യക്തി തന്റെ യജമാനന്റെ തിരുമുമ്പിൽ തുടിച്ചുകൊണ്ടിരിക്കുകയാണ്. (ബറക്കാത്തെ ഖിലാഫത്ത്)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് അരുൾ ചെയ്യുന്നു:

“സഹോദരന്മാർ ലൗകികമായി ഓരോരുത്തരും അനുഭവിക്കുന്ന അരിഷ്ടതകളും ദുഃഖങ്ങളും എല്ലാം തന്നെ തന്റെ നെഞ്ചകത്ത് കൂട്ടായി ഞാൻ അനുഭവിക്കുകയാണ്. ഒരു മിനിട്ടു കൂടി ഉറങ്ങാതെ മുഴുവൻ രാത്രിയിലും ഞാൻ സഹോദരങ്ങൾക്കായി ദുആ ചെയ്തുകൊണ്ടിരുന്ന ദിനങ്ങളും എനിക്കുണ്ടായിട്ടുണ്ട് (ദുആയേൻ പേജ് 97)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് പറയുന്നു. നിങ്ങളിലാർക്കെങ്കിലും വല്ല കഷ്ടപ്പാടും വരികയാണെന്നറിയുകയാണെങ്കിൽ എനിക്കത്കൊണ്ടു എത്രമാത്രം വിഷമമുണ്ടാകുന്നുവെന്ന് നിങ്ങൾ അറിയുന്നില്ല. ഖിലാഫത്തിന്റെ യാഥാർത്ഥ്യം ഇതിലടങ്ങിയിരിക്കുന്നു. ഒരു ഖലീഫയുടെ ഹൃദയത്തിൽ മുഴു ജമാഅത്തിന്റെ ഹൃദയങ്ങളും തുടിച്ചുകൊണ്ടിരിക്കുന്നു. മുഴുവൻ ജമാഅത്തിന്റെ ബു ദ്ധിമുട്ടുകളും അദ്ദേഹത്തിന്റെ ഹൃദയത്തിൽ ചെന്നടിയുന്നു. അതേപ്രകാരം എല്ലാ ജമാഅത്തുകളുടെ സന്തോഷവും അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒന്നായിച്ചേരുന്നു.

(മൾഅലെരാഹ് വാല്യം 3 പേജ് 687)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അരുൾ ചെയ്യുന്നു. ജനങ്ങളുടെ ഹൃദയങ്ങളിൽ അല്ലാഹുവാണ് സ്നേഹം സംജാതമാക്കിയിരിക്കുന്നത്. ഒരു മനുഷ്യനെക്കൊണ്ടും സ്നേഹം ഉണ്ടാക്കുവാൻ സാധിക്കുന്നതല്ല. ഏതൊന്നിനെ അല്ലാഹു സൃഷ്ടിക്കുന്നുവോ അതിനെ മനുഷ്യപ്രയത്നങ്ങളാൽ എങ്ങനെയാണുണ്ടാക്കുവാൻ സാധിക്കുക? അതിന്നായി മനുഷ്യൻ എത്ര തന്നെ ബലപ്രയോഗം നടത്തിയാലും ശരി. സ്ത്രീകളെയും കുട്ടികളെയും വയോധികരെയും കണ്ണീർവാർത്തുകൊണ്ടു ദുആ ചെയ്യുന്നതായി എനിക്ക് കാണുവാൻ സാധിച്ചിട്ടുണ്ട്. ഇത് ഖിലാഫത്തിനെക്കുറിച്ചുള്ള അവരുടെ ഹൃദയങ്ങളിൽ കുടികൊള്ളുന്ന സ്നേഹത്തിന്റെ ബഹിർപ്രകടനമാണ്.

(ഖുത്തുബ 21-5-2004)

ഖിലാഫത്തിന്നു ജമാഅത്തുമായും ജമാഅത്തിന്നു ഖിലാഫത്തുമായുള്ള ഈ ആത്മീയബന്ധം ഒരു ഭരണാധിപനും ഭരണീയനും സ്വപ്നം കാണുവാൻ കൂടി സാധിക്കാത്തതാണ്.

ചുരുക്കത്തിൽ ഖിലാഫത്തിന്റെ ആധിപത്യം സത്യവിശ്വാസിക

ളുടെ ഹൃദയങ്ങളിലാണ് കുടികൊള്ളുന്നത് ഈ ആത്മീയാധിപത്യം ഇന്ന് അഹ്മദിയ്യാ ഖിലാഫത്തിൽ മാത്രമെ കാണുവാൻ സാധിക്കുകയുള്ളൂ.

ഖിലാഫത്തിന്റെ മറ്റൊരനുഗ്രഹമായി വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നത്, സത്യവിശ്വാസികളുടെ ജമാഅത്തിന്ന് ഭയാശങ്കകൾ വരുമ്പോഴൊക്കെ ഖിലാഫത്തിന്റെ ബർക്കത്തുകൊണ്ടു അവ സമാധാനവും ശാന്തിയുമായി മാറുന്നു എന്നതാണ്. ഇതിന്നായി ഖലീഫക്ക് വാളും കുന്തവും പീരങ്കിയും ഉപയോഗിക്കേണ്ടി വരുന്നില്ല. ഇത്തരം അവസ്ഥ വരുമ്പോഴെല്ലാം ഖലീഫയും ജമാഅത്തും അല്ലാഹുവിന്റെ തിരുസന്നിധിയിൽ പ്രാർത്ഥനാനിരതരായിത്തീരുന്നു. അതിന്റെ ഫലമായി ആ ഭയാശങ്കകൾ മാറി ശാന്തിയും സമാധാനവും സംജാതമാകുന്നു. അഹ്മദിയ്യാ ഖിലാഫത്തിന്റെ കഴിഞ്ഞ നൂറുവർഷക്കാല ചരിത്രം ഇതിന്നു സാക്ഷ്യം വഹിക്കുന്നു.

ഭരണകൂടങ്ങൾക്കു ഭയാശങ്കകൾ വരുമ്പോൾ അവർ തങ്ങളുടെ എതിരാളികൾക്കെതിരിൽ തോക്കും പീരങ്കിയും ഏന്തിയും ബോംബുകൾ വർഷിച്ചും യുദ്ധത്തിലേർപ്പെടുന്നു. എന്നിട്ടും അവർക്ക് ശാന്തിയും സമാധാനവും കൈവരിക്കുവാൻ സാധിക്കുന്നില്ല. ഇറാൻ, ഇറാക്ക്, കുവൈത്ത്, അഫ്ഗാനിസ്ഥൻ എന്നീ മുസ്‌ലിം നാടുകളിൽ നടന്ന യുദ്ധങ്ങളും അവയുടെ പര്യവസാനവും നമ്മുടെ മുമ്പാകെയുണ്ട്.

എന്നാൽ, അഹ്മദിയ്യാ ജമാഅത്തിനെ നശിപ്പിച്ച് നാമാവശേഷമാക്കുവാൻ കൂട്ടായും അല്ലാതെയും പ്രവർത്തിച്ച ഭരണകൂടങ്ങളും ഭരണകർത്താക്കളും ഛിന്നഭിന്നമായി ധൂളീകരിക്കപ്പെട്ട് നശിച്ചൊടുങ്ങിയ കാഴ്ചയാണ് നമുക്കു കാണുവാൻ സാധിച്ചത്. ഇതിന്നായി ജമാഅത്തിന്ന് ഭൗതികമായ ഒരായുധവും പ്രയോഗിക്കേണ്ടി വന്നിട്ടില്ല. ഖലീഫ തിരുമനസ്സിന്റെയും ജമാഅത്തിന്റെയും രാത്രിയുടെ അന്ധകാരങ്ങളിൽ അകമഴിഞ്ഞു ഉള്ളുരുകി ചെയ്ത പ്രാർത്ഥനകളുടെ ഫലമായുണ്ടായ മഹത്തായ പരിവർത്തനവും അത്ഭുതകരമായ പ്രതിഭാസവുമാണിത്. അങ്ങനെ ഖിലാഫത്തിന്റെ അനുഗ്രഹം കൊണ്ട് എല്ലാ ഭയാശങ്കകളെയും അതിജീവിച്ചു കൊണ്ടു ശാന്തിയും സമാധാവും കൈവരിക്കുവാൻ ജമാഅത്തിന്നു സാധിച്ചുവരുന്നു. ഒരു ഭൗതിക ഭരണകൂടത്തിന്നും കൈവരിക്കാൻ സാധിക്കാത്ത നേട്ടമാണിത്.

ഖിലാഫത്തിന്റെ മറ്റൊരു മഹത്തായ അനുഗ്രഹമായി അല്ലാഹു വിവരിക്കുന്നത് അല്ലാഹു തൃപ്തിപ്പെട്ട മതമായ ഇസ്‌ലാമിന്ന് പ്രൗഢിയും പ്രാബല്യവും അതുകൊണ്ടുണ്ടാകുമെന്നാണ്.

ഈ കഴിഞ്ഞ നുറുവർഷക്കാലത്ത് അഹ്മദിയ്യാ ഖിലാഫത്ത് മുഖേന ആഗോളാടിസ്ഥാനത്തിലുണ്ടായ പ്രവർത്തനങ്ങൾ ഇവിടെ വിലയിരുത്തുക പ്രയാസകരമാണ്. അതിന്നു ബൃഹത്തായ ഒരു ഗ്രന്ഥം തന്നെ ആവശ്യമാണ്.

ഒരു സൂചനയെന്നോണം അഞ്ചാമത്തെ ഖിലാഫത്ത് രൂപീകൃതമായ 2003 മുതൽ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങളെക്കുറിച്ചു അല്പം ഇവിടെ പ്രതിപാദിക്കാം.

## ഭൂമിയുടെ അറ്റങ്ങളോളം തബ്ലീഗ്

"മൈ തേരീ തബ്ലീഗ് കോ സമീൻ കേ കിനാരോൻതക്ക് പഹുഞ്ചാവൂംഗാ" ഞാൻ നിന്റെ തബ്ലീഗ് ഭൂമിയുടെ അറ്റങ്ങൾ വരെ എത്തിക്കുന്നതാണ് എന്ന വാഗ്ദത്ത മഹ്ദീ മസീഹിനോടുള്ള അല്ലാഹുവിന്റെ സുവിശേഷ വാഗ്ദാനം വിവിധതലങ്ങളിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നതായി നാം കാണുന്നു. അതിന്റെ ഒരു പ്രഭാവം 2005 ഡിസംബർ 16-ാം തിയതി ഖാദിയാനിലെ മസ്ജിദു അഖ്സയിൽ അത്ഭുതകരമാംവിധം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ ഖുത്തുബാ പ്രഭാഷണത്തോടെ പ്രകടമായി. ആ പ്രഭാഷണം ഉപഗ്രഹം വഴി എം.ടി.എ.യിൽക്കൂടി ലോകത്തിന്റെ അറ്റങ്ങളോളം എത്തിച്ചേർന്നു. ഇതിന്നുശേഷം ഖാദിയാനിൽവെച്ചുതന്നെ അദ്ദേഹം ചെയ്ത അഞ്ചു പ്രഭാഷണങ്ങളും ഈദുൽ അദ്ഹ (വലിയ പെരുന്നാൾ) ഖുതുബയും എം.ടി.എ. മുഖേന ലോകത്തെങ്ങും എത്തിച്ചേർന്നു.

ഇതിന്റെ മൂന്നുമാസങ്ങൾക്കു ശേഷം 2006 ഏപ്രിൽ 28-ാം തിയ്യതി ഭൂമിയുടെ അറ്റമെന്നു പറയപ്പെടുന്ന ഫിജിയിൽ വെച്ചു ചെയ്ത ഖുത്തുബാ പ്രഭാഷണവും ലോകത്തിന്റെ ഇതര കോണുകളിലെല്ലാം എത്തുകയുണ്ടായി. ഇതിന്നുശേഷം 2007 ഡിസമ്പറിൽ ഖാദിയാനിൽ വെച്ചു നടന്ന വാർഷികസമ്മേളനത്തിലെ പ്രഭാഷണങ്ങളും എം.ടി.എ. മുഖേന ആഗോളതലത്തിൽ എത്തുകയുണ്ടായി. ഇത് അഞ്ചാം ഖിലാഫത്തെ അഹ്മദിയ്യായുടെ മഹത്തായ നേട്ടങ്ങളിലൊന്നാണ്.

ചുരുക്കത്തിൽ അഹ്മദികളുടെ ആത്മീയവും ധാർമ്മികവുമായ പുരോഗതിക്കും ശിക്ഷണത്തിന്നുമായി ഖിലാഫത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഒരാത്മീയസംവിധാനമാണ് എം.ടി.എ.

## എം.ടി.എ.യുടെ പുതിയ ചാനലുകൾ

എം.ടി.എ. മുഖേന ഉപഗ്രഹ ദ്വാരാ ഉണ്ടായിട്ടുള്ള അതിമഹ

ത്തായ നേട്ടങ്ങളിൽ ഒന്നു അതിന്റെ പുതിയ ചാനലുകളുടെ സ്ഥാപന മാണ്.

1. 2003 ജൂൺ 23 മുതൽ എം.ടി.എ.യുടെ പുതിയ ചാനലിന്റെ സംപ്രേഷണം എം.ടി.എ. 3 എന്ന പേരിൽ ആരംഭിച്ചു.

2. 2004 ഏപ്രിൽ മുതൽ എം.ടി.എ.-2 എന്ന പേരിൽ മൂന്നാമ തൊരു ചാനൽ ആരംഭിച്ചു.

3. 2006 മാർച്ച് 23 മുതൽ എം.ടി.എ.യുടെ ഓട്ടോമെയ്ഡ് ബ്രോഡ്കാസ്റ്റിങ്ങ് സിസ്റ്റം ഉൽഘാടനം ചെയ്യപ്പെട്ടു.

4. 2006 ജൂലായ് 10-ാംതിയ്യതി ഇന്റർനെറ്റിൽ കൂടി എം.ടി.എ.യുടെ സംപ്രേഷണം ആരംഭിച്ചു.

5. 2007 മാർച്ച് 23ന് എം.ടി.എ. അൽ അറേബ്യ എന്ന പേരിൽ സമാരംഭിക്കപ്പെട്ട അറബ് ചാനൽ മുഖേന അറബുനാടുകളിൽ ഒരു ചലനം തന്നെ സൃഷ്ടിക്കപ്പെട്ടു. ക്രിസ്ത്യാനികളിൽ നിന്നുമുണ്ടാകുന്ന ഇസ്‌ലാമിന്റെ നേരെയുള്ള അതിക്രമങ്ങൾക്കെതിരിൽ ഈ ചാനൽ മുഖേനയുള്ള പ്രതിരോധം അറബുനാടുകളുടെ ശ്രദ്ധ ഹഠാദാകർഷിച്ചുകൊണ്ടിരിക്കുകയാണ്.

## ഖലീഫയുടെ പര്യടനങ്ങൾ

ഇസ്‌ലാമിന്റെ സമത്വസുന്ദരമായ സന്ദേശം; ഉന്നതതലങ്ങളിൽ എത്തിക്കുകയും തന്റെ ജമാഅത്തുകൾക്കു ശിക്ഷണം നൽകുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി 2003 മുതൽ ഇതുവരെ ഖലീഫ തിരുമനസ്സ് ഏഷ്യാ, ആസ്ത്രേലിയ, യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിൽ പെട്ട 25 നാടുകൾ സന്ദർശിച്ചു. അവയുടെ പട്ടിക ചുവടെ ചേർക്കുന്നു.

ഇന്ത്യാ, ജപ്പാൻ, ആസ്ത്രേലിയ, ഫിജി, സിംഗപ്പൂർ, ന്യൂസിലാന്റ്, ജർമ്മനി, ബെൽജിയം, സ്വിറ്റ്സർലാന്റ്, ഡൻമാർക്ക്, സ്പെയിൻ, സ്വീഡൻ, ഫ്രാൻസ്, ഹോളണ്ട്, നോർവേ, ഗാന, നൈജീരിയ, ബുർക്കിനോഫാസോ, ബെനിൻ, ടാൻസാനിയ, കെനിയ, യുഗണ്ട, മൗറീഷ്യസ്, അമേരിക്കയിലെ പെൻസിൽവാനിയ, വാഷിംഗ്ടൺ, കാനഡ.

ഈ നാടുകളിലുള്ള ജമാഅത്തുകളുടെ സന്ദർശനത്തോടനുബന്ധിച്ച് പല സമാധാനസമ്മേളനങ്ങളും നടത്തുകയും യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം ഉന്നത തലങ്ങളിലെത്തിക്കുകയും ചെയ്തു. ഹുസൂർ തിരുമനസ്സ് ഖിലാഫത്ത് ശതാബ്ദി ജൂബിലിയോടനുബന്ധിച്ച് ഇത്വരെ ആഫ്രിക്കയും അമേരിക്കൻ ഐക്യനാടുകളും സന്ദർശിച്ചു. ഈ ജൂബിലി ആഘോഷങ്ങളുടെ സമാപനം 2008 ഡിസംബറിൽ ഖാദിയാനിൽ വെച്ചു ഹുസൂർ തിരുമനസ്സിന്റെ മഹത്തായ സാന്നിധ്യത്തിൽ നടക്കുന്നതായിരിക്കും. ഇ.അ:

## പുതിയ നാടുകളിൽ അഹ്മദിയ്യത്ത്

2003 ജൂലായ് വരെ 175 നാടുകളിൽ അഹ്മദിയ്യാ ജമാഅത്ത് സുശക്തമായ നിലയിൽ രൂഢമൂലമായിട്ടുണ്ട്. ഇപ്പോൾ ഇത് 193 നാടുകളിലായി വ്യാപിച്ചിരിക്കുകയാണ്. അതായത് 2003 മുതൽ 2008 ജൂലായ് വരെ 18 പുതിയ നാടുകളിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായി.

## വിശുദ്ധ ഖുർആൻ വിവർത്തനങ്ങൾ

ഈ അഞ്ചാമത്തെ ഖിലാഫത്തിൽ ഏഴു ഭാഷകളിൽ വിശുദ്ധ ഖുർആൻ വിവർത്തനങ്ങൾ പ്രസിദ്ധീകൃതമായതോടുകൂടി അഹ്മദിയ്യാ ഖിലാഫത്തു മുഖേന വിശുദ്ധ ഖുർആൻ 68 ഭാഷകളിൽ പ്രസിദ്ധീകൃതമായി. 22 ഭാഷകളിൽ വിവർത്തനം പൂർത്തിയായി. 14 ഭാഷകളിൽ വിവിധ ഘട്ടങ്ങളിൽ വിവർത്തനം നടന്നുവരികയാണ്.

## പ്രചാരണകേന്ദ്രങ്ങൾ (Mission Centres)

കഴിഞ്ഞ വർഷങ്ങളിൽ ജമാഅത്ത് പ്രചാരണകേന്ദ്രങ്ങൾക്കായി ധാരാളം കെട്ടിടങ്ങൾ വാങ്ങുകയുണ്ടായി. 2006-07ൽ മാത്രം 186 വൻകെട്ടിടങ്ങൾ വിലക്കുവാങ്ങി. ഇപ്പോൾ ആഗോളതലത്തിൽ 1869 മിഷ്യൻ കേന്ദ്രങ്ങൾ ജമാഅത്തിന്നുണ്ട്. ഇന്ത്യയും പാക്കിസ്താനും ഈ പട്ടികയിൽ പെടുന്നില്ല എന്നത് പ്രസ്താവ്യമാണ്. ഇന്ത്യയിലും പാക്കിസ്താനിലും ധാരാളം മിഷ്യൻ ഹൗസുകൾ പ്രവർത്തനനിരതമാണ്. കൂടാതെ പല വൻനഗരങ്ങളിലും മസ്ജിദുകളും മിഷ്യൻ കാമ്പസുകളും നിർമ്മിക്കുന്നതിന്നായി ധാരാളം പ്ലോട്ടുകൾ വാങ്ങി. യു.കെ. ജമാഅത്ത് 208 ഏക്കർ നിലം വാങ്ങിയിട്ടുണ്ട്. ഹദീഖത്തുൽ മസീഹ് എന്നു നാമകരണം ചെയ്തു. കഴിഞ്ഞ മൂന്നു വർഷങ്ങളായി ഇവിടെ വെച്ചാണ് വാർഷിക സമ്മേളനങ്ങൾ നടത്തപ്പെടുന്നത്. കൂടാതെ ഗാന, കനഡ, അമേരിക്ക എന്നീ നാടുകളിലും വിശാലമായ സ്ഥലങ്ങൾ വാങ്ങിയിരിക്കുന്നു.

## മസ്ജിദുകൾ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ജർമ്മനിയിലുള്ള ജമാഅത്തുകളുടെ മുമ്പാകെ 100 പള്ളികൾ നിർമ്മിക്കുന്നതിന്നുള്ള ഒരു പദ്ധതി വെച്ചിരുന്നു. ഖിലാഫത്തെ ഖാമിസയിൽ അതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി. ഇപ്പോൾ 31 മസ്ജിദുകൾ അവിടെ പൂർത്തിയായി. ജർമ്മനിയിലെ ബർലിനിൽ ഹുസൂർ

നകളും തങ്ങളുടെ സാധനസാമഗ്രികൾ ജമാഅത്തിനെ ഏല്പിച്ചുപോവുകയുണ്ടായി. 2005ൽ പാക്കിസ്താനിലുള്ള കശ്മീരിൽ ഉണ്ടായ ഭൂകമ്പത്തിൽ അഹ്മദി ഡോക്ടർമാർ 75,000ത്തിലധികം പരുക്കേറ്റവരെ ശുശ്രൂഷിച്ചു. 5 ലക്ഷം കിലോഗ്രാം സഹായസാധനങ്ങളും ഭക്ഷണസാമഗ്രികളും എത്തിച്ചുകൊടുത്തു. ഈ സംവിധാനം അതിന്റെ പ്രവർത്തനങ്ങൾ അനുസ്യൂതം നിർവഹിച്ചുവരികയാണ്.

## നുസ്റത്ത് ജഹാൻ സ്കീം

നാലാമത്തെ ഖിലാഫത്തിൽ നുസ്റത്ത് ജഹാൻ സ്കീം എന്ന പേരിൽ വിദ്യാഭ്യാസകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ അത് 494 കേന്ദ്രങ്ങളായി വർദ്ധിച്ചു അഹ്മദിയ്യാ എഞ്ചിനിയറിങ്ങ് അസോസിയേഷൻ എന്ന പേരിൽ ലണ്ടൻ ആസ്ഥാനമാക്കിക്കൊണ്ടു ലോകത്ത് വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

ചുരുക്കത്തിൽ ആഗോളാടിസ്ഥാനത്തിൽ ദീനിന്റെ സുദൃഢതക്കും പുരോഗതിക്കും അതോടൊപ്പം പ്രചാരണം, ശിക്ഷണം, വിദ്യാഭ്യാസം സൃഷ്ടിസേവനം എന്നീ രംഗങ്ങളിൽ ഖിലാഫത്തിന്റെ അനുഗൃഹീത മാർഗ്ഗദർശനത്തിൽ അഹ്മദിയ്യാ ജമാഅത്ത് പ്രവർത്തനബദ്ധമാണ്.

വാസ്തവത്തിൽ യഥാർത്ഥത്തിലുള്ള ആത്മീയ ഭരണമാണ് ഖിലാഫത്ത് വിഭാവനം ചെയ്യുന്നത്. ആഗോളാടിസ്ഥാനത്തിൽ നാടുകളുടെയും രാജ്യങ്ങളുടെയും അതിർത്തികൾക്കതീതമായി ആത്മീയ ഭരണം കാഴ്ചവെക്കുകയാണ് അഹ്മദിയ്യ ഖിലാഫത്ത് ചെയ്യുന്നത്. അതിന്നായി പ്രത്യേകമായ ഒരു ഭൗതിക ഭരണകൂടത്തിന്റെയും ആവശ്യം വരുന്നില്ല.

ഗാണ്ട എന്നീ ഒമ്പതുനാടുകളിൽ കൂടി ജാമിയ അഹ്മദിയ്യാ വിജയകരമായി പ്രവർത്തിച്ചുവരികയാണ്.

## സൃഷ്ടിസേവനം

ഖിലാഫത്തെ ഖാമിസയിൽ സൃഷ്ടിസേവനപ്രവർത്തനങ്ങൾ പൂർവ്വാധികം ഊർജ്ജിതമായി നടന്നുവരികയാണ്. റബ്‌വയിൽ 2007 സപ്തംബർ 15-ാം തിയതി സമാരംഭിച്ച TAHIR HEART INSTITUTE പ്രവർത്തനമാരംഭിച്ചു. ധാരാളം ഹൃദയരോഗികൾ സുഖം പ്രാപിച്ചുവരികയാണ്. TAHIR HOMOEO PATHIC HOSPITAL AND RESEARCH INSTITUTE കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി 7 ലക്ഷം രോഗികളെ ചികിത്സിച്ചു സുഖപ്പെടുത്തി. ഇപ്പോൾ 55 നാടുകളിലായി 650ലധികം ഹോമിയോ ഡിസ്പൻസറികൾ വിജയകരമായി പ്രവർത്തിച്ചു വരുന്നു. 2005ൽ ഖാദിയാനിൽ ഉൽഘാടനം ചെയ്യപ്പെട്ട നൂർ ആശുപത്രിയിൽ ആയിരക്കണക്കിന് രോഗികളാണ് ചികിത്സ തേടിയെത്തുന്നത്.

## ഹ്യൂമാനിറ്റി ഫസ്റ്റ്

കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഭൂകമ്പം, സുനാമി എന്നീ പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന ആപത്തുകളിൽ പെട്ടു വലയുന്നവരെ സംരക്ഷിക്കുന്നതിന്നായുള്ള ഒരാതുര സംരക്ഷണസംവിധാനമാണ് ഹുമാനിറ്റി ഫസ്റ്റ് - ഈ സംവിധാനം യു.എൻ.ഒ.യിലും മറ്റു 19 നാടുകളിലും റജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു.

2004ൽ ദക്ഷിണ ഏഷ്യയിൽ വന്ന സുനാമിയിൽ ബ്രിട്ടൻ, ഇൻഡോനേഷ്യ, എന്നീ നാടുകളിൽ നിന്ന് 24 അഹ്മദി ഡോക്ടർമാരും നൂറുകണക്കിൽ വളണ്ടിയർമാരും നിസ്വാർത്ഥസേവനമനുഷ്ഠിക്കുകയുണ്ടായി. ഇതിന്റെ ഫലമായി പല ദുരിതാശ്വാസ സംഘട

തിരുമനസ്സ് 2007 ജനുവരി 26-ാം തിയതി മസ്ജിദു ഖദീജ എന്ന പേരിൽ ഭീമാകാരമായ ഒരു പള്ളിക്ക് തറക്കല്ലിട്ടു.

100 പള്ളികൾ നിർമ്മിക്കാനുള്ള ഒരു പദ്ധതി ഹുസൂർ ആഫ്രിക്കൻ നാടുകളുടെ മുമ്പാകെ വെച്ചതനുസരിച്ച് അവിടെ അതിന്നുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തിവരികയാണ്. ഹുസൂർ തിരുമനസ്സു തന്റെ പര്യടനവേളയിൽ കനഡയിൽ പല മസ്ജിദുകൾക്കുമുള്ള ശിലാസ്ഥാപന കർമ്മങ്ങൾ നിർവഹിച്ചു.

ഫ്രാൻസിലെ ഒന്നാമത്തെ പള്ളിക്കുള്ള ശിലാസ്ഥാപനം 2007 ജനുവരി 26ാം തിയ്യതിയിലും കമ്പോഡിയയിൽ ഒന്നാമത്തെ പള്ളിക്കുള്ള ശിലാസ്ഥാപനം 2004 മാർച്ച് 17-ാം തിയ്യതിയും നിർവഹിച്ചു.

ഇന്ത്യയിലും പലഭാഗങ്ങളിലുമായി പള്ളി നിർമ്മാണം പുരോഗതി പ്രാപിച്ചുവരികയാണ്. ഈ അടുത്ത കാലത്ത് പഞ്ചാബിൽ പത്തിലധികം പള്ളികൾ ഉൽഘാടനം ചെയ്യപ്പെട്ടു. പല സ്ഥലങ്ങളിലും പള്ളി നിർമ്മാണം പുരോഗതി പ്രാപിച്ചു വരികയാണ്.

## ജാമിഅ അഹ്മദിയ്യ (മിഷ്യനറി കോളേജുകൾ)

അഹ്മദിയ്യാ മുസ്ലിം മിഷ്യനറിമാരെ വാർത്തെടുക്കുന്നതിന്നായി റബ്‌വയിലും ഖാദിയാനിലും ആരംഭം തൊട്ടേ ജാമിഅ അഹ്മദിയ്യ എന്ന പേരിൽ മിഷ്യനറി കോളേജുകൾ പ്രവർത്തനനിരതമാണ്. നൂറുകണക്കിൽ മിഷ്യനറിമാരാണ് ഇവിടെ നിന്നു വിദ്യാഭ്യാസം കരസ്ഥമാക്കി ലോകത്ത് വിവിധ നാടുകളിൽ സേവനമനുഷ്ഠിച്ചുവരുന്നത്. ഇപ്പോൾ കനഡ, യു.കെ.-ഇൻഡോനേഷ്യ, ടാൻസാനിയ, ഗാന, യു

ഇത് സംബന്ധിച്ച് രണ്ടാം ഖലീഫത്തുൽ മസീഹ് (റ) പ്രസ്താവിക്കുന്നു:

"അഹ്മദിയ്യാ ജമാഅത്തിൽ ഖലീഫക്കുള്ള സ്ഥാനം ലോകത്തുള്ള എല്ലാ ചക്രവർത്തിമാരെക്കാളും രാജാക്കന്മാരെക്കാളും സമുന്നതമാണ്. അദ്ദേഹം ലോകത്ത് അല്ലാഹുവിന്റെയും ഹദ്റത്ത് റസൂൽ തിരുമേനിയുടെയും പ്രതിനിധിയാണ് (അൽഫസൽ 20-8-1937).

വീണ്ടും പറയുന്നു.

സമുദായത്തിന്റെ ഐക്യതക്കും ശരിഅത്തിന്റെ കല്പനകളുടെ നിർവഹണത്തിന്നുമായി ഒരു ഖലീഫയുണ്ടാകുന്നത് അത്യാവശ്യമാണ്. ഇതിനെ നിഷേധിക്കുന്ന ആൾ ശരിഅത്തിന്റെ കല്പനകളെയാണ് നിഷേധിക്കുന്നത്. സഹാബാക്കളുടെ പ്രവർത്തനങ്ങളും ഇതനുസരിച്ചുള്ളതായിരുന്നു. അഹ്മദിയ്യ ജമാഅത്തിനെക്കൊണ്ടും അല്ലാഹു ഇതു സാക്ഷാൽക്കരിച്ചു കാണിച്ചുതന്നിരിക്കുന്നു.

(അൽവാറുൽ ഉലൂം വോ. 2 പേ. 13)

●

---

*(6-ൽ നിന്ന് തുടർച്ച)*

മറ്റു മതവിശ്വാസക്കാരുടെ ഗവൺമെന്റിനോട് യഥാർത്ഥമായ കൂറുപുലർത്തുവാനും ഇവർക്ക് സാദ്ധ്യമാവുകയില്ല. ഇവർ ഇത്തരം ഗവൺമെന്റുകളോടു കൂറുപുലർ ത്തുന്നു എന്നു വഞ്ചനാപരമായിട്ടാണ് പറയുന്നത്. അതു തെറ്റുമാണ്. അതുകൊണ്ടാണ് ഞാൻ മുകളിൽ പറഞ്ഞ ചില അഹ്‌ലെ ഹദീസ് കക്ഷിക്കാർ ബ്രിട്ടീഷിന്ത്യയിൽ ബ്രിട്ടീഷ് ഗവർമെന്റിനെതിരെ ഇരട്ടജീവിതം നയിക്കുന്നത്. രഹസ്യത്തിൽ അവർ രക്തദാഹി മഹ്ദിയും രക്തദാഹി മസീഹും വെളിപ്പെടുന്ന ദിവസത്തെപ്പറ്റി ജനങ്ങൾക്ക് ആശയും ആവേശവും നൽകുകയും അങ്ങനെ പഠിപ്പിച്ചു ഒരുക്കിനിർത്തുകയും ചെയ്യുമ്പോൾ, അധികൃതന്മാരുടെ മുന്നിൽ അവർക്ക് സ്തുതിഗീതം പാടുകയും അത്തരം വിശ്വാസങ്ങളൊന്നും തങ്ങൾ അംഗീകരിക്കുന്നില്ലെന്ന് അവരുടെ മുന്നിൽ ഏറ്റു പറയുകയും ചെയ്യുന്നു. എന്നാൽ അവർ യഥാർത്ഥത്തിൽ അത്തരം ആശയങ്ങളെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ടു അവരതു പരസ്യമായി എഴുതി പ്രദർശിപ്പിക്കുന്നില്ല? എന്തുകൊണ്ട് അവർ രക്തദാഹി മഹ്ദിയെയും രക്തദാഹി മസീഹിനെയും അവരിരുവരും വാതിൽപ്പടിക്കൽ എത്തിക്കഴിഞ്ഞു എന്നോണം കാത്തുനിൽക്കുകയും അവരുടെ കൂട്ടക്കൊലയജ്ഞത്തിൽ പങ്കുചേരാൻ ബദ്ധപ്പെടുകയും ചെയ്യുന്നു? ●

---

*(12-ൽ നിന്ന് തുടർച്ച)*

ഞങ്ങളുടെ ആത്മീയവ്യവസ്ഥയുമായി ഒരു ചങ്ങലപോലെ കണ്ണിചേർത്തത്കൊണ്ടാണ്. ഞങ്ങളുടെ മതത്തിന്റെ നേതൃത്വം അല്ലെങ്കിൽ പാലം മുഹമ്മദ് നബി (സ)യുടെ മസീഹ് (അ) സ്ഥാപിച്ച ഖിലാഫത്തിന്റെ കൈകളിലായതിനാലാണ്. ഖിലാഫത്തുമായി ചേർന്നുനിൽക്കുന്ന ഈ പ്രസ്ഥാനത്തിലെ അംഗങ്ങൾ മുഹമ്മദ് നബി(സ)യുടെ മസീഹ് കൊണ്ടുവന്ന അദ്ധ്യാപനങ്ങൾ അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ്. ആ അദ്ധ്യാപനങ്ങൾ ദൈവത്തിനോടും അവന്റെ സൃഷ്ടികളോടുമുള്ള ബാദ്ധ്യതകൾ നിറവേറ്റാൻ അവരെ നിർബന്ധിതരാക്കുന്നു. വിദ്വേഷത്തിന്റെ തിരശ്ശീലകൾ മറനീക്കി സ്നേഹത്തിന്റെ സുഗന്ധം പരത്തുവാൻ അവരെ അത് പ്രാപ്തരാക്കുന്നു. എന്റെ മുന്നിൽ ഇരിക്കുന്ന അഭ്യസ്ഥവിദ്യരായ നിങ്ങളുടെ മുമ്പാകെ ഞാൻ വായിച്ച ഉദ്ധരണി നിങ്ങൾ കേട്ടുകഴിഞ്ഞു. ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളെ സംബന്ധിച്ച് നിങ്ങളെ ബോധവാന്മാരാക്കാൻ ഞാൻ ശ്രമിക്കുകയുണ്ടായി. ഇനി നിങ്ങൾ സ്വയം തീരുമാനിക്കുക ഇസ്ലാം ഭീകരതയാണോ പ്രചരിപ്പിക്കുന്നത് അതല്ല സമാധാനവും സുരക്ഷയുമാണോ പ്രബോധിക്കുന്നത് എന്ന്. ഒരു മതത്തിലെ ഏതാനും പേരുടെയോ അല്ലെങ്കിൽ ഒരു ഗ്രൂപ്പിന്റെയോ പ്രവൃത്തികളെ ചൂണ്ടിക്കാട്ടി ഒരു മതത്തെ ആകമാനം അവഹേളിക്കുന്നത് ന്യായമല്ല. അതുകൊണ്ട് ഞാൻ അഭ്യർത്ഥിക്കുകയാണ്, നിങ്ങളുടെ പ്രവർത്തന വൃത്തങ്ങളിൽ നിങ്ങൾ നീതിയെപ്പറ്റി പ്രബോധിക്കുക. അത് കാരണം സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഒരു അന്തരീക്ഷം നിങ്ങളിലോരോരുത്തരിലും സംജാതമാവും. നിങ്ങളുടെ രാജ്യം രാഷ്ട്രീയമായും സാമൂഹികപരമായും മേധാവിത്വമുള്ള രാജ്യമാണ്. അതുകൊണ്ട് ഉയർന്നരീതിയിലുള്ള നീതി നിങ്ങളിൽ നിന്നും ആവശ്യപ്പെടുന്നു. ഞാൻ ഈ വിഷയം ഇവിടെ അവസാനിപ്പിക്കുകയാണ്. മുസ്ലിംകളും അമുസ്ലിംകളും ഹൃദയത്തിൽ ദൈവഭയം ഉള്ളവരായിക്കൊണ്ട് ദൈവത്തിന്റെ സൃഷ്ടികളോട് സദ്വിചാരം ഉണ്ടാവട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അല്ലാഹു നമ്മെ സഹായിക്കട്ടെ. ഈ പരിപാടിയിൽ പങ്കെടുത്തതിനും ഞങ്ങളുടെ ഈ പരിപാടിയെ പ്രോത്സാഹിപ്പിച്ചതിനും ഞാൻ നിങ്ങളോട് നന്ദിയുള്ളവനായിരിക്കും. അല്ലാഹു നമ്മെയെല്ലാവരെയും സഹായിക്കട്ടെ. നന്ദി, വളരെ നന്ദി. ●

# തിന്മയുടെ കാലം വന്നാൽ മുസ്‌ലിംകൾ എന്തു ചെയ്യണം?

## അൽജമാഅത്തും ഇമാമുമില്ലെങ്കിൽ മുസ്‌ലിംകൾ കക്ഷികളിൽ ചേർന്ന് നശിക്കാൻ പാടില്ലെന്ന് റസൂൽ തിരുമേനി(സ)യുടെ ഉപദേശമടങ്ങിയ ഹദീസ്

ഉദൈഫ ബിൻ അൽയമൻ (റ) ഇങ്ങനെ പറയുന്നതായിട്ടു അബു ഇദ്‌രീസ് ഖൌലാനി കേട്ടു:

ജനങ്ങൾ നബിതിരുമേനി (സ.അ)യോട് നന്മയെക്കുറിച്ചായിരുന്നു കൂടുതൽ ചോദിച്ചിരുന്നത്. ഞാനാകട്ടെ എനിക്കു വന്നു ഭവിച്ചേക്കുമോ എന്ന ഭയത്താൽ തിന്മയെക്കുറിച്ചായിരുന്നു കൂടുതലും ചോദിച്ചിരുന്നത്. അങ്ങനെ ഞാൻ ചോദിച്ചു: "അല്ലാഹുവിന്റെ തിരുദൂതരേ, ഞാൻ അജ്ഞതയിലും തിന്മയിലും കഴിഞ്ഞുകൂടുകയായിരുന്നല്ലോ. അപ്പോഴാണ് ഈ നന്മയെ ഞങ്ങൾക്കു അല്ലാഹു കൊണ്ടുവന്നത്. ഈ നന്മക്കുശേഷം ഇനി വല്ല തിന്മയും വരാനുണ്ടോ....? നബിതിരുമേനി(സ.അ) പറഞ്ഞു: അതെ. ഞാൻ ചോദിച്ചു: ആ തിന്മ പിന്നീടുണ്ടാകുമോ? നബി തിരുമേനി (സ.അ.) പറഞ്ഞു: "അതെ പക്ഷേ, അതിൽ ചില പുക ഒക്കെ ഉണ്ടാകും.

ഞാൻ ചോദിച്ചു: "എന്താണ് അതിലെ പുക....?"

നബി തിരുമേനി (സ.അ) പറഞ്ഞു: "ഒരു വിഭാഗം ആളുകൾ എന്റെ ചര്യയല്ലാത്തതിനെ ജീവിത ചര്യയാക്കും. എന്റെ മാതൃകയല്ലാത്തതിനെ അവർ മാതൃകയായി സ്വീകരിക്കും. അവരിൽ നിന്നും ചിലതിനോടെല്ലാം നിനക്കു യോജിക്കുവാനാകും. ചിലതിനെ നീ വിമർശിക്കേണ്ടി വരും."

ഞാൻ ചോദിച്ചു: ശരി, ആ നന്മക്കുശേഷം പിന്നീട് വല്ല തിന്മയും ഉണ്ടാകുമോ?

നബി തിരുമേനി(സ.അ) പറഞ്ഞു: അതെ, ഉണ്ടാകും. കുറച്ചാളുകൾ ജഹന്നമിന്റെ പാതയിലേക്ക് വിളിക്കുന്നുണ്ടാകും അവർ പറയുന്നത് കേൾക്കുന്നവരെ നരകത്തിൽ ഇടും.

ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ തിരുദൂതരേ... അവരെക്കുറിച്ചു ഞങ്ങൾക്ക് വിശദീകരിച്ചു തന്നാലും.

നബിതിരുമേനി(സ.അ) പറഞ്ഞു: അതെ, പറഞ്ഞുതരാം. അവർ നമ്മുടെ വർഗത്തിൽ പെട്ടവർ തന്നെ. നമ്മുടെ ഭാഷ കൊണ്ടു തന്നെയാണ് അവർ സംസാരിക്കുക.

ഞാൻ ചോദിച്ചു: എനിക്ക് അങ്ങനെയുള്ള അവസ്ഥ നേരിട്ടാൽ ഞാനെന്തു ചെയ്യണമെന്നാണ് അവിടുന്ന് നിർദ്ദേശിക്കുന്നത്? നബി തിരുമേനി (സ.അ): താങ്കൾ മുസ്‌ലിംകളുടെ ജമാഅത്തിന്റെയും അവരുടെ ഇമാമിന്റെയും കൂടെയിരിക്കണം.

ഞാൻ ചോദിച്ചു: അവർക്കന്ന് ജമാഅത്തും ഇമാമും ഉണ്ടായില്ലെങ്കിലോ?

നബിതിരുമേനി (സ.അ) പറഞ്ഞു: എല്ലാ കക്ഷികളിൽ നിന്നും വേറിട്ടു നിൽക്കുക. നിനക്കു മരണമെത്തുന്നതുവരെ വൃക്ഷത്തിന്റെ വേരിന്മേൽ കടിച്ചുപിടിച്ചാലും നീ അങ്ങനെ ഇരിക്കണം.

സ്വഹീഹ് ബുഖാരി വാല്യം 3, പേജ് 1319.

സ്വഹീഹ് മുസ്‌ലിം വാല്യം 3, പേജ് 1475.

സമ്പാദകൻ :

**എ.പി. മൊയ്തീൻകോയ**

**കോഴിക്കോട്**

ലേഖനം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

Revelation Rationality Knowledge and Truth

# എയ്ഡ്സ് വൈറസ്

**ലൈംഗിക അരാജകത്വം കൊടികുത്തിവാഴുന്ന രാജ്യങ്ങളിൽ വിശിഷ്യ പാശ്ചാത്യ നാടുകളിൽ പൊട്ടിപ്പുറപ്പെടുന്ന മാരകമായ ഒരു പ്ളേഗ് രോഗത്തെപറ്റി വാഗ്ദത്ത മസീഹ് പ്രവചിച്ചിരുന്നു.**

ഇന്ത്യയിൽ പ്ളേഗ് അവസാനിച്ച 1907ൽ ഭാവിയിൽ പ്രത്യക്ഷമാകുന്ന മറ്റൊരു തരം പ്ളേഗിനെക്കുറിച്ച് ഹദ്റത്ത് മിർസാ ഗുലാം അഹ്മദി (അ)ന് ദൈവത്തിൽ നിന്ന് അറിയിപ്പ് ലഭിക്കുകയുണ്ടായി.

യൂറോപ്പിലും മറ്റു ചില ക്രിസ്ത്യൻ രാജ്യങ്ങളിലും ഒരു തരത്തിലുള്ള പ്ളേഗ് വ്യാപിക്കുന്നതാണ്. അത് വളരെ മാരകമായിരിക്കും.

*'ഒരു തരം പ്ളേഗ്'* എന്ന സംജ്ഞയുടെ അർത്ഥന്തൊയിരിക്കും? അവ എന്തുകൊണ്ടാണ് ക്രിസ്ത്യൻ രാജ്യങ്ങളിൽ പ്രത്യേകമായി പരക്കുന്നത്? ഇതിനുള്ള ഉത്തരം റസൂൽ തിരുമേനി(സ)യുടെ ഒരു ഹദീസിൽ നിന്നും ലഭിക്കുന്നതാണ്. ഈ ഹദീസിലെ നിരീക്ഷണം വാഗ്ദത്ത മസീഹ് (അ) ജനിക്കുന്നതിന് പതിമൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് റസൂൽ തിരുമേനി(സ) നടത്തിയതാണ്. ഇബ്നു മാജയുടെ *'കിതാബുൽ ഫിത്തനി'*ൽ രേഖപ്പെടുത്തിയ ആ ഹദീസ് ഇപ്രകാരമായിരുന്നു:

*ദൈവം ഒരിക്കലും ഒരു ജനതയയെ ശിക്ഷിക്കില്ല. അതായത് ആ ജനത അനുവദനീയമായതിന്റെ പരിധി വിട്ട് യാതൊരു ലജ്ജയും കൂടാതെ അധികമായി ലൈംഗികത പ്രദർശിപ്പിക്കുന്നത് വരെ. അവർക്കിടയിൽ മാരകമായ ഒരു സാംക്രമിക രോഗവും മറ്റു ചില രോഗങ്ങളും പടർന്നു പിടിക്കുന്നതാണ്. അതുപോലെയൊന്നിന് അവരുടെ പൂർവ്വ പിതാക്കന്മാർ സാക്ഷ്യം വഹിച്ചിട്ടുണ്ടാവില്ല.*

'ഫഹ്ശാൻ' എന്ന പദത്തിന് അതിരുകടന്ന അനുവദനീയത (Permissiveness) എന്നാണർത്ഥം. അതായത് ധിക്കാരത്തോടെയും ലജ്ജയില്ലായ്മയുടെയും ഫലമായുള്ള ലൈംഗികതയുടെ തുറന്ന പ്രദർശനത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഒരു കാര്യം ഇവിടെ ഓർക്കേണ്ടതുണ്ട്. വെറും അനുവദനീയത എന്നത് അല്ലാഹുവിന്റെ പക്കൽ നിന്നും കഠിനമായ ശിക്ഷ ക്ഷണിച്ചു വരുത്തുന്നില്ല. എന്നാൽ ആ സ്വാതന്ത്ര്യം എല്ലാ അതിരുകളും ലംഘിക്കുകയും, അത് പൊതുവെ സമൂഹം അംഗീകരിക്കുന്ന സ്വഭാവമായി മാറുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ അതൃപ്തിയുടെ അടയാളമായി ആ സമൂഹത്തിൽ ലൈംഗികതയുമായി ബന്ധപ്പെട്ട ചില രോഗങ്ങൾ ആവിർഭവിക്കുന്നതായിരിക്കും.

ഈ ഹദീസ് വിരൽചൂണ്ടുന്നത് മറ്റേതൊരു കാലത്തേക്കാളും കവിഞ്ഞ തോതിൽ ഇക്കാലത്ത് കാണുന്ന പാപത്തിലേക്കാണ്. ഹദീസ് ചൂണ്ടിക്കാട്ടിയ ലജ്ജയില്ലായ്മ ഇക്കാലത്ത് ടെലിവിഷനിലും, പത്രങ്ങളിലും മാസികകളിലും മനുഷ്യ ചരിത്രം ഇതിന് മുമ്പ് സാക്ഷ്യം വഹിച്ചിട്ടില്ലാത്ത വിധം കാണപ്പെടുന്നു. ഇതിന്റെ ഫലമായി ഈ പാപത്തിന് ഉചിതമായ ശിക്ഷ നൽകാൻ കേവലനീതി ആവശ്യപ്പെടുന്നു. ഞെട്ടിപ്പിക്കുന്ന ലജ്ജയില്ലായ്മയോടെ ലൈംഗികഭോഗാസക്തിയിൽ മുഴുകുക എന്നതാണ് ഈ ശിക്ഷയുടെ മുഖ്യകാരണം. വാഗ്ദത്ത മസീഹ് (അ)ന്റെ ഈ പ്രവചനം യൂറോപ്പിലേക്കും മറ്റു ക്രിസ്ത്യൻരാജ്യങ്ങളിലേക്കും പ്രത്യേകം വിരൽ ചൂണ്ടുന്നു. ഇസ്ലാം മതസ്ഥാപകരായ റസൂൽ തിരുമേനി(സ)യുടെ ആദ്യത്തെ പ്രവചനം ഒരു പ്രത്യേക രാജ്യത്തെയോ ജനതയെയോ പരാമർശിക്കുന്നില്ല. അവർ ചെയ്യുന്ന കുറ്റത്തിന്റെ സ്വഭാവത്തെപറ്റിയും തുല്യമായ ശിക്ഷ അത് ക്ഷണിച്ചു വരുത്തും എന്നതിനെക്കുറിച്ചുമാണ് പരാമർശിക്കുന്നത്.

ഈ രണ്ട് പ്രവചനങ്ങളും

ഒന്നിച്ചു വായിക്കുമ്പോൾ കഥയുടെ പൂർണ്ണചിത്രം ലഭിക്കും. ക്രിസ്ത്യൻ രാജ്യങ്ങളിൽ അമേരിക്ക ഈ വിവരണത്തിന് പൂർണ്ണമായ ഉത്തരം നൽകുന്നു. പക്ഷേ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ആഫ്രിക്കയിലെ സബ് സഹാറൻ രാജ്യങ്ങളാണ് ഈ പ്രത്യേകമായ പെർമിസീവ്നസ്സിന് (അനുവദനീയത) മുന്നിൽ നിൽക്കുന്നത്. കരീബിയൻ രാജ്യങ്ങളും അതിന് തൊട്ടു പിറകെയുണ്ട്. സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് എയ്ഡ്സ്* രോഗബാധിതരിൽ ആഫ്രിക്കയിലെ ക്രിസ്തീയ രാജ്യങ്ങളാണ് ബാക്കിയുള്ള ആഫ്രിക്കൻ രാജ്യങ്ങളേക്കാൾ വളരെ മുൻപന്തിയിൽ നിൽക്കുന്നത് എന്നാണ്.

പ്രവചനങ്ങളിൽ പറയപ്പെട്ട ആ പ്രത്യേക തരം പ്ളേഗിനെ തിരിച്ചറിയേണ്ട കാര്യം മാത്രമാണ് ഇനി അവശേഷിക്കുന്നത്. എയ്ഡ്സ് രോഗമാണ് ആ ശിക്ഷയെന്നുള്ള കാര്യം തികച്ചും നീതീകരിക്കത്തക്കതാണ്. പ്രഗത്ഭനായ വൈദ്യശാസ്ത്രജ്ഞന്മാർ അതൊരു മാരക സംക്രമിക രോഗമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. പ്ളേഗിനെ പോലെ എയ്ഡ്സ് രോഗവും ചില ഗ്രന്ഥികളുടെ നീർവീക്കത്തിന് (Inflammation) കാരണമാകുന്നു. അതോടൊപ്പവും കഠിനമായ പനിയുമുണ്ടാകുന്നു. എക്കാലത്തേയും ഏറ്റവും വലിയ കൊലയാളിയായ ബൂബോണിക് പ്ളേഗിനെ* പോലെ നിഷ്ഠൂരനായ ഹന്താവാണ് എയ്ഡ്സ്. ബ്യൂബോണിക് പ്ളേഗിന് ഇല്ലാത്ത ചില പ്രത്യേകതകൾ എയ്ഡ്സ് രോഗത്തിനുണ്ട്. എയ്ഡ്സ് തീർച്ചയായും ലൈംഗികതയുമായി ബന്ധപ്പെട്ടതാണ്. എന്നാൽ ബൂബോണിക് പ്ളേഗ് അങ്ങനെയല്ല. എയ്ഡ്സ് ലൈംഗികമായ അതിർലംഘനങ്ങൾക്കുള്ള ശിക്ഷക്ക്വേണ്ടി പ്രത്യേകം രൂപകൽപന ചെയ്തതാണ്.

ഇവിടെ വായനക്കാരൻ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. മതപരമായ പ്രവചനങ്ങൾ അത്യധികമായി അക്ഷരാർത്ഥത്തിൽ മാത്രം വായിക്കരുത്. ഇവിടെ യൂറോപ്പിനേയും മറ്റ് ക്രിസ്തീയ രാജ്യങ്ങളേയും പരാമർശിച്ചത് ഈ പുതിയ തരം പ്ളേഗ് അധികമായി പടർന്നു കയറുന്ന മേഖലകളെ തിരിച്ചറിയാൻ വേണ്ടി സഹായിക്കാനാണ്. അതിനർത്ഥം ഈ രോഗം യൂറോപ്പിലും ക്രിസ്തീയ രാജ്യങ്ങളിലും മാത്രം പരിമിതമാണെന്നല്ല.

ഇസ്ലാം മതസ്ഥാപകരായ റസൂൽ തിരുമേനി(സ) വളരെ വ്യക്തമായും സൂചിപ്പിക്കുന്നത് കൂടുതൽ വിശാലമായ അർത്ഥത്തിലാണ്. ഈ രോഗം ഒരു രാജ്യവുമായി ബന്ധപ്പെട്ടതല്ല. ഇതൊരു പ്രത്യേക ധാർമ്മിക കുറ്റവുമായി ബന്ധപ്പെട്ടതാണ്. ഈ കുറ്റം എവിടെയെല്ലാം വ്യാപിക്കുന്നുവോ അവിടെയെല്ലാം ശിക്ഷയായി ഈ രോഗവും കടന്നുവരും. അത് വമ്പിച്ചൊരു സാംക്രമിക രോഗമായി ത്തീരുന്നത് ലൈംഗികതയുടെ ഈ സ്വച്ഛന്ദമായ അനുവദനീയത (Permissiveness) അതിരു കടക്കുന്ന രാജ്യങ്ങളിലായിരിക്കും. ആ രാജ്യങ്ങളുടെ പേര് എന്തുമായിക്കൊള്ളട്ടെ അതിലെ ജനങ്ങൾ ക്രിസ്ത്യാനികളോ ഹിന്ദുക്കളോ, മുസ്ലിംകളോ ആരുമായിക്കൊള്ളട്ടെ അതൊന്നും ഒരു പ്രശ്നമല്ല. രാജ്യമോ മതമോ ഒന്നുംതന്നെ ഒരു കാര്യമല്ല. കാര്യത്തിന്റെ കാരണം അനുവദനീയതയുടേതാണ്. ഈ കാരണം എവിടെയെല്ലാം പ്രവർത്തിക്കുന്നുവോ അവിടെയെല്ലം ഈ കാര്യവും തീർച്ചയായും കടന്നു വരും.

എന്തുകൊണ്ടാണ് യൂറോപ്യൻ രാജ്യങ്ങളും മറ്റു ക്രിസ്ത്യൻ രാജ്യങ്ങളും ഇവിടെ പ്രത്യേകമായി പരാമർശിക്കപ്പെട്ടത്? മറ്റുള്ളവരെപ്പറ്റി ഇക്കാര്യത്തിൽ പരാമർശമുണ്ടായില്ല. ഇതിന്റെ കാരണമെന്താണ്? ഒരു പക്ഷേ ഇതിന്റെ കാരണം സ്വഛന്ദമായ അനുവദനീയത പുരോഗമനപരമായ ഒരു സാമൂഹിക പെരുമാറ്റമായി ദേശീയതലത്തിൽ മറ്റൊരിടത്തും ക്രിസ്തീയരാജ്യങ്ങളിലുള്ളത് പോലെ കാണപ്പെടുന്നില്ല എന്നതാണ്. സ്വവർഗ്ഗ ലൈംഗികതക്ക് നിയമ സാധുത്വം നൽകിയത് പാശ്ചാത്യലോകത്തല്ലാതെ മറ്റൊരിടത്തുമായിരുന്നില്ല. സ്വവർഗ്ഗ ലൈംഗി

---

* **എയ്ഡ്സ്** (AIDS) 1981നു അമേരിക്കയിൽ കണ്ടുപിടിക്കപ്പെട്ട ഈ രോഗത്തിന്റെ ചുരുക്കെഴുത്താണ്. AIDS പൂർണ്ണരൂപം Acquired Immune Deficiency Syndrome എന്നാണ്. രോഗാണുക്കളെ ചെറുത്തുനിൽക്കാനുള്ള ശരീരത്തിന്റെ സ്വതസിദ്ധമായ പ്രതിരോധശക്തി നശിക്കുന്ന അവസ്ഥയെയാണ് ഈ പേരുകൊണ്ടുദ്ദേശിക്കുന്നത് (വിവ:)

* **ബൂബോണിക് പ്ളേഗ്** (Bubonic Plague) മൂന്നുവിധത്തിൽ കാണപ്പെടുന്നു. ബൂബോണിക്ക് പ്ളേഗ് ന്യൂമോണിക് പ്ളേഗ് (Nuemonic Plague) സെപ്റ്റിക്കാമിക് പ്ളേഗ് (Septicaemic Plague) എന്നിവയാണവ. ഇതിൽ ബൂബോണിക് പ്ളേഗാണ് ഏറ്റവും മാരകം. കക്ഷത്തിലും, തുടകൾക്കിടയിലും കഴുത്തിലുമുള്ള ലിംഫ് ഗ്രന്ഥിക (Lymph Glands) ളിലുണ്ടാവുന്ന നീർവീക്കമാണ് (Bubo) ഈ രോഗത്തിന്റെ ലക്ഷണം. അതുകൊണ്ട് ഈ പ്ളേഗിനെ ബ്യൂബോണിക് പ്ളേഗ് എന്ന് വിളിക്കുന്നു. ന്യൂമോണിക് പ്ളേഗ് പേര് സൂചിപ്പിക്കുന്നത് പോലെ ശ്വാസകോശത്തേയും ബാധിക്കുന്നു. സെപ്റ്റിക്കാമിക് പ്ളേഗ് രോഗം ബാധിച്ചവരുടെ വൃത്തിഹീനമായ കൈ, തൊണ്ട, മൂക്ക് എന്നിവയിൽ നിന്നുള്ള ശരീരദ്രവങ്ങളിൽ നിന്നും വമിക്കുന്നതാണ്. (വിവ:)

കതയെ പറ്റി ക്രിസ്തീയ മതസ്ഥാപനങ്ങളിലല്ലാതെ മറ്റൊരിടത്തും നിങ്ങൾ കേൾക്കുകയില്ല.

പക്ഷേ, ഒരു കാര്യം ഓർക്കേണ്ടതുണ്ട്. ഈ രാജ്യങ്ങളെല്ലാം പേരിൽ മാത്രമാണ് ക്രിസ്ത്യാനികൾ. അവർ ക്രിസ്ത്യൻ മൂല്യങ്ങളിൽ നിന്നും വളരെ അകലെയാണ്. ആ അർത്ഥത്തിൽ ഇസ്‌ലാമിന്റെ യഥാർത്ഥ സൂക്ഷിപ്പുകാരാണ് മുസ്‌ലിം രാജ്യങ്ങളെന്നും വിശേഷിപ്പിക്കാൻ സാധ്യമല്ല.

അതിനാൽ സ്വഛന്ദമായ അനുവദനീയതയും അനിയന്ത്രിയമായ ഹീനകൃത്യങ്ങളുടെ പ്രദർശനവും ഹിന്ദുരാജ്യത്തോ മുസ്‌ലിംരാജ്യത്തോ എവിടെ കാണപ്പെട്ടാലും അനന്തരഫലമായി ഇത്തരം വിപത്തുകൾ എന്തുകൊണ്ട് അവരിലും പതിച്ചുകൂടാ?

എയ്ഡ്സ് രോഗം എല്ലാ ഭൂഖണ്ഡങ്ങളിലും എത്തിക്കഴിഞ്ഞു. ഈ മഹാമാരിയിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ ഒരു രാജ്യത്തിനുമാവില്ല. ഈ മഹാരോഗത്തിന്റെ ഫലങ്ങൾ പൂർണ്ണമായും വെളിപ്പെട്ടു എന്ന് കരുതുന്നത് വിഡ്ഢിത്തമായിരിക്കും. എയ്ഡ്സ് അതിന്റെ പങ്ക് നിർവ്വഹിച്ച് കഴിഞ്ഞുവെന്നും വേഗം അത് രംഗംവിടുമെന്നും കരുതുന്നത് ശരിയായ കാഴ്ചയല്ല. എയ്ഡ്സ് വൈറസിനെതിരെ ഫലപ്രദമായ മറുമരുന്ന് കണ്ടുപിടിക്കുമെന്നുള്ള തെറ്റായ ഉപദേശത്തിൽ ചിലർ ശുഭപ്രതീക്ഷ വെച്ചുകൊണ്ട് അഭിരമിക്കാറുണ്ട്. നമുക്ക് അത്തരം യാതൊരു പ്രതീക്ഷയുമില്ല. അതിനു വിപരീതമായി ഈ രോഗത്തിന്റെ ഭീഷണമായ പൂർണ്ണരൂപം ഇത് വരെ വെളിപ്പെട്ടിട്ടില്ല എന്ന് നാം കരുതുന്നു. ആദ്യത്തെ മസീഹായി വന്ന യേശു(അ)വിന്റെ കാലവും രണ്ടാമത്തെ മസീഹായി വന്ന ഹദ്റത്ത് അഹ്‌മദ് ഖാദിയാനി(അ)യുടെ കാലവും തമ്മിലുള്ള സാമ്യതയെപ്പറ്റിയുള്ള നിരീക്ഷണം എന്റെ ഈ അഭിപ്രായത്തെ പിന്തുണക്കുന്നു.

പഴയതും പുതിയതുമായ യേശുവിനെപ്പറ്റി ആഴത്തിൽ ചർച്ച ചെയ്യാനുള്ള ശരിയായ സ്ഥലമല്ല ഇത്. എന്നിരുന്നാലും പ്ളേഗിനെപ്പറ്റിയുള്ള ചർച്ചയായതിനാൽ യേശുവിന്റെ ശത്രുക്കളിൽ ഒരടയാളമായി പ്ളേഗ് പ്രത്യക്ഷപ്പെട്ട വിവരം ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. യേശു നിരാകരിക്കപ്പെട്ടപ്പോൾ ആദ്യത്തെ പ്ളേഗ്ബാധ ക്രി.വ. 65ൽ ഉണ്ടായതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. യാദൃശ്ചികമോ അതല്ല ബോധപൂർവ്വമോ ആവട്ടെ ഈ പ്ളേഗ്ബാധ യേശുവിന്റെ സന്ദേശം പ്രചരിക്കപ്പെടുകയും തുടർന്ന് അത് നിഷേധിക്കപ്പെടുകയും ചെയ്ത സ്ഥലങ്ങളിലുമാണ് ഉണ്ടായത്. ക്രി. വ. 1647ൽ വീണ്ടും പ്ളേഗ് സംഹാരനൃത്തമാടി. ഈ സമയം ലോകത്ത് കൂടുതൽ വിശാലവും വ്യാപകവുമായി അത് ബാധിച്ചു. ഏഷ്യാമൈനർ മുതൽ റോം വരെ ഗോളിനും, ഈജിപ്തിനുമപ്പുറത്ത് രണ്ട് ഭൂഖണ്ഡങ്ങളെ കവച്ചു വെച്ചുകൊണ്ട് അത് വ്യാപിച്ചു. ഈ രാജ്യങ്ങളിലെല്ലാം ക്രിസ്തുവിന്റെ സന്ദേശം പ്രചരിക്കുകയും ഭൂരിപക്ഷമാളുകളും അത് നിഷേധിക്കുകയും ചെയ്തിരുന്നു.

നാം അഭിപ്രായപ്പെട്ടത് പോലെ ഈ സാമ്യത ഇവിടെ സ്വയം ആവർത്തിക്കപ്പെടുകയാണെങ്കിൽ ഈ പുതിയ തരം പ്ലേഗ് ഈ നൂറ്റാണ്ടിന്റെ അവസാനത്തിൽ അതിന്റെ മൂർദ്ധന്യദശ പ്രാപിക്കുകയും അടുത്ത നൂറ്റാണ്ടിന്റെ ആരംഭത്തിലേക്ക് അത് നീണ്ടു നിൽക്കുകയും ചെയ്യാതിരിക്കാൻ സാധ്യതയില്ല. ഇത് വാഗ്ദത്ത മസീഹി(അ)ന്റെ കാലഘട്ടത്തെ ആധാരമാക്കിയുള്ള നമ്മുടെ ഒരു കണക്ക് കൂട്ടലാണ്. എങ്ങനെയാണെന്നാൽ 1894-1904 കാലഘട്ടങ്ങളിലാണ് ആദ്യത്തെ പ്ളേഗ് വമ്പിച്ച കാഠിന്യത്തോടെ സംഹാരതാണ്ഡവമാടിയത്. ഈ സംഭവത്തിന്റെ ആവർത്തനം എത്രത്തോളം വിശദമായി സംഭവിക്കാനാണ് അവനാഗ്രഹിക്കുന്നതെന്ന് ദൈവത്തിന് മാത്രമേ അറിയുകയുള്ളൂ. അതുവരെ നാം കരുതിയിരിക്കേണ്ടതാണ്. മനുഷ്യനെ പരിഷ്ക്കരണത്തിന് പ്രാപ്തരാക്കിക്കൊണ്ട് ആഗോളവ്യാപകമായ ഈ വിപത്തിൽ നിന്നും മനുഷ്യരാശിയെ ദൈവം രക്ഷിക്കട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. മനുഷ്യർ അവന്റെ വഴികൾ നന്നാക്കുകയും ആത്മാർത്ഥതയോടെ പശ്ചാത്തപിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ മാപ്പിന് അവൻ അർഹനായി തീരുകയും അങ്ങനെ അവന്റെ പാപത്തിന്റെ ഫലമായുള്ള ശിക്ഷയിൽ നിന്ന് അവൻ ഒഴിവാക്കപ്പെടുകയും ചെയ്യും എന്നുള്ളത് അസംഭവ്യമല്ല. എന്നാൽ കഷ്ടമെന്ന് പറയട്ടെ, മനുഷ്യൻ പശ്ചാത്തപിക്കുകയും തന്റെ പ്രവൃത്തികൾ നന്നാക്കുകയും ചെയ്യുന്നത് സംഭവിക്കാനിടയില്ലാത്തതാണ്. ഒരാൾ മതവിശ്വാസിയോ അവിശ്വാസിയോ ആണെന്നതോ ദൈവത്തിൽ വിശ്വസിക്കുന്നവനോ നിരീശ്വരവാദിയോ എന്നതോ ഒരു പ്രധാനകാര്യമല്ല. മനുഷ്യന്റെ ധാർമ്മിക സ്വഭാവത്തിന്റെ കാര്യത്തിൽ അത് സാർവ്വത്രികമായി പാപപങ്കിലമായിട്ടാണ് കാണപ്പെടുന്നത്. മതവിശ്വാസികളെന്ന് പറയപ്പെടുന്ന ആളുകൾ അധാർമ്മികതയിൽ മതമില്ലാത്ത ആളുകളെക്കാൾ പിന്നിലല്ല. ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന് പറയപ്പെടുന്ന ആളുകളെ വിശ്വസിക്കാത്ത ആളുകളിൽ നി

*(ശേഷം 37-ൽ)*

ലേഖനം

അബ്ദുറശീദ്

# ഖിലാഫത്ത്: അന്തിമവിജയത്തിലേക്കുള്ള കവാടം

**ഇസ്‌ലാമിന്റെ ആഗോളവിജയത്തിന്നുള്ള ഒരേയൊരു കവാടം അഹ്മദിയ്യാ ഖിലാഫത്തിന്റേതാണ്.**

മനുഷ്യന്റെ ആത്മീയ പോഷണത്തിനാണ് പ്രവാചകന്മാർ ആഗതരാവുന്നത് അവർ ദിവംഗതരാവുന്ന മുറക്ക് ഒരു ആത്മീയ സ്ഥാപനം അഥവാ ഖിലാഫത്ത് രൂപം കൊള്ളുകയും ആത്മീയ ജീവിതം ആഗ്രഹിക്കുന്ന മുമുക്ഷുക്കൾ ആ ദൈവിക സംവിധാനവുമായി ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. ഗർഭസ്ഥശിശുവിന്ന് മാതാവുമായുള്ള പൊക്കിൾക്കൊടി ബന്ധം പോലെ ഒരു സത്യവിശ്വാസിക്ക് ഖിലാഫത്തുമായുള്ള ബന്ധം പ്രകൃതിപരവും ദൈവികവുമാണ്. മനുഷ്യന്റെ വൈയക്തികവും സാമൂഹികവുമായ സകലവിധ വികാസത്തിന്നും ഖിലാഫത്തുമായുള്ള ബന്ധം അനുപേക്ഷണീയമായ ഒരു ഘടകമാണ്. മുസ്‌ലിം സമൂഹം ഇന്ന് അഭിമുഖീകരിക്കുന്ന സകല പ്രശ്നങ്ങൾക്കും പരിഹാരമാണ് ഖിലാഫത്ത്. ആ ഖിലാഫത്ത് വ്യവസ്ഥ ഇന്ന് ഭൂമുഖത്തുള്ള ഒരേയൊരു പ്രസ്ഥാനം അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്.

ആധുനിക മുസ്‌ലിം ലോകം ഇന്നു നേരിടുന്ന ഭീഷണിക്കും, പീഡനങ്ങൾക്കും, മുഖ്യകാരണം അവക്കൊരു ഖലീഫയോ ഖിലാഫത്തോ ഇല്ലാതെ പോയതിന്റെ പരിണിത ഫലമാണെന്നു എളുപ്പം മനസ്സിലാക്കാം.

*“നിങ്ങളിൽനിന്നും വിശ്വസിക്കുകയും സൽകർമ്മം അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്കു മുമ്പുള്ളവരെ ഖലീഫമാരാക്കിയത്പോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു (24:56)*

മേൽവാക്യത്തിൽ പറഞ്ഞ സത്യവിശ്വാസികൾ എന്ന പദം നാം പ്രത്യേകം മനസ്സിരുത്തി ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ഉപര്യുക്ത ആയത്തുമായി ഇന്നു ഭൂരിപക്ഷ മുസ്‌ലിംകൾ എന്നവകാശപ്പെടുന്നവർ എത്രമാത്രം അടുത്തുനിൽക്കുന്നു എന്നു ഒരന്വേഷണം നടത്തുന്നത് ഈ അവസരത്തിൽ നന്നായിരിക്കും. ഖുർആനിക അധ്യാപനങ്ങളെ തങ്ങളുടെ പാരമ്പര്യ വിശ്വാസമനുസരിച്ചു ചിലതുൾക്കൊള്ളുകയും തങ്ങളുടെ വിശ്വാസത്തിന്നെതിരായി വരുന്ന ആയത്തുകളെ തള്ളുകയും ചെയ്യുകയെന്നത് ഒരിക്കലുമൊരു സത്യവിശ്വാസിക്കു യോജിച്ചതല്ല. മറിച്ചു അങ്ങനെയുള്ള നിലപാടു സ്വീകരിക്കുന്നവർ സത്യനിഷേധികളുടെ പട്ടികയിലാണുൾപെടുകയെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ.

മഹ്ദി മസീഹിനെ നിഷേധിക്കുന്ന കാര്യത്തിലും നബി(സ)യുടെ പദവിയെ അന്ത്യനെന്നാക്കി താഴ്ത്തുന്നതിലും ഈസാ നബി (അ)യെ സംബന്ധിച്ച് ഖുർആനിക പാഠത്തിന്ന് എതിരായ വിശ്വാസം സ്വീകരിച്ചു ധാർഷ്ഠ്യം കാണിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിന്ന് അല്ലാഹു വാഗ്ദാനം നല്കിയ ഖിലാഫത്തും സമാധാനവും ലഭിക്കുന്നതെങ്ങനെ? ഞങ്ങളാണു യഥാർത്ഥ വിശ്വാസികൾ എന്നവകാശപ്പെടുന്നവർ ഖുർആൻ ഈ വിഷയങ്ങളിൽ എന്തുപറയുന്നു എന്ന് അന്വേഷിച്ചു ആത്മപരിശോധന നടത്തേണ്ടതുണ്ട്.

## ഖിലാഫത്തിന്റെ തുടക്കവും രൂപവും

ഭൂമിയിൽ കായികപൂർണ്ണത പ്രാപിക്കുകയും മാനുഷതയുടെ ഗുണങ്ങൾകൊണ്ട് സമീകരിക്കപ്പെ

ടുകയും ചെയ്ത ഒരു മനുഷ്യന്റെ (ആദം നബിയുടെ സാന്നിധ്യം എന്നു മുതലുണ്ടായോ അന്നു തൊട്ടേ ഖിലാഫത്തിന് പ്രാരംഭം കുറിച്ചു എന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നു.

ആദംനബി(അ)യെ ഖലീഫയാക്കികൊണ്ട് സ്ഥാപിതമായ ആ ഖിലാഫത്തോടെയാണ് ഭൂമിയിൽ ആദ്യമായി ഖിലാഫത്തിന്ന് തുടക്കം കുറിക്കുന്നത്. അല്ലാഹുവിന്റെ നേരിട്ടുള്ള ഇടപെടലിലൂടെ തുടക്കം കുറിച്ച ആ പ്രക്രിയ തുടർന്നങ്ങോട്ട് അല്ലാഹു നിയോഗിച്ചയച്ച പ്രവാചകന്മാരിലൂടെ അനുസ്യൂതം തുടർന്നുപോന്നു. “നുബുവ്വത്ത് ഉണ്ടായിട്ടില്ല, അതിനെ തുടർന്നു ഖിലാഫത്ത് ഇല്ലാതെ” (കൻസുൽ ഉമ്മാൽ) എന്ന ഹദീസ് ഖിലാഫത്തിന്റെ മുന്നോടിയായി നുബുവ്വത്ത് ഉണ്ടാവുമെന്ന സത്യത്തിലേക്ക് വെളിച്ചം വീശുന്നു.

അല്ലാഹു പ്രവാചകന്മാരെ രണ്ട് രൂപത്തിലുള്ള ദൗത്യ പൂർത്തീകരണത്തിന്നായി നിയോഗിച്ചയക്കാറുണ്ട്. ആദ്യമായി ന്യായപ്രമാണ വാഹകരായ ശരീഅത്തോടുകൂടിയ പ്രവാചകന്മാരെയും രണ്ടാമത് കാലാന്തരത്തിൽ ആ നിയമസംഹിതയിൽ നിന്നും അകന്നു പോകുന്ന ജനസമൂഹത്തെ തിരികെ സത്യമാർഗത്തിലേക്ക് നയിക്കാനും മതത്തിൽ കടന്നുകൂടിയിട്ടുള്ള ബിദ്അത്തുകളെയും ഫിത്ന്‌നകളെയും ഇല്ലാതാക്കി ആ ന്യായപ്രമാണത്തെ വ്യാഖ്യാനിക്കുവാനും സംസ്ഥാപിക്കുവാനും വേണ്ടി നിയോഗിച്ചയക്കുന്ന പ്രതിരൂപ പ്രവാചകന്മാരായി മറ്റൊരു വിഭാഗത്തേയും.

‘കരയിലും കടലിലും ഒരുപോലെ അധർമ്മം വെളിപെട്ടിരിക്കുന്നു.’ (30:4) എന്ന ഖുർആന്റെ വചനം ഒരു പ്രവാചകന്റെ സമാഗമനത്തിന്നു സമയമായിരിക്കുന്നു എന്ന് സൂചിപ്പിക്കുന്നു. ഇവിടെ കടൽ എന്നത് അഹ്‌ലുൽ കിതാബിനും (ദൈവിക ഗ്രന്ഥാനുസാരികൾക്കും) ബർറ് എന്നത് (കര) ദൈവിക ഗ്രന്ഥാനുസാരികളല്ലാത്താവരെയും കുറിച്ചുള്ള ഉപമാലങ്കാര പ്രയോഗമാകുന്നു. ആയതിനാൽ ആ കാലത്ത് ഏതൊരു കൂട്ടർ ദൈവിക ഗ്രന്ഥം കൈയ്യിൽ വെച്ചിരിക്കുന്നുവൊ അവരുടെയും അല്ലാത്തവരുടെയും അവസ്ഥ അത്യന്ത്യം ശോചനീയമായിരിക്കുമെന്നതിനാൽ അവരെ ഹിദായത്തിന്റെ മാർഗത്തിലാക്കാൻ അല്ലാഹുവിൽ നിന്നും ഒരു സത്യവാൻ വരേണ്ടത് ലോകജനതക്ക് അനുപേക്ഷണീയമായ കാര്യമാണ്.

## പൂർവ്വവേദങ്ങളിൽ

ലോകത്ത് അധർമ്മം വർധിച്ചു വരുമ്പോഴെല്ലാം ധർമ്മം സ്ഥാപിക്കാനായി ഓരോ ദൈവദൂതന്മാർ വന്നുകൊണ്ടേയിരിക്കുമെന്ന് മുൻ കാലവേദങ്ങളിലും ഉപനിഷത്തുകളിലും കാണാം. ഉദാ: മുഹമ്മദ് നബിക്കു(സ) അനേകായിരം വർഷങ്ങൾക്കു മുമ്പേ ഭാരതത്തിൽ കംസാദി സത്യദ്രോഹികളെ നശിപ്പിക്കാനായി അവതാരംചെയ്ത ശ്രീകൃഷ്ണൻ (അ) പറഞ്ഞത് ഭഗവത്ഗീതയിൽ ഇങ്ങനെ കാണാം.

യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർ ഭവതി ഭാരതഃ

അഭ്യുത്ഥാന മധർമ്മസ്യാ തദാത്മാനം സൃജാമ്യഹം

പരിത്രാണായ സാധൂനാം വിനാശായ ചതുഷ്കൃതാം

ധർമ്മസംസ്ഥാപനാർഥായ

സംഭവാമി യുഗേ യുഗേ

സാധുക്കളുടെ സംരക്ഷണത്തിന്നായും ദുഷ്കൃത്യന്മാരുടെ സംഹാരത്തിന്നായും ധർമ്മത്തെ സ്ഥാപിക്കേണ്ടതിനുമായി ഓരോ കാലങ്ങളിലും ദൈവികപുരുഷന്മാരുടെ ആവിർഭാവം ഉണ്ടാവുന്നു എന്നാണ് ഉപര്യുക്ത ശ്ലോകത്തിലൂടെ കൃഷ്ണൻ അർജുനനെ ഉപദേശിച്ചത്.

മൂസാ നബി (അ)ന്ശേഷം തുടർച്ചയായി ഇസ്രായീല്യരിൽ ആഗതരായിട്ടുള്ള പ്രവാചകന്മാരുടെ പരമ്പരയിൽ ഇതിന്റെ വ്യക്തമായ രൂപം കാണാം. മൂസാ നബി (അ) ന്യായപ്രമാണവാഹകനായ ഒരു പ്രവാചകനായിരുന്നു. അദ്ദേഹത്തിന് വെളിപെട്ട ന്യായപ്രമാണത്തെ നിലനിർത്താനും വിശദീകരിക്കാനും “ഇറങ്ങിയ” ഈസാ നബി (അ) തന്റെ വരവിനെ കുറിച്ചു ഇപ്രകാരം പറയുന്നതു കാണുക:

“ഞാൻ ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കേണ്ട. നീക്കുവാനല്ല, പൂർത്തിവരുത്തുവാനത്രെ ഞാൻ വന്നത്” (മത്തായി 5-17)

മൂസാനബിയുടെ സഹോദരനായ ഹാറൂൺ നബി(അ) (ജോഷ്വ) തുടങ്ങിയവരും അതുപോലെ എലിയ്യാ, എശയ്യാ, ഹെസഖിയേൽ, തുടങ്ങിയവരെപോലുള്ള പ്രവാചകന്മാരും ഇതേ ശരീഅത്ത് വിശദീകരിക്കാൻ വന്നവരാണ്. അവരുടെയെല്ലാം ദൗത്യവും കടമയും ഒന്നു തന്നെയുമാണ്. ഇങ്ങനെ വരുന്ന പ്രവാചകന്മാർക്ക് വ്യത്യസ്ത ശരീഅത്തുകളാണെന്ന് ആർക്കും വാദമില്ല! മുഹമ്മദ് നബി(സ) ക്ക് ശേഷം അദ്ദേഹത്തിന് മസീഹ് ആയി വന്ന മിർസാഗുലാം അഹ്മദ് ഖാദിയാനി (അ) ഇതേ ഗണത്തിൽ പെടുന്നു.

## മുഹമ്മദീ ഖിലാഫത്ത്

ഇസ്‌ലാമിക ശരീഅത്ത് മുഹമ്മദ് നബി(സ)യിൽ കൂടിയാണ് നമുക്ക് ലഭിച്ചത്. ഇസ്‌ലാംമതപൂർത്തീകരണവും അദ്ദേഹത്തിലൂടെ അവസാനിച്ചു. ഇനി സ്വന്തമായൊരു ശരീഅത്തോടുകൂടി ഒരു പ്രവാ

ചകനും വരാൻ അവസരമില്ല. ലോകത്തുള്ള സർവ്വജനങ്ങൾക്കും ഇനിയുള്ള കാലത്തേക്കും അദ്ദേഹത്തിന്റെ ശരീഅത്ത് പിൻപറ്റുക എന്നുള്ളതാണ് മനുഷ്യകുലത്തിന്നാകെയുള്ള രക്ഷാമാർഗം.

പ്രവാചകപ്രഭുവായ മുഹമ്മദ് നബി (സ) ഇസ്‌ലാം മതപ്രചാരണ ദൗത്യം പൂർണ്ണവിജയത്തിലെത്തിച്ചപ്പോൾ അദ്ദേഹത്തിന്ന് രാജ്യഭരണവും നൽകി. മനുഷ്യരാശിയുടെ സർവ്വതോന്മുഖമായ മേഖലകളിലും ഒരു സമ്പൂർണ്ണ മാതൃകയാണ്. മുഹമ്മദ് നബി (സ). അദ്ദേഹത്തിന്റെ ആഗമനോദ്ദേശം രാജ്യഭരണം സ്ഥാപിക്കുകയല്ലെന്നിരിക്കിലും മുസ്‌ലിംകളിൽ ഭരണം വന്നു ചേരുകയാണെങ്കിൽ എങ്ങനെ ഭരിക്കണം എന്ന് മാതൃക കാണിക്കേണ്ട ബാധ്യതയും അദ്ദേഹത്തിന്നുണ്ടായിരുന്നു.

പ്രവാചക പ്രഭുവിന്റെ സംബോധിതർ അങ്ങേയറ്റം പ്രാകൃതജീവിതവും കുടിപ്പകയും ഗോത്രവൈരവും വെച്ചുപുലർത്തിയവരായിരുന്നു. മദ്യവും മദിരാക്ഷിയും, കൊള്ളയും, കൊലയും, ചൂതുകളിയും, പിടിച്ചുപറിയും, പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടലും അടിമസമ്പ്രദായവും, കഅബയിൽ സ്ത്രീകളുടെ നഗ്ന പ്രദക്ഷിണവും, ബിംബാരാധനയുമെല്ലാം അഭിമാനത്തിന്റെ അടയാളമായി അവർ കണ്ടു. ഇങ്ങനെ തിൻമയുടെ നടുവിൽ ജീവിക്കുന്ന ഒരു മനുഷ്യസമൂഹത്തെ സാംസ്കാരികമായും നാഗരികമായും മാന്യതയുടെ പുതുവസ്ത്രമണിയിച്ചു ലോകജനതയുടെ മുന്നിൽ നടത്തിച്ചത് തിരുനബിയുടെ ശിക്ഷണവും ഖുർആന്റെ സന്ദേശവുമായിരുന്നു.

സർവ്വരാലും അംഗീകരിക്കുന്ന വ്യക്തിത്വവും സ്വഭാവമേന്മയും എല്ലാ ഗുണങ്ങളുടെയും അക്ഷയഖനിയുമായിരുന്ന ആ മഹാത്മാവിൽ നിന്നും മതവും, നീതിയും, സ്നേഹവും, കരുണയും ലോകം പഠിച്ചു. ഇന്നും അത് തുടർന്നു കൊണ്ടേയിരിക്കുന്നു. ചരിത്രത്തിൽ തുല്യതയില്ലാത്ത വിപ്ലവകരമായ ആ പരിശുദ്ധ ജീവിതത്തിന് തിരശ്ശീല വീണപ്പോൾ ഹദ്റത്ത് ഉമർ തന്റെ കൈ ഉയർത്തി ഹദ്റത്ത് അബൂബക്കറി (റ)ന്റെ കൈയ്യിൽ വെച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "ഖിലാഫത്തിന്റെ അവകാശി ഞങ്ങളല്ല. ഞങ്ങൾ അങ്ങയുടെ കൈയ്യിൽ ബൈഅത്ത് ചെയ്യുന്നു. അങ്ങ് ഞങ്ങളുടെ നേതാവും ഞങ്ങളിൽ ഉത്തമനുമാകുന്നു. നബികരീം(സ) താങ്കളെ വളരെയധികം സ്നേഹിക്കുകയും നമസ്കാരത്തിന്ന് ഇമാമത്ത് നിർത്തുകയും ചെയ്തിട്ടുണ്ട്." തുടർന്ന് രണ്ടാം ദിവസം തന്നെ പള്ളിയിൽ വെച്ച് പൊതുവായുള്ള ബൈഅത്തും നടത്തി. അങ്ങനെ നുബൂവ്വത്തിന് ശേഷം ഇസ്‌ലാമിക ലോകത്ത് ഖിലാഫത്ത് നിലവിൽ വന്നു.

ഹദ്റത്ത് അബൂബക്കറി (റ)ന് ശേഷം, ഹദ്റത്ത് ഉമർ, ഹ: ഉഥ്മാൻ, ഹ:അലി എന്നിവർ ഖലീഫമാരായി അവരോധിക്കപ്പെട്ടു. റസൂൽ തിരുമേനി(സ)യുടെ അദ്ധ്യാപനങ്ങൾക്കനുസരിച്ച് ഖിലാഫത്ത് ഭരണം നിർവ്വഹിച്ച ആത്മീയ പ്രഭാവിതരായ ഈ മഹാത്മാക്കൾ ഖുലഫാഉർറാശിദ എന്നറിയപ്പെടുന്നു. അതിനുശേഷം ഖിലാഫത്തിന് വമ്പിച്ച വ്യതിയാനങ്ങൾ സംഭവിക്കുകയുണ്ടായി.

## ഖിലാഫത്തിലെ വ്യതിയാനം റസൂലിന്റെ വാക്കുകളിൽ

അല്ലാഹു ഇച്ഛിക്കുന്നിടത്തോളം നിങ്ങളിൽ പ്രവാചകത്വം നിലനില്കുകയും പിന്നെ അവൻ അതിനെ ഉയർത്തുകയും അല്ലാഹു ഇച്ഛിക്കുന്നത് വരെ സ്വേഛാധിപത്യം നിലനില്ക്കുകയും പിന്നെ അതിനെയും ഉയർത്തുകയും പിന്നെ മർദ്ദകഭരണവും അതിനെയും അല്ലാഹു നീക്കം ചെയ്യും. തുടർന്നു പ്രവാചകത്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് ഉണ്ടാവുമെന്നും തിരുനബി അരുൾ ചെയ്തു. പിന്നെ അവിടുന്ന് മൗനമവലംബിച്ചു (മിശ്കാത്ത്)

മേൽപറഞ്ഞ ഹദീസിൽ റസൂൽ തിരുമേനി ഖിലാഫത്തുൻ അലാ മിൻഹാജിൻ നുബുവ്വത്തിന്റെ രണ്ട് സംസ്ഥാപനത്തെക്കുറിച്ചാണ് സൂചിപ്പിച്ചത്. ആദ്യത്തെ പ്രവാചകത്വ വഴിയിലുള്ള ഖിലാഫത്ത് ഹദ്റത്ത് മുഹമ്മദ് നബി (സ) തിരുമേനിയുടെ നിയോഗാനന്തരം ഹദ്റത്ത് അബൂബക്കർ (റ) തുടങ്ങി അലി(റ)യിൽ പര്യവസാനം കുറിച്ചു (52 വർഷം)

അതിനുശേഷം മുസ്‌ലിം സമുദായത്തിൽ സ്വേഛാധിപത്യവും മർദ്ദകപരവുമായ ഭരണകൂടങ്ങൾ നിലനിന്നു. അതോടൊപ്പം തന്നെ മുസ്‌ലിം സമുദായം ആത്മീയമായും ധാർമ്മികമായും അധ:പതനത്തിലേക്ക് കൂപ്പുകുത്തി. അജ്ഞതയും അധർമ്മവും വർധിച്ചു. മുസൽമാൻമാരുടെ ആചാരങ്ങളും വിശ്വാസങ്ങളും വെള്ളിയും വെള്ളിക്കോലും പോലെ ഒരു ബന്ധവും ഇല്ലാതായി.

## സ്വേഛാധിപത്യ മർദ്ദക ഖിലാഫത്ത്

ഖിലാഫത്ത് റാശിദക്ക് ശേഷം വന്ന ഖലീഫമാർ പ്രവാചക പ്രഭുവിന്റെ പ്രവചനമനുസരിച്ച് അദ്ദേഹത്തിന്റെ വാക്കുകൾ അർത്ഥവത്താക്കുന്ന രീതിയിലുള്ള മർദ്ദകഭരണമായിരുന്നു സ്വീകരിച്ചിരുന്നത്. ആദി ഖലീഫമാർ ആത്മീയവും ഭൗതികവുമായ സമ്മിശ്ര ഗുണവിശേഷങ്ങളടങ്ങിയവരായിരുന്നുവെങ്കിൽ അതിന് നേരെ വിപരീതമായിരുന്നു

അവർക്ക്ശേഷം വന്ന ഖലീഫാ നാമധാരികൾ.

അവർ ഭരണത്തിലും അധികാരത്തിലും മാത്രം ലക്ഷ്യം വെച്ച് ഭൗതികമായ നിലയിൽ മാത്രം ഖലീഫമാരും കേവല രാഷ്ട്രീയാധികാരത്തോടെയുള്ള വെറും മുസ്‌ലിം രാജാക്കന്മാരുമായിരുന്നു. അവരും ഖിലാഫത്തിന്റെ പ്രതിനിധികളെന്നോണം ഖലീഫമാർ എന്ന് വിളിക്കപ്പെട്ടു.

ഇവരിൽ ഉമർ രണ്ടാമൻ എന്നറിയപ്പെടുന്ന ഉമറുബ്നു അബ്ദുൽ അസീസിനെപോലെയുള്ള സാത്വികരായ ഖലീഫമാരും ഉണ്ടായിരുന്നു. തുടർന്നു ഓരോ നൂറ്റാണ്ടിന്റെയും ആരംഭത്തിൽ ആവിർഭവിച്ചു കൊണ്ടിരുന്ന മുജദ്ദിദുമാർ ആത്മീയ പ്രാതിനിധ്യം വഹിച്ചുകൊണ്ട് തിരുമേനിയുടെ അവതാരോദ്ദേശ്യം പൂർത്തീകരിക്കുന്ന ഖലീഫമാരായി മറ്റൊരു വിധത്തിൽ ഖിലാഫത്തിനെ നിലനിർത്തി.

ഹിജ്റ പതിനാലാം നൂറ്റാണ്ടിന്റെ ആദ്യം വരെ ഭരണപ്രധാനമായ ഖിലാഫത്തായിരുന്നു നിലനിന്നിരുന്നത്. ക്രി. വ. ഇരുപതാം നൂറ്റാണ്ടോടുകൂടി റസൂൽതിരുമേനിയുടെ പ്രവചനപ്രകാരം ആ ഖിലാഫത്തും തിരോഭവിച്ചു. അതിനുശേഷം നുബൂവ്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി (അ)ലൂടെ സ്ഥാപിതമായി.

## ഖിലാഫത്തുൻ അലാമിൻ ഹാജിൻ നുബൂവ്വ:

റസൂൽതിരുമേനിയുടെ (സ) പ്രവചനമനുസരിച്ച് ഖിലാഫത്ത് നുബൂവ്വത്തിന്റെ മാർഗ്ഗത്തിൽ വീണ്ടും ലോകത്ത് സംജാതമാവും. ഹദ്റത്ത് അഹ്മദിനെ (അ) അല്ലാഹു വാഗ്ദത്ത മഹ്ദിയും മസീഹുമായി തിരഞ്ഞെടുത്തയച്ചതിന്റെ ഒരു മുഖ്യോദ്ദേശ്യം ഇസ്‌ലാമിൽ വിനഷ്ടമായ ഖിലാഫത്തിന്റെ പുന:സ്ഥാപനമാണ്. നുബൂവ്വത്തിന്റെ മാർഗത്തിലുള്ള ഈ ഖിലാഫത്ത് ഹദ്റത്ത് അഹ്മദിന്റെ (അ) ദിവ്യവിയോഗത്തിനുശേഷം നിലവിൽ വരികയുണ്ടായി. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ (റ), ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ), ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റഹ്), ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) എന്നിവർക്ക് ശേഷം ഇപ്പോഴത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദുഹു) ഖിലാഫത്തിലൂടെ ഇസ്‌ലാമിന്റെ അജയ്യത ലോകത്ത് സ്ഥാപിക്കാനുള്ള ആഗോളശ്രമവുമായി മുന്നോട്ട് കുതിക്കുകയാണ്.

## ഖിലാഫത്ത് : ഇസ്‌ലാം മതത്തിന്റെ അടിത്തറ

ഇസ്‌ലാം മതത്തിന്റെ അടിത്തറയെന്ന് പറയുന്നത് തൗഹീദാണ്. പൊയ്ദൈവങ്ങളേയും വ്യാജദൈവങ്ങളേയും വെടിഞ്ഞ്. സർവ്വലോകരക്ഷിതാവും സ്രഷ്ടവുമായ ഏകദൈവത്തെ ആരാധിക്കുക എന്നതാണ് തൗഹീദിന്റെ സന്ദേശം.

ഖിലാഫത്തിന്റെ നായകനായ ഖലീഫ ഖുത്ബകളും കാലാനുസൃതമായ ഉപദേശങ്ങളും വ്യക്തിയെ സംസ്കരിക്കുന്നതോടൊപ്പം ഖിലാഫത്ത് വിശ്വാസിക്ക് പരിശുദ്ധമായ ഒരു സാമൂഹിക പശ്ചാത്തലവും നൽകുന്നു. അവന്റെ കർമ്മജീവിതത്തെ ഇസ്‌ലാമിക ചൈതന്യത്താൽ കർമ്മനിരതമാക്കാനുള്ള നാനാവിധ സംവിധാനങ്ങളും ഖിലാഫത്തിലുണ്ട്.

മനുഷ്യരിൽ സദാചാരവും ആത്മീയതയും വളർത്തിക്കൊണ്ട് വരികയെന്നതാണ് മതത്തിന്റെ കർത്തവ്യം. എല്ലാ മതങ്ങളുടെയും അടിസ്ഥാനതത്വങ്ങൾ പരിശോധിക്കുന്നതായാൽ ഈയൊരു യാഥാർഥ്യം കാണാവുന്നതാണ്. ജനങ്ങളിൽ സദാചാരം വളർത്തിക്കൊണ്ട് വരുന്നതിനും അവരിൽ ആദ്ധ്യാത്മികത നിറക്കുന്നതിനും ദൈവത്തിൽ നിന്നുള്ള ആത്മഗുരുക്കന്മാർ എല്ലായ്പ്പോഴും സമുദായത്തിലുണ്ടായിട്ടുണ്ട്. ആ ആത്മഗുരുക്കന്മാരുടെ പരിശീലനക്കളരിയിൽ നിന്നും മെയ്വഴക്കം സിദ്ധിച്ച് പാപപ്രകൃതി നശിപ്പിച്ചു പ്രത്യേക ചൈതന്യമുൾക്കൊണ്ടുകൊണ്ട് ഒരു ജീവിതത്തിന് തുടക്കമിടാൻ, അടിത്തറപാകാൻ ഖിലാഫത്ത്‌വഴി മാത്രമേ സാധിക്കുകയുള്ളൂ.

സമ്പൂർണ്ണമായ ഒരു നല്ല സ്വഭാവശൈലി അവതരിപ്പിക്കുവാനും മനുഷ്യസമൂഹത്തെ അഭിമുഖീകരിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാനും എല്ലാ മേഖലയിൽ പെട്ട ജനങ്ങളുടെ അവകാശങ്ങളും നീതിപൂർവ്വം വീതിച്ചുകൊടുക്കാനും മതത്തിലൂന്നിയുള്ള ഈ സംവിധാനത്തിന് മാത്രമെ സാധിക്കുകയുള്ളൂ.

ഒരു വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും സംസ്കരിക്കാൻ ഒരു ഭൗതിക ഭരണഘടനക്ക് സാധ്യമല്ല. അതിന് പല ന്യൂനതകളും ഉണ്ടാവാനും ബാഹ്യസമ്മർദ്ദങ്ങൾ മുഖേന നീതി നിഷേധിക്കപ്പെടാനും സാധ്യത കൂടുതലാണ്. എന്നാൽ ഈ മേഖലകളിലെല്ലാം നിഷ്പക്ഷമായും സത്യസന്ധമായും ഒരുവിധി ഖിലാഫത്തിലൂടെ നേടാൻ സാധിക്കുകവഴി മതത്തിന്റെ നിലനില്പിന്ന് ഖിലാഫത്ത് അനിവാര്യമാണെന്ന് നിസ്സംശയം പറയാം. അഹ്മദിയ്യാ ഖിലാഫത്തിലൂടെ നിറവേറ്റപ്പെടുന്ന ദൈവിക ദൗത്യമതാണ്. മുസ്‌ലിംലോകം എത്രയും വേഗം ഈ സത്യസ്ഥാപനത്തെ തിരിച്ചറിയുമാറാകട്ടെ.

●

ലേഖനം

അൽ-ഖുർആൻ എക്സിബിഷൻ: അവലോകനം - 2

എ.ക്യു. മഹ്ദി

# പ്രാപഞ്ചികരഹസ്യങ്ങളുടെ കലവറ തുറക്കുന്ന പരിശുദ്ധ ഖുർആൻ

നമുക്ക് എന്നും ഒരു പ്രഹേളികയായി അവശേഷിക്കുന്ന പ്രപഞ്ചരഹസ്യങ്ങളുടെ അത്ഭുതഭാവത്തെപ്പറ്റി പരിശുദ്ധ ഖുർആൻ പറയുന്നത് എന്താണ് എന്നതിലൂടെ അൽഖുർആൻ എക്സിബിഷൻ അനാവരണം ചെയ്യുന്ന രണ്ടാം ഭാഗത്തേക്ക് കടക്കുകയാണ്. പ്രപഞ്ചത്തെയും പ്രപഞ്ച രഹസ്യങ്ങളെയും പറ്റി വിശദമായ പാഠങ്ങൾ പരിശുദ്ധ ഖുർആനിൽ നിന്നും ലഭ്യമാണ്. സൗരയൂഥ വ്യവസ്ഥ നിലവിൽ വരുന്നതിനെപ്പറ്റി പരിശുദ്ധ ഖുർആൻ പറയുന്നതെന്തെന്ന് നമുക്കൽപ്പം ശ്രദ്ധിക്കാം.

*'പിന്നെ അവൻ ആകാശത്തിന്റെ നേരേ ശ്രദ്ധ പതിപ്പിച്ചു. അപ്പോൾ അതു പുകയായിരുന്നു. എന്നിട്ട് അതിനോടും ഭൂമിയോടും അവൻ പറഞ്ഞു:*

*'നിങ്ങൾ രണ്ടും സ്വമനസ്സാലെയോ നിർബന്ധമായോ വരിക', അവ രണ്ടും പറഞ്ഞു, 'ഞങ്ങളിതാ സ്വമനസ്സാലെ വന്നിരിക്കുന്നു.' അങ്ങനെ അവൻ അവയെ ഏഴു ആകാശങ്ങളായി രണ്ടു ഘട്ടങ്ങളിൽ പൂർത്തീകരിച്ചു. ഓരോ ആകാശത്തിലും അതിന്റെ കാര്യങ്ങൾ അവൻ ബോധനം ചെയ്തു. ഏറ്റവും താഴത്തെ ആകാശത്തെ ദീപങ്ങൾ കൊണ്ട് അവൻ അലങ്കരിച്ചു, സംരക്ഷണത്തിനുവേണ്ടി, പ്രതാപവാനും സർവ്വജ്ഞനുമായ അല്ലാഹുവിന്റെ ആസൂത്രണമാണിത്." (41:13-14)*

ഇനി ഇതെപ്പറ്റി ശാസ്ത്രം പറയുന്നതെന്തെന്നു നമുക്കു നോക്കാം.

'മഹാവിസ്ഫോടനത്തിനു ശേഷം പ്രപഞ്ചം വാതകാവസ്ഥ പ്രാപിച്ചു. പിന്നീട് അതു ഖനീഭവിച്ചു ഗാലക്സികളും ഗോളവ്യവസ്ഥകളുമുണ്ടായി. സൂര്യനും സൗരയൂഥവും ഉണ്ടായി.'

ഖുർആൻ തുടർന്നു പറയുന്നു,

*'ആകാശത്തെ അവൻ ഉയർത്തുകയും പിന്നെ സന്തുലനം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.' (55:8)*

ഭ്രമണപഥങ്ങളിലൂടെയുള്ള ഗോളങ്ങളുടെ ചലനവ്യവസ്ഥയെപ്പറ്റി ഇപ്രകാരം കൂടി സൂചന നൽകപ്പെടുന്നു.

*'രാവിനെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ചിരിക്കുന്നത് അവനത്രെ. ഓരോന്നും അതതിന്റെ ഭ്രമണപഥത്തിൽ സുഗമമായി സഞ്ചരിക്കുന്നു.' (21:34)*

ഗോളവ്യവസ്ഥയുടെ ക്രമീക

**ഭൂമിയിൽ ജലമണ്ഡലവും ജീവിരൂപങ്ങളും ആവിർഭവിക്കാനും വളർന്നു വികസിക്കാനും അനുകൂലമായ ഒരു ആസൂത്രിത ക്രമ വ്യവസ്ഥയാണ് പ്രപഞ്ചത്തിൽ നമുക്ക് കാണാൻ സാധിക്കുന്നത്.**




രണം സംബന്ധിച്ചും വേദഗ്രന്ഥം പറഞ്ഞിട്ടുണ്ട്.

'സൂര്യനും ചന്ദ്രനും ഒരു നിശ്ചിത ഗണിതവ്യവസ്ഥയനുസരച്ചാകുന്നു.' (55:6)

വീണ്ടും പറയുന്നു

*'അവനത്രെ സൂര്യനെ ഊജ്ജ്വലതേജസ്സുള്ളതും ചന്ദ്രനെ പ്രകാശം പ്രതിഫലിപ്പക്കുന്നതുമാക്കുകയും, വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ അറിയുന്നതിനുവേണ്ടി അതിനു രാശിമണ്ഡലങ്ങൾ നിർണ്ണയിക്കുകയും ചെയ്തിട്ടുള്ളവൻ. ന്യായമായ ആവശ്യാർത്ഥമല്ലാതെ അല്ലാഹു അത് സൃഷ്ടിച്ചിട്ടില്ല. കാര്യങ്ങൾ ഗ്രഹിക്കുന്ന ജനനമക്കുവേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിവരിക്കുന്നു.'*

ഇവയ്ക്ക് ഇങ്ങനെ വിശദീകരണം നൽകാം. 'പ്രപഞ്ചവിഹായസ്സിൽ എണ്ണിയാലൊടുങ്ങാത്ത ഗോളവ്യവസ്ഥകളിലൊന്നാണ് നമ്മുടെ സൗരയൂഥം. ഒരു സൗരയൂഥത്തിലെ നക്ഷത്ര/സൂര്യന്മാരുടെ എണ്ണം പതിനായിരം കോടി ആണെന്ന് ഗണിക്കപ്പെടുന്നു. അത്തരം പതിനായിരം കോടി സൗരയൂഥങ്ങൾ തന്നെ പ്രപഞ്ചത്തിലുണ്ടത്രെ. കൃത്യവും കണിശവുമായ ഒരു ഗണിതവ്യവസ്ഥയും ക്രമവും അത് പാലിക്കുന്ന ഏറ്റവും സൂക്ഷ്മമായ സമയനിർണ്ണയത്തിനും, കാലമാപനത്തിനും - കലണ്ടറിന് എന്നർത്ഥം - മനുഷ്യൻ ഗോളവ്യവസ്ഥയെ ഉപയോഗിക്കുന്നു. അപ്പോൾ പ്രപഞ്ചത്തിൽ മുഴുവൻ വ്യാപരിച്ചു നിൽക്കുന്ന ഈ ക്രമസംവിധാനത്തിന്റെ ആസൂത്രണത്തെയും നിയാമകനെയും നിഷേധിക്കാനാവുമോ....?

നമ്മുടെ ജലമണ്ഡലത്തെയും ഭൂമിയുടെ ഭ്രമണപഥത്തെയും പറ്റി ഖുർആൻ വിവരിക്കുന്നുണ്ട്.

*"അവരോടു പറയുക, നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ, "നിങ്ങളുടെ ജലം മുഴുവൻ വറ്റി അപ്രത്യക്ഷമായാൽ ഒഴുകുന്ന സ്വച്ഛമായ ജലം ആരാണ് നിങ്ങൾക്കു കൊണ്ടുവന്നുതരിക?"*

വീണ്ടും പറയുന്നു,

*'ആകാശങ്ങളും ഭൂമിയും നീങ്ങിപ്പോകാതിരിക്കാൻ അല്ലാഹു അവയെ നിയന്ത്രിച്ചുനിർത്തുന്നു. അവയ്ക്ക് തൽസ്ഥാനങ്ങളിൽ നിന്നും വ്യതിക്രമം സംഭവിച്ചാൽ അവനു പുറമെ ആർക്കും അവയെ പിടിച്ചു നിർത്താൻ സാധ്യമല്ല."*

അതിനെ ഇങ്ങനെ വിശദീകരിക്കാം.

***(ശേഷം 37-ൽ)***



കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച

ലേഖനം

സിയാ എച്ച്. ഷാ, അമേരിക്ക.

# പ്രസിഡണ്ട് തോമസ് ജെഫേർസൻ ഏകദൈവവിശ്വാസിയായിരുന്നുവോ?

**തോമസ് ജെഫേർസന്റെ ഏകദൈവവിശ്വാസത്തിന്റെ പ്രചോദനം അദ്ദേഹത്തിന്റെ സ്വതന്ത്രചിന്തയും അതുപോലെ വിശുദ്ധഖുർആനും ആയിരിക്കാനാണ് സാധ്യത. ഏകദൈവാരാധനയെക്കുറിച്ച് ഇത്രയും ശക്തമായി പറഞ്ഞ മറ്റൊരു മതഗ്രന്ഥവുമില്ല. പക്ഷേ തീവ്രമായ ദേശീയതയും, അന്യമതവിരോധവും നിലനിൽക്കുന്ന അന്നത്തെ അമേരിക്കൻ സാഹചര്യത്തിൽ ഇസ്‌ലാമിന് അനുകൂലമായി പറയുക സാധ്യമല്ല.**

## ശാസ്ത്രചിന്തയുടെ ചരിത്രം

പാശ്ചാത്യലോകം മുസ്‌ലിംകളിൽ നിന്ന് ഒരുപാട് പഠിച്ചു. പാശ്ചാത്യർക്ക് പൗരസ്ത്യരോട് എന്ത് കടപ്പാടുകളാണുള്ളത്? വായനക്കാർക്ക് ഒരു വിഹഗ വീക്ഷണം നൽകാൻ വേണ്ടി നമുക്ക് ചരിത്രത്തിലേക്ക് മടങ്ങാം: സ്ഥലം ബാഗ്ദാദ് ആണ്.

മുഹമ്മദ്ബ്നു മൂസാ അൽഖാരിസ്മി ഒരു ഗണിതശാസത്രജ്ഞനും ജ്യോതിശാസ്ത്രജ്ഞനുമായിരുന്നു. അദ്ദേഹമായിരുന്നു മുഖ്യമായും അറബി അക്കങ്ങളും ബീജഗണിതവും യൂറോപ്പിന് പരിചയപ്പെടുത്തിയത്. ബാഗ്ദാദിൽ ജീവിച്ച അൽഖാരിസ്മി ഖലീഫാ അൽമാമൂന്റെ കീഴിൽ House of wisdom (ബൈത്തുൽ ഹിക്മ) എന്ന സ്ഥാപനത്തിലായിരുന്നു ജോലി ചെയ്തത്. ആ സ്ഥാപനം ശാസ്ത്രപരവും തത്വജ്ഞാനപരവുമായ ഗ്രന്ഥങ്ങൾ ശേഖരിക്കുകയും പരിഭാഷപ്പെടുത്തുകയും ചെയ്തു. പ്രത്യേകിച്ചും ഗ്രീക്ക് ഭാഷയിലുള്ളവ. അത് മൗലികമായ ഗവേഷണങ്ങളും പ്രസിദ്ധീകരിച്ചു. പ്രാഥമിക ബീജഗണിതത്തെക്കുറിച്ചുള്ള അൽഖാരിസ്മിയുടെ *'അൽമുഖ്ത്താറുൽ മുഖ്തസർ ഫീ ഹിസാബുൽ അൽജബർ മുഖാബല'* എന്ന ഗ്രന്ഥം ലാറ്റിൻഭാഷയിലേക്ക് വി വർത്തനം ചെയ്യപ്പെട്ടു. അത് 12-ാം നൂറ്റാണ്ടിലായിരുന്നു. അതിൽനിന്നാണ് അൽജിബ്ര (ബീജഗണിതം) എന്ന പദം നിഷ്പന്നമായത്. ആ ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് വിവർത്തനത്തിന്റെ പേര് The Compendious Book on Calculation by Completion and Balancing എന്നാണ്.

അറബ് അക്കങ്ങളുടേയും പൂജ്യത്തിന്റെ സങ്കല്പവുമടക്കം ഗണിതശാസ്ത്രത്തിന് വളരെയധികം സംഭാവനകൾ അൽഖാരിസ്മി നല്കിയിട്ടുണ്ട്. അദ്ദേഹത്തിന് മുമ്പ് നിലവിലുണ്ടായിരുന്ന റോമൻ അക്കങ്ങൾ യഥാർത്ഥത്തിൽ അക്ഷരമാലയിലെ X, C, L, XII പോലുള്ള അക്ഷരങ്ങളായിരുന്നു. ലളിതമായ കൂട്ടലുകൾ സാധ്യമായിരുന്നില്ല. ശരിയായ നിലയിൽ അണിനിരത്തിയാൽ (1000, 100, 005, 101 എന്നിവ) ഈ അക്കങ്ങൾ കൂട്ടുവാൻ എളുപ്പമാണെന്ന് കാണിച്ചുതന്നത് അൽഖാരിസ്മിയും മറ്റു അറബി ശാസ്ത്രജ്ഞന്മാരുമാണ്.

| | |
|---|---|
| ഉദാഹരണം : | 1000 |
| | 100005 |
| | 101 |
| | 101106 |

'C' ലഭിക്കാൻ താരതമ്യേന ചെറിയ അക്കങ്ങളായ XXIV, LXXVI കൂട്ടുന്നതും മേൽപറഞ്ഞ രീതിയിലുള്ള കൂട്ടലിന്റെ ലാളിത്യവും തമ്മിലുള്ള വൈരുദ്ധ്യവും നോക്കുക. മദ്ധ്യകാലഘട്ടംവരെ യൂറോപ്പിൽ ഉപ

യോഗിക്കപ്പെട്ടത് റോമൻ അക്കങ്ങളായിരുന്നു. ലളിതമായ കൂട്ടലുകൾ സാധാരണമായിത്തോന്നുമെങ്കിലും ഭൂതകാലത്ത് ബഹുഭൂരിപക്ഷം ജനങ്ങൾക്കും ലളിതമായ കണക്കുകൂട്ടലുകൾ സാധ്യമായിരുന്നില്ല. ഉപജീവനത്തിന് വേണ്ടി കൂട്ടൽ, കിഴിക്കൽ തുടങ്ങിയ മടുപ്പുണ്ടാക്കുന്ന പ്രവൃത്തികൾ ചെയ്യുന്ന ആധുനികകാലത്തെ എക്കൌണ്ടന്റ്മാരെപ്പോലെ സ്പെഷ്യലിസ്റ്റുകൾ ഉണ്ടായിരുന്നു.

വ്യത്യസ്തമായ വസ്തുക്കളുടെ കൃത്യമായ അളവുകൾ കണക്കാക്കുക എന്നതായിരുന്നു ശാസ്ത്രവികസനത്തിൽ ഏറ്റവും പ്രഥമമായ കാൽവെപ്പ്. യൂറോപ്പിലെ ശാസ്ത്രമാകുന്ന വൃക്ഷത്തിന്റെ വികസനത്തിന് ഗണിതശാസ്ത്രവും ബീജഗണിതവും തികച്ചും അനിവാര്യമായിരുന്നു. ഒരു ചിന്തകന്റെ അഭിപ്രായം ഇപ്രകാരമായിരുന്നു.

“നാം പലപ്പോഴും ഇസ്ലാമിക നാഗരികതയെക്കുറിച്ച് ബോധവാന്മാരല്ലെങ്കിലും നമ്മുടെ പാരമ്പര്യത്തിന്റെ സിംഹഭാഗവും അതിന്റെ സംഭാവനയാണ്. സാങ്കേതിക ശാസ്ത്ര വ്യവസായം അറബി ഗണിതശാസ്ത്രജ്ഞന്മാരുടെ സംഭാവനയില്ലായിരുന്നെങ്കിൽ നിലനില്ക്കില്ലായിരുന്നു.”

നോബൽ സമ്മാനം നേടിയ ഒന്നാമത്തെ മുസ്ലിം ആയ ഡോ. അബ്ദുസ്സലാം മുസ്ലിംകൾ ശാസ്ത്രത്തിന് നല്കിയ സംഭാവനയെക്കുറിച്ചും മുസ്ലിംകൾ യൂറോപ്പിലേക്ക് കൈമാറിയ അറിവിനെ സംബന്ധിച്ചും ഇപ്രകാരം എഴുതുന്നു:

“ശാസ്ത്രം മനുഷ്യകുലത്തിന്റെ കൂട്ടായ പാരമ്പര്യമാണെന്നും ശാസ്ത്രീയമായ കണ്ടുപിടിത്തത്തിന്റെ ചരിത്രം മറ്റെല്ലാ നാഗരികതയുടെയും ചരിത്രം പോലെത്തന്നെ പരിവൃത്തികളിലൂടെ കടന്നുപോയിട്ടുണ്ടെന്നും ഞാൻ തറപ്പിച്ചു പറയുമ്പോൾ ഞാനെന്റെ നോബൽ പ്രസംഗമോർത്തു. അതായത് ഒരു ചരിത്രസംഭവം. ഏകദേശം 760 വർഷങ്ങൾക്ക് മുമ്പ് സ്കോട്ടുലന്റുകാരനായ ഒരു യുവാവ് ജന്മനാട്ടിൽ നിന്ന് തെക്ക് സ്പെയിനിലെ ടൊലേഡോവിലേക്ക് പോയി. മൈക്കിൾ എന്നായിരുന്നു ആ യുവാവിന്റെ പേര്. ടൊലേഡോവിലും കോർഡോവയിലും താമസിച്ച് അവിടങ്ങളിലെ സർവ്വകലാശാലകളിൽ ജോലി ചെയ്യുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. 1217 എ.ഡി.യിൽ അദ്ദേഹം ടൊലേഡോവിൽ എത്തി. അരിസ്റ്റോട്ടിലിനെ ലാറ്റിൻ യൂറോപ്പിന് പരിചയപ്പെടുത്താനുള്ള അത്യുൽക്കർഷമായ ഒരു പ്രോജക്റ്റ് അദ്ദേഹം രൂപീകരിച്ചു. ഗ്രീക്ക് ഭാഷ തനിക്കറിയാത്തതിനാൽ അന്ന് സ്പെയിനിൽ പഠിപ്പിച്ചിരുന്ന അറബിഭാഷയിൽ ആയിരുന്നു അദ്ദേഹത്തിന്റെ പരിഭാഷ. ടോലേഡോവിൽ നിന്ന് മൈക്കിൾ സിബിലിയിലെ ഫ്രെഡറിക്ക് II ചക്രവർത്തിയുടെ രാജധാനിയിലെത്തി. 1231ൽ ഫ്രെഡറിക്ക് ചക്രവർത്തിയുടെ ശാസനപ്രകാരം നടത്തുന്ന സലേർഡോവിലെ മെഡിക്കൽ സ്കൂൾ മൈക്കിൾ സന്ദർശിച്ചു. അവിടെ വെച്ച് ഡെൻമാർക്കിലെ ഭിഷഗ്വരനായ ഹെന്റിക് ഹാർപസ്റ്റാങ്ങിനെ കണ്ടുമുട്ടി. ഹെന്റിക് പിന്നീട് എറിക്ക് വാൾഡർ മാർസൻ രാജാവിന്റെ കൊട്ടാര ഭിഷഗ്വരനായിരുന്നു. ഡെൻമാർക്കുകാരനായ ഹെന്റിക്ക് സലേർണോവിൽ വന്നത്, ശസ്ത്രക്രിയയെക്കുറിച്ചും രോഗിയുടെ രക്തം മാറ്റുന്നതിനെക്കുറിച്ചും സ്റ്റോക്ക്ഹോമിലെ ദേശീയ ലൈബ്രറിയിൽ സൂക്ഷിച്ച ഏഴു വാല്യങ്ങളുള്ള പഠനഗ്രന്ഥം സമാഹരിക്കാനാണ്. ഇസ്ലാമിലെ മഹാഭിഷഗ്വരന്മാരായ അർറാസി, അവിസന്ന എന്നിവരുടെ മെഡിക്കൽ തത്വങ്ങളായിരുന്നു ഹെന്റിക്കിന്റെ ഉറവിടങ്ങൾ. സ്കോട്ടുലണ്ടുകാരനായ മൈക്കിളിന് മാത്രമാണ് അദ്ദേഹത്തിനുവേണ്ടി പരിഭാഷപ്പെടുത്താൻ സാധിച്ചത്. പാശ്ചാത്യരാജ്യങ്ങളിലുള്ള ശാസ്ത്രചിന്തയുടെ തുടക്കം ടൊലേഡോ, സലേർണോ എന്നിവിടങ്ങളിലെ ചിന്താധാരയായിരുന്നു. ഈ ചിന്താധാരയിൽ വെളിച്ചം വീശിയത് മുമ്പേതന്നെ ഇസ്ലാമിക രാജ്യങ്ങളിൽ തിളക്കത്തോടെ ജ്വലിച്ചുകൊണ്ടിരുന്ന വെളിച്ചത്തിൽ നിന്നാണ്.

കനഡക്കാരനായ മുസ്ലിം ചരിത്രകാരൻ മി. സക്കരിയ്യാ വിർക്ക് ഈ വിഷയത്തെസ്സംബന്ധിച്ച് തന്റെ ചില എഴുത്തുകളിൽ ആഴത്തിൽ പരിശോധിച്ചിട്ടുണ്ട്. 2003ലെ ദി റിവ്യൂ ഓഫ് റിലിജ്യൻസിൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ലേഖനത്തിൽ വിവരണം തുടങ്ങുന്നതു തന്നെ റോബർട്ട് ബ്രിഫാൾട്ടിന്റെ 'The Making of Humanity' എന്ന പുസ്തകത്തിലെ ഉദ്ധരണി കൊണ്ടാണ്.

“യഥാർത്ഥമായ നവോത്ഥാനം സംഭവിച്ചത് അറബികളുടേയും മൂറുകളുടെയും സാംസ്കാരിക പുനരുജ്ജീവനത്തോടെയാണ്, അല്ലാതെ പതിനഞ്ചാം നൂറ്റാണ്ടിലല്ല.”

ജെഫേർസൻ ഒരു വിശ്വാസിയായിരുന്നു, ഏകദൈവവിശ്വാസിയായിരുന്നു. ചില ഫ്രഞ്ച് തത്വജ്ഞാനികളുടെ നിരീശ്വരത്വം അയുക്തികവും നിലനില്ക്കാത്തതുമാണെന്ന് കണ്ടെത്തിയ ജെഫേർസൻ സംശയലേശമെന്യേ അത് നിരാകരിച്ചു. പ്രപഞ്ചം എല്ലായ്പ്പോഴും നിലനിന്നിട്ടുണ്ട് എന്നാണ് നിരീശ്വരന്മാരുടെ അഭിപ്രായം, ജെഫേർസൻ പറ

ഞ്ഞു: അതിന് ഒരു കാരണവുമില്ല. സമയത്തിൽ അതിന്ന് ആരംഭവുമില്ല. മറിച്ച്, വിശ്വാസിയെ സംബന്ധിച്ചേടത്തോളം സൃഷ്ടിപ്പിന്റെ കൂലങ്കഷമായ ചിന്ത ഒരു ആദികാരണത്തെ വിളംബരം ചെയ്യുന്നു. അതിന് ബുദ്ധിയും ശക്തിയും ഉല്പാദനശേഷിയും ആസൂത്രണ പദ്ധതിയും സ്ഥായിയായ വ്യവസ്ഥാപരിപാലനവുമുണ്ട്.

പ്രപഞ്ചസ്രഷ്ടാവായ ദൈവത്തിലുള്ള ജെഫേർസന്റെ വിശ്വാസത്തിന്റെ സൂചനകൾ യു.എസ്. സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ കാണാം. ഉദാ: അതിലുള്ള സ്രഷ്ടാവ്, പ്രകൃതിയുടെ ദൈവം എന്നീ പ്രയോഗങ്ങൾ.

## ക്രിസ്തുമതത്തിലെ ധാർമ്മികാധഃപതനം

ഒരു രസതന്ത്രജ്ഞനായിരുന്ന ജോസഫ് പ്രീസ്റ്റിലി ഓക്സിജനും കാർബൺഡയോക്സൈഡും കണ്ടുപിടിച്ച് സ്വന്തമായ നിലയിൽ പേരെടുത്തു. അദ്ദേഹം യൂറോപ്പിൽ പ്രശസ്തനായതോടൊപ്പം കുപ്രസിദ്ധനുമായിരുന്നു. 'ഹിസ്റ്ററി ഓഫ് ദി കറപ്ഷൻസ് ഓഫ് ക്രിസ്ത്യാനിറ്റി' എന്ന ഗ്രന്ഥം എഴുതിക്കൊണ്ടായിരുന്നു അദ്ദേഹം കുപ്രസിദ്ധിയാർജ്ജിച്ചത്. അത് ആദ്യമായി പ്രസിദ്ധീകരിച്ചത് 1782ലാണ്. ബർമിങ്ഹാമിലും ഇംഗ്ലണ്ടിലും വെച്ച് ജനക്കൂട്ടം പ്രീസ്റ്റിലിയെ ഉപരോധിക്കുകയും അവരുടെ ഉഗ്രരോഷം കാരണമായി അദ്ദേഹത്തിന്റെ വീടും ലാബറട്ടറിയും നഷ്ടമാവുകയും ചെയ്തു. 1791ൽ അദ്ദേഹം ഇംഗ്ലണ്ടിലേക്ക് പിൻവാങ്ങി. അവിടേയും മതത്തിലുള്ള പരിഷ്കരണവാദവും ഫ്രാൻസിനെ ആശ്ലേഷിച്ചതും അദ്ദേഹത്തിന്റെ ജനഹിതം കുറയാനും അദ്ദേഹം നേരിട്ട അപകടങ്ങൾ രൂക്ഷമാവാനും കാരണമായി. അതിനാൽ 1794-ൽ ജഫേർസന്റേയും മറ്റുള്ളവരുടേയും പ്രേരണ മൂലം അദ്ദേഹം അമേരിക്കയിലേക്ക് കുടിയേറിപ്പാർത്തു. പ്രക്ഷുബ്ധമായ ജീവിതത്തിലെ അവസാനദശകങ്ങളിൽ അദ്ദേഹം പെൻസിൽവാനിയയിൽ കഴിച്ചുകൂട്ടി. 1797ൽ ഫിലാഡെൽഫിയയിൽ അദ്ദേഹം ക്രിസ്തുമതത്തെക്കുറിച്ച് പ്രഭാഷണപരമ്പര നടത്തി. ഇവിടെ വെച്ചാണ് ജെഫേർസൻ പ്രീസ്റ്റ്ലിയെ കണ്ടുമുട്ടിയതും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിൽ നിന്ന് വളരെയധികം പഠിച്ചതും. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വായിച്ചപ്പോൾ ജെഫേഴ്സൻ ധൈഷണികമായ സംതൃപ്തി നേടുകയും ചെയ്തു. ഏതായാലും ഈ ഒരു പുസ്തകം ജെഫേർസന്റെ മതപരമായ വീക്ഷണങ്ങളിൽ അഗാധമായ സ്വാധീനം ചെലുത്തി എന്നു പറയാം. അത് വായിച്ചപ്പോൾ ജെഫേർസൻ തന്നെക്കുറിച്ചു വിമർശനപരമായി ആത്മപരിശോധന നടത്തി.

താൻ പരിപൂർണ്ണമായും ക്രിസ്തുമതത്തെ ത്യജിച്ചിരിക്കുന്നതായി വിചാരിച്ചു. ആശയറ്റവിധം അധഃപതിച്ച ക്രിസ്തുമതത്തിന്റെ രൂപത്തെയാണല്ലോ താൻ നിരാകരിച്ചത് എന്ന് അദ്ദേഹം ആശ്വസിക്കുകയും ആനന്ദിക്കുകയും ചെയ്തു. ഈ അഴുക്കുകൾക്ക് താഴെ എവിടെയെങ്കിലും ശുദ്ധമായ സ്വർണ്ണം കണ്ടെത്തിയേക്കാം. ഉദാഹരണമായി ത്രിയേകത്വത്തിന്റെ യഥാർത്ഥമായ അത്ഭുതമെന്തെന്നാൽ നിരവധി ക്രിസ്ത്യാനികൾ അത് വിശ്വസിക്കുന്നു എന്നതാണെന്ന് പ്രീസ്റ്റ്ലി വാദിക്കുന്നു. ഇത് യേശുവിന്റെ (അ) അദ്ധ്യാപനവുമല്ല. ബൈബിൾ പ്രഘോഷിക്കുന്നുമില്ല. ബുദ്ധി അതിനെ ബഹുമാനിക്കുന്നില്ല. യേശു (അ) ഒരു മനുഷ്യനായി ജീവിച്ചു. 'മനുഷ്യപുത്രൻ' എന്നതിലുപരി ഒന്നും അവകാശപ്പെട്ടില്ല. അദ്ദേഹത്തിന്റെ ദൌത്യം മനുഷ്യകുലം എങ്ങനെ ജീവിക്കണമെന്നും ദൈവം അവരിൽ നിന്നെന്താണ് പ്രതീക്ഷിച്ചതെന്നും കാണിക്കുകയാണ്. പഴയനിയമം പോലെ പുതിയനിയമവും ദൈവത്തിന്റെ ഏകത്വത്തെ ബഹുമാനിക്കുന്നു.

ജെഫേർസൻ ഹൃദയാത്മനാ പ്രീസ്റ്റ്ലിയുടെ വീക്ഷണങ്ങൾ ആശ്ലേഷിച്ചു. പ്രസിഡണ്ട് ജെഫേർസന്റെ wikipedia.com. വെളിപ്പെടുത്തുന്നത് ഇതാണ്:

'ദിവ്യാത്ഭുതങ്ങളും ത്രിയേകത്വത്തെക്കുറിച്ച പരാമർശവും യേശുവിന്റെ ദൈവത്വവും ജെഫേർസന്റെ ബൈബിളിൽ ഇല്ല എന്നത് ശ്രദ്ധേയമാണ്. ബൈബിൾ തുടങ്ങുന്നത് യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള വിവരണത്തോടെയാണ് അതിൽ മാലാഖമാരെപ്പറ്റിയോ വംശാവലിയെക്കുറിച്ചുള്ള പരാമർശങ്ങളോ പ്രവചനമോ ഇല്ല.'

1804 ആഗസ്റ്റിൽ ജെഫേർസൻ ബെഞ്ചമിൻ റുഷീന് എഴുതി: ഇപ്പോൾ ഞാൻ ആവശ്യപ്പെടുന്നത് യേശുവിനെക്കുറിച്ച് വായിക്കണമെന്നാണ്. കഴിഞ്ഞ വർഷം ജെഫേർസൻ തന്റെ പുസ്തകമായ The syllabus അയച്ചുകൊടുത്തപ്പോൾ റുഷ് വസ്തുനിഷ്ഠമായ നിലയിൽ പ്രതികരിച്ചിരുന്നു. ഇപ്പോൾ അദ്ദേഹം മനസ്സമാധാനം നശിപ്പിക്കുന്നവിധത്തിലുള്ള ഒരു മറുപടിയാണ് നല്കിയത്. യേശു(അ)വിന്റെ ദിവ്യത്വത്തെക്കുറിച്ചുള്ള ആശയം കൈവിടാൻ അദ്ദേഹം തയ്യാറായിരുന്നില്ല. അതിനാൽ റുഷ് തിരിച്ചെഴുതി: Little Volume എന്ന പുസ്തകത്തിൽ മുന്നോട്ടുവെച്ച യേശുവി(അ)ന്റെ ദിവ്യത്വവും മനുഷ്യകുലത്തെ വീണ്ടെടുക്കാൻ ആവശ്യമായ യേശുവിന്റെ മരണവും പുനഃരുജ്ജീവ

നവും ജെഫേർസൻ അംഗീകരിക്കുന്നില്ലെങ്കിൽ ഞാൻ അതിന്റെ ഗ്രന്ഥകർത്താവുമായി യോജിക്കുന്നില്ല'

വീണ്ടെടുപ്പും യേശുവിന്റെ ദൈവികത്വവും ജെഫേർസൻ കൈവെടിഞ്ഞതിനാൽ പ്രസാധനം ചെയ്യാനുള്ള തന്റെ എളിയ ശ്രമം അദ്ദേഹത്തിനു വിട്ടുകൊടുക്കാൻ വിസമ്മതിച്ചു.

## യേശുവിന്റെ ദൈവികത്വം

യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ ദൈവികത്വത്തെ കുറിച്ചുള്ള അവകാശവാദം അസന്ദിഗ്ദാർത്ഥത്തിൽ യേശുവിന്റെ അവകാശവാദം (പിതാവ് എന്നിൽ നിന്നാണ്, ഞാൻ അവനിൽ നിന്നാണ്; ഞാനാണ് വഴി, സത്യം, ജീവൻ; ഞാൻ മുഖേനയല്ലാതെ ഒരാളും പിതാവിലേക്ക് വരുന്നില്ല; ഞാൻ പിതാവിലാണ്, പിതാവ് എന്നിലുമാണ് തുടങ്ങിയവ) ജെഫേർസൻ ആവർത്തിച്ചാവർത്തിച്ചു നിരാകരിച്ചതാണ്. ഏറ്റവും ഹൃദയഹാരിയായ ഉദാഹരണങ്ങളിൽ ഒന്ന് 13-ാം അദ്ധ്യായത്തോടൊപ്പം ജെഫേർസൻ കൂട്ടിച്ചേർത്ത വചനങ്ങൾ (21-26) 'അവസാനത്തെ അത്താഴത്തെ'ക്കുറിച്ചുള്ളതായിരുന്നു. പിന്നെ 31-ാം വചനം തുടങ്ങുന്നു: "അതിനാൽ അവൻ പുറത്തുപോയപ്പോൾ യേശു പറഞ്ഞു...

'ഇപ്പോൾ മനുഷ്യപുത്രൻ വാഴ്ത്തപ്പെട്ടിരിക്കുന്നു. ദൈവം അവനിൽ വാഴ്ത്തപ്പെട്ടിരിക്കുന്നു.' പക്ഷേ, ജെഫേർസൻ അതും അതിനെത്തുടർന്നുള്ള രണ്ട് വചനങ്ങളും ധാർമ്മികസന്ദേശത്തിലേക്ക് അവിചാരിതമായി ചാടുന്നത് ഒഴിവാക്കാൻ നീക്കിക്കളഞ്ഞു. 'നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നുതന്നെ (യോഹന്നാൻ 5:34)

യോഹന്നാനിൽ നിന്ന് ഉദ്ധരിക്കുമ്പോൾ ജെഫേഴ്സൻ എപ്പോഴും തന്റെ ബ്ലേഡ് സജ്ജമാക്കിവെച്ചു. ഒടുവിൽ, യേശുവിന്റെ അന്ത്യദിനങ്ങളെക്കുറിച്ചുള്ള ഖണ്ഡികകളിൽ കുരിശിൽ മരിക്കുകയും കബറടക്കപ്പെടുകയും ചെയ്ത മരണമുള്ള മനുഷ്യനായിരുന്നു യേശു എന്ന നിലപാടിന്റെ കൂടെയാണ് ജെഫേർസൻ നിന്നത്. പടയാളികളിൽ ഒരുവൻ യേശുവിന്റെ വിലാപ്പുറത്ത് കുത്തിയപ്പോൾ 'അറിമത്യയിലെ ജോസഫ് യേശുവിന്റെ ശരീരം എടുത്തുകൊണ്ടുപോകുവാൻ പിലാത്തോസിനോട് അനുവാദം ചോദിച്ചു. പിലാത്തോസ് അനുവദിക്കയാൽ അവൻ വന്നു. (യോഹന്നാൻ 19:38) കബറടക്കത്തിനായി ശരീരം തയ്യാറാക്കിയപ്പോൾ ശിഷ്യന്മാർ ക്രൂശിപ്പ് തോട്ടത്തിലെ ഒരു പുതിയ കുടീരത്തിലേക്ക് വഹിച്ചുകൊണ്ടുപോയി. ഈ ഘട്ടത്തിൽ യോഹന്നാനിൽ നിന്നും മത്തായിയിൽ നിന്നും വചനശകലങ്ങൾ എടുത്ത് ജെഫേർസന്റെ വേദപ്രമാണം ഇങ്ങനെ ഉപസംഹരിക്കുന്നു.

'യേശുവിനെ അവർ അവിടെ വെച്ചു. പിന്നെ ഒരു വലിയ കല്ല് ഉരുട്ടിക്കൊണ്ട് കല്ലറയുടെ വാതിലിൽ വെക്കുകയും വിട്ടു പിരിയുകയും ചെയ്തു.

പുനരുജ്ജീവനമോ, ഉയിർത്തെഴുന്നേല്ക്കപ്പെട്ട ഒരു കർത്താവോ, സ്വർഗ്ഗത്തിലേക്കുള്ള ആരോഹണമോ ഇല്ല. മഹാനായ ഒരു ഗുരു, ധാർമ്മിക ഗുരുനാഥന്മാരിൽ ഏറ്റവും വലിയ ആൾ ചരമം പ്രാപിക്കുകയും കബറടക്കപ്പെടുകയും ചെയ്തു.

ബ്രിട്ടനിൽ നിന്നും അമേരിക്ക സ്വതന്ത്രമാവണമെന്ന ആശയത്തിന്റെ ആദ്യകാല വക്താവായിരുന്നു ജോൺ ആഡംസ്. അദ്ദേഹം ഐക്യനാടുകളുടെ രണ്ടാമത്തെ പ്രസിഡണ്ടായിത്തീർന്നു (1797-1801) ജോൺ ആഡംസിന്റെ നിരീക്ഷണ പ്രകാരം ആദ്യപാപം എന്താണെന്ന് ഒരുപക്ഷേ സർവ്വജ്ഞാനിയായ ദൈവത്തിന് മാത്രമേ അറിയൂ. എല്ലാം ഒരു തോട്ടത്തിൽ വെച്ചല്ല സംഭവിച്ചത് എന്നു നമുക്ക് തീർച്ചയാണ്. പാവപ്പെട്ട മനുഷ്യരായ നമുക്ക് ഈ ബൈബിൾ സങ്കല്പവുമായി യാതൊരു ബന്ധവുമില്ല. നമ്മുടെ അനാവശ്യമായ ശങ്കകളും സാങ്കല്പികമായ ഭയവും അകറ്റാനുള്ള ഒരു വഴി നമ്മുടെ ബുദ്ധി തന്നെ ഉപയോഗിക്കണമെന്നതാണ്. അദ്ദേഹം കൂട്ടിച്ചേർത്തു.

'ആദി പാപം, അങ്ങനെയൊന്നുണ്ടെങ്കിൽ അത് അജ്ഞതയാണ് എന്നാണ് വോൾനിയുടെ അഭിപ്രായം. ജെഫേഴ്സനെ സംബന്ധിച്ച് തീർച്ചയായും അങ്ങനെയല്ല. ഈഡനിലുണ്ടായ ഒരു പ്രവൃത്തി കാരണം അതിനുശേഷമുള്ള മനുഷ്യവർഗ്ഗം മരവിച്ചുപോയി 'ഒരാളുടെ പ്രകൃതി ദുഷിച്ചുപോയി' അല്ലെങ്കിൽ ഒരാളുടെ ധാർമ്മികബോധം നശിച്ചുപോയി എന്ന് കരുതാൻ സാധ്യമല്ല. മനുഷ്യൻ ഒരു പുഴുവായിരുന്നില്ല. അല്ലെങ്കിൽ നിസ്സാരനായിരുന്നില്ല. ദൈവത്തിന്റെ ആസൂത്രണഫലമായിട്ടാണ് അവന് ഈ ലോകത്തിലെ ധാർമ്മികവും ഭൗതികവും ആയ എല്ലാ ദൗർബല്യങ്ങളേയും കീഴടക്കാനുള്ള ശക്തി ദൈവം നൽകിയത്. ഈ വീക്ഷണങ്ങളും ഖുർആനിക അദ്ധ്യാപനങ്ങളുമായി യോജിച്ചതാണ്. വ്യക്തിപരമായ ഉത്തരവാദിത്തത്തെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച അത് മനുഷ്യനെ ബോധ്യപ്പെടുത്തുന്നു.

ഒരാൾക്ക് മോക്ഷം കിട്ടണമെങ്കിൽ അയാൾ സൽപ്രവൃത്തികൾ ചെയ്യണമെന്ന് ഊന്നിപ്പറയുന്നു. വീണ്ടെടുപ്പ് അഥവാ പാപപരിഹാരം എന്ന ആശയം വിശുദ്ധ ഖുർആന് തികച്ചും അന്യമാണ്. അക്കാര്യത്തിൽ തൗറാത്തിലെ അദ്ധ്യാപനങ്ങളും അങ്ങനെത്തന്നെ. പ്രസിഡണ്ട് പദവി ഒഴിഞ്ഞശേഷം ജെഫേഴ്സൻ തന്റെ സുഹൃത്തായ ജോസഫ് പ്രീസ്റ്റിലിയുടെ ഏക ദൈവവിശ്വാസത്തോട് പൊതുവിൽ ധാരണയിലെത്തി. അതായത് ത്രിയേകത്വ സിദ്ധാന്തത്തെ പരിത്യജിച്ചു.

ഒഹിയോവിൽ തന്റെ മാർഗ്ഗദർശിയായ സുഹൃത്തിന് അദ്ദേഹം എഴുതി: അന്വേഷണത്തിനും വിശ്വാസത്തിനും സ്വാതന്ത്ര്യമുള്ള നമ്മുടെ ഈ അനുഗൃഹീത രാഷ്ട്രത്തിൽ ആരും തന്നെ രാജാക്കന്മാർക്കോ പുരോഹിതന്മാർക്കോ അവയെ അടിയറവെച്ചിട്ടില്ല എന്നതിൽ ഞാൻ ആഹ്ലാദിക്കുന്നു. ഒരു ദൈവം എന്ന യഥാർത്ഥസിദ്ധാന്തം ഇവിടെ പുനർജീവിക്കുകയാണ്. ഇന്ന് ഐക്യനാടുകളിൽ ജീവിക്കുന്ന ഒരു യുവാവും തന്നെ ഏകദൈവവിശ്വാസിയായിട്ടല്ലാതെ മരിക്കില്ല എന്നെനിക്കുറപ്പുണ്ട്.

വലിയ തോതിൽ ഏകദൈവ വിശ്വാസത്തിലേക്കുള്ള പരിവർത്തനം എന്ന സ്വപ്നം അദ്ദേഹത്തിന്റെ സമകാലീനരുടെ കാലത്ത് നടന്നില്ലെങ്കിലും പടിഞ്ഞാറ് ഇസ്ലാമിന്റെ ആവിർഭാവം വരെ അദ്ദേഹത്തിന് കാത്തിരിക്കേണ്ടിവന്നു. എന്നാൽ വിശുദ്ധ ഖുർആന്റെ മഹത്തായ പ്രവചനത്തിനുള്ള അടിത്തറയിടുകയായിരുന്നുവെന്ന് തീർച്ചയായും തോന്നുന്നു.

*"തന്റെ ദൂതനെ നേർമാർഗ്ഗത്തോടും സത്യമതത്തോടും കൂടി അയച്ചവനത്രെ അവൻ. അദ്ദേഹം അതിനെ എല്ലാ മതങ്ങളുടേയും (എല്ലാ പ്രത്യയശാസ്ത്രങ്ങളുടേയും) മേൽ വിജയിപ്പിക്കുന്നതിനു വേണ്ടി; ബഹുദൈവവിശ്വാസികൾ വെറുത്താലും ശരി." (വി. ഖുർആൻ 61:10)*

## ഏകദൈവത്തിലുള്ള അദ്ദേഹത്തിന്റെ വിശ്വാസം

18-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ബുദ്ധിജീവികൾക്കുണ്ടായിരുന്ന പൊതുവായ നില വെച്ചുനോക്കുമ്പോൾ ജെഫേർസൻ ഒരു ദൈവവിശ്വാസിയായിരുന്നു എന്ന് മിക്ക പണ്ഡിതന്മാരും സമ്മതിക്കുന്നു. അദ്ദേഹം മതത്തെക്കുറിച്ച് വളരെയധികം എഴുതിയിരുന്നു. അദ്ദേഹം ഒരു ദൈവത്തിൽ വിശ്വസിച്ച യൂനിറ്റേറിയനായിരുന്നു.

ചരിത്രപരമായി യൂനിറ്റേറിയന്മാർ വിശ്വസിച്ചിരുന്നത് ദൈവത്തിന്റെ ഏകത്വത്തിലായിരുന്നു. 325 ഏ.ഡിയിൽ നിക്കെയ് കൗൺസിൽ പ്രഖ്യാപിച്ച ക്രിസ്ത്യാനികളുടെ ത്രിയേകത്വം (പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് അടങ്ങിയ ഒരു ദൈവത്തിൽ) ആയിരുന്നില്ല. ചരിത്രപരമായി യൂനിറ്റേറിയന്മാർ വിശ്വസിച്ചിരുന്നത് ധാർമ്മികമായ പ്രമാണങ്ങളിലായിരുന്നു, യേശുവിന്റെ ദൈവികത്വത്തിലായിരുന്നില്ല. International Council of Unitarians and Universalists ആയി ബന്ധപ്പെട്ട നിരവധി സഭകളും അസോസിയേഷനുകളും ഉണ്ട്. ഐക്യനാടുകളിലും കനഡയിലും നിരവധി യൂനിറ്റേറിയനുകൾ യൂനിറ്റേറിയൻ യൂനിവേഴ്സനലിസ്റ്റ് അഥവാ UU ആണ്. യൂനിറ്റേറിയനിസത്തേയും യൂനിവേഴ്സലിസത്തേയും വ്യവസ്ഥാപിതമായ നിലയിൽ ക്രോഡീകരിക്കുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുന്ന മിക്ക യൂനിറ്റേറിയൻ യൂനിവേഴ്സലുകളും തങ്ങളെക്കുറിച്ച് ക്രിസ്ത്യാനികൾ എന്നു പറയുന്നില്ല. മുഖ്യധാരയിലെ ക്രിസ്ത്യാനികളുടെ വിശ്വാസങ്ങളുമായി സാമ്യതയുണ്ടായിട്ടും ഇങ്ങനത്തെ അവസ്ഥയാണ്. വളരെ കുറഞ്ഞ ശതമാനം യൂനിറ്റേറിയൻ യൂനിവേഴ്സലിസ്റ്റുകളേ ക്രിസ്തീയവിശ്വാസത്തെ കേന്ദ്രീകരിച്ചുള്ളൂ.

വിശുദ്ധ ഖുർആൻ അടിസ്ഥാനപരമായ ഏതെങ്കിലും ആശയം അവകാശപ്പെടുന്നുവെങ്കിൽ അത് ഏക ദൈവവിശ്വാസം മാത്രമാണ്. വിശുദ്ധ ഖുർആന്റെ മൂന്നിലൊരു ഭാഗം ഈ അടിസ്ഥാനപരമായ ഇസ്ലാമിക സിദ്ധാന്തത്തിന് സമർപ്പിക്കപ്പെട്ടിരിക്കയാണെന്ന് പറയപ്പെടുന്നു.

തൗറാത്തും ഏകദൈവവിശ്വാസമാണ് പ്രബോധിക്കുന്നതെങ്കിലും ഖുർആൻ മാത്രമാണ് എല്ലാ ഓരോ മനുഷ്യനും ഏകദൈവവിശ്വാസം അതിന്റെ ആദിപരിശുദ്ധിയിലും തുല്യതയില്ലാത്ത സൗന്ദര്യത്തിലും നൽകുന്നത്. എന്നാൽ തൗറാത്തിലെ ഏകദൈവവിശ്വാസം തെരഞ്ഞെടുക്കപ്പെട്ട ചിലർക്ക് മാത്രമുള്ളതാണ്. ഈ ആശയം തോമസ് ജെഫേർസൻ വിശുദ്ധ ഖുർആനിൽ നിന്നു നേരിട്ടോ അല്ലാതെയോ 'കടമെടുത്തത്' എന്നറിയാൻ പ്രയാസമാണ്. ഏകദൈവവിശ്വാസത്തിന്റെ ഏറ്റവും ഉത്തമവും സ്പഷ്ടവുമായ വക്താവായി നിലകൊള്ളുന്നത് ജെഫേർസൻ ആയതിനാൽ സമീപകാലത്തെ ചരിത്രത്തിൽ ഏകദൈവവിശ്വാസത്തിന് എന്തെങ്കിലും നന്മചെയ്യപ്പെട്ടാൽ അതിന്റെ ബഹുമതി വിശുദ്ധ ഖുർആന് നല്കുന്നത് പക്ഷപാതിത്വമാവില്ല. ഇനി ജെഫേർസൻ ഏകദൈവവിശ്വാസം കൈക്കൊണ്ടത് പൂർണ്ണമായും വിശുദ്ധ ഖുർആനിൽ നിന്നുതന്നെയായിരുന്നുവെങ്കിലും അതിന്റെ

ബഹുമതി വിശുദ്ധ ഖുർആന് നല്കുവാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നില്ല.

തന്റെ ആത്മകഥയിൽ 1769-ാം വർഷത്തെക്കുറിച്ച് അദ്ദേഹം എഴുതുന്നു.

"സർക്കാരിന്റെ എല്ലാ കാര്യങ്ങളിലും മാതൃരാജ്യത്തോട് വിധേയമായി ജീവിക്കുമെന്നും നമ്മുടെ എല്ലാ അദ്ധ്വാനവും രാജ്യത്തിന്റെ താൽപര്യങ്ങൾക്ക് വിധേയമായിരിക്കുമെന്നും തന്റെ രാജ്യത്തിന്റേതല്ലാത്ത മറ്റു മതങ്ങളോട് മതപരമായ അസഹിഷ്ണുത പുലർത്തുമെന്നുമുള്ള സങ്കുചിതമായ നമ്മുടെ പതിവും വിശ്വാസത്താൽ നമ്മുടെ മനസ്സിനെയും സങ്കുചിതമാക്കിയിരിക്കുന്നു.

എന്നിരിക്കിലും ഏകദൈവവിശ്വാസത്തിന്റെ ശക്തനായ ഒരു വക്താവും ത്രിയേകത്വത്തെ നിരാകരിച്ച ആളുമായിരുന്നു അദ്ദേഹം. ഇസ്‌ലാമിക കലിമയുടെ ആദ്യാർത്ഥം താൻ വിശ്വസിക്കുന്നു എന്നു പറയുന്നതു പോലെയാണിത്.

"അല്ലാഹുവല്ലാത്ത വേറെ ദൈവം ഇല്ല". തന്റെ സ്വന്തം ഉപയോഗത്തിന് ഒരു ബൈബിൾ രൂപപ്പെടുത്തി. ജയിംസ് രാജാവിന്റെ പരിഭാഷയിൽ നിന്നു പുതിയ നിയമത്തിന്റെ രണ്ടു കോപ്പികൾ എടുത്തു. എന്നിട്ട് തന്റെ വീക്ഷണത്തിൽ ഏറ്റവും പരിശുദ്ധവും മായം ചേർക്കാത്തതുമായ യേശുവിന്റെ തത്വങ്ങൾ മത്തായി, ലൂക്കോസ്, യോഹന്നാൻ എന്നിവരുടെ സുവിശേഷങ്ങളിൽ നിന്ന് അദ്ദേഹം സ്വരൂപിച്ചു. ആധികാരികവും തനതായതുമായ യേശുവിനെ പിന്നീട് പ്ളാറ്റോണിസ്റ്റുകൾ സ്വീകരിക്കുകയും സങ്കല്പിക്കുകയും ചെയ്ത യേശുവിൽ നിന്ന് വേർതിരിക്കാനുള്ള ജോലി ഏറ്റെടുത്ത ശേഷം ജെഫേർസൻ ജോൺ ആഡംസിനോട് പറഞ്ഞു:

"ശുദ്ധമനസ്കരായ സുവിശേഷകർക്കുവേണ്ടി നാം നമ്മുടെ വാല്യം ചുരുക്കണം. അതിൽ നിന്നും തിരഞ്ഞെടുത്ത യേശുവിന്റെ മാത്രം വാക്കുകളിൽ അവർ കൈക്കൊണ്ട സന്ദേഹാസ്പദമായതൊക്കെ മുറിച്ചു നീക്കണം. പലപ്പോഴും മറന്നുപോയിട്ടോ അല്ലെങ്കിൽ മനസ്സിലാവാഞ്ഞിട്ടോ അദ്ദേഹത്തിൽ നിന്നും വീഴുന്നതെല്ലാം തെറ്റിദ്ധാരണമൂലം അദ്ദേഹത്തിന്റെതാക്കുന്നു. സ്വയം മനസ്സിലാവാത്ത കാര്യങ്ങൾ ബുദ്ധിയില്ലാതെ മറ്റുള്ളവർക്ക് നല്കുന്നു. പിന്നെ അവശേഷിക്കുന്നത് മനുഷ്യന് വാഗ്ദാനം ചെയ്യപ്പെട്ടതിൽ ഏറ്റവും ഉദാത്തവും ഉദാരവുമായ ധാർമ്മികനിയമങ്ങളായിരിക്കും. എന്റെ ആവശ്യത്തിനുവേണ്ടിയാണ് ഞാനീ പ്രവൃത്തി ചെയ്തിരിക്കുന്നത്. അച്ചടിക്കപ്പെട്ട ഗ്രന്ഥത്തിൽ നിന്ന് ഓരോ വാചകവും മാറ്റി യേശുവിന്റേതായത് മാത്രം. ആർക്കും ചാണകപ്പുറ്റിൽ നിന്ന് വൈരക്കല്ലെന്നപോലെ ഇത് എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കും.

പിന്നീടുള്ള നൂറ്റാണ്ടുകളിൽ ഉണ്ടായ ലിഖിതപരമായതോ വാചികമായതോ ആയ യാതൊരു പാരമ്പര്യത്തെ പറ്റിയും അറിവുകൂടാതെയാണ് ജെഫേർസൻ പ്രവർത്തിച്ചത്. അതിനേക്കാളുപരി ബുദ്ധിയേയും പ്രകൃതിയേയും അദ്ദേഹം തന്റെ മാർഗ്ഗദർശകരാക്കി. യേശു (അ)വിന്റെ സ്വന്തം അധരങ്ങളിൽ നിന്നു അടർന്നുവീണത് ബുദ്ധികൊണ്ടും ശബ്ദം കൊണ്ടും അദ്ദേഹം വിവേചിച്ചറിഞ്ഞു. അതിന്റെ ഫലം ശുദ്ധമായ സ്വർണ്ണമായിരുന്നു. അദ്ദേഹം പിന്നീട് വില്യം ഷോർട്ടിനോട് പറഞ്ഞതുപോലെ, അശുദ്ധമായതിൽ നിന്നു സ്വർണ്ണത്തെ നീക്കി. സുവിശേഷങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിച്ചപ്പോൾ നിരവധി ഖണ്ഡികകൾ നല്ല ഭാവനയിൽ നിന്നും ശരിയായ ധാർമ്മികതയിലും സ്നേഹപൂർവ്വമായ ഔദാര്യത്തിലും ഉള്ളതാണെന്ന് ജെഫേർസൻ കണ്ടെത്തി. തികഞ്ഞ അജ്ഞതയിലും അസംബന്ധത്തിലും അസത്യത്തിലും, ജുഗുപ്സയിലും പൊട്ടത്തരത്തിലും പെട്ട് എല്ലാ സൗന്ദര്യങ്ങളും കെണിഞ്ഞിരിക്കുകയാണെന്നും ജെഫേർസൻ ശ്രദ്ധിച്ചു. സ്വർണ്ണം വീണ്ടെടുക്കാൻ എന്തെങ്കിലും ചെയ്യണമെന്നദ്ദേഹം തീരുമാനിച്ചു. തന്റെ ഈ പ്രവൃത്തി വ്യക്തമായതും സുഗമമായതുമാണെന്ന് ജെഫേർസൻ ചൂണ്ടിക്കാട്ടി.

## ഉപസംഹാരം

ജെഫേർസൻ വെറുമൊരു വ്യക്തിയായിരുന്നില്ല; സ്വയം തന്നെ നിരവധി പ്രസ്ഥാനങ്ങളായിരുന്നു. അദ്ദേഹത്തെ വ്യത്യസ്തമായ വീക്ഷണകോണിൽ പഠിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും, അദ്ദേഹത്തിന്റെ 'Virginia Statute for religious freedom' (1779, 1786). അതിലദ്ദേഹം ചർച്ചിനേയും സ്റ്റേറ്റിനേയും വേർതിരിച്ചു കാണുന്ന ആശയം അവതരിപ്പിച്ചിരിക്കുന്നു. നിരവധി മതസ്വാതന്ത്ര്യ നിയമനിർമ്മാണത്തിന്റെ നട്ടെല്ലായ നിയമമായിരുന്നു അത്. മതപരമായ അസഹിഷ്ണുതയിൽനിന്നും മതഭ്രാന്തിൽ നിന്നും രാഷ്ട്രീയത്തെ മാറ്റി നിർത്തുക എന്ന അദ്ദേഹത്തിന്റെ ആശയം ഇന്ന് വളരെയധികം ആവശ്യമായി വന്നിരിക്കുന്നു. രാഷ്ട്രീയത്തിന്റെയും നിയമത്തിന്റെയു ചരിത്രത്തിന്റെയും പശ്ചാത്തലമുള്ള മറ്റു മുസ്ലിം എഴുത്തുകാർ ഈ ധന്യമായ രംഗത്ത് പരിശ്രമിക്കുമെന്ന് നമുക്ക് ആശിക്കാം.

(The Review of Religions, April 2007)

**വിവ: കെ.വി. ഹസ്സൻകോയ**
**കോഴിക്കോട്**

ലേഖനം

പി. വി അഹ്മദ് കോയ

# നിന്ദാകരമായ വിമർശനം

## ഏ.പി. സുന്നികളുടെ 'സിറാജ്" പത്രത്തിൽ വന്ന പരാമർശത്തോടുള്ള പ്രതികരണം.

2008 മെയ് 25നു "മാതൃഭൂമി" വാരാന്തപ്പതിപ്പിൽ പ്രസിദ്ധീകൃതമായ "അഹ്മദിയ്യാ ഖിലാഫത്തിനു 100" എന്ന എന്റെ ലേഖനത്തിനു 25-6-08 ''സിറാജിൽ'' പി. പി. അബ്ദുറഹിമാൻ പെരിങ്ങാടി എഴുതിയ ശകാരം വായിച്ചു. ഒരു സങ്കോചവും ഇല്ലാതെ എതിർപക്ഷത്തെ വിവരമില്ലാത്തവരും നുണയന്മാരും എന്നു അധിക്ഷേപിക്കുന്ന ടിയാന്റെ തൊലിക്കട്ടി അപാരം തന്നെ. ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ വ്യത്യസ്താഭിപ്രായ പ്രകടനവും വിയോജിപ്പും ആകാമെങ്കിലും വ്യക്തികൾക്കും സമൂഹത്തിനും നേരെയുള്ള അധിക്ഷേപവും അവഹേളനവും കുറ്റകരവും ശിക്ഷാർഹവുമാണ്.

മത ഗുരുക്കന്മാരെ നിന്ദിക്കാതിരിക്കുക എന്നത് ജനാധിപത്യവ്യവസ്ഥിതിയിലെ ഏറ്റവും പാവനമായ കീഴ്‌വഴക്കമാണ്. മുഹമ്മദ് നബി (സ) യേയും ഈസാ നബി (അ) യേയും നിന്ദിച്ചപ്പോൾ സമൂഹം പ്രക്ഷുബ്ധമായത് നാം കണ്ടതാണ്. കോടിക്കണക്കിൽ അഹ്മദികൾ പ്രവാചകനായി ആദരിക്കുന്ന ഒരു മഹാത്മാവിനെ നികൃഷ്ടമായി നിന്ദിക്കുന്നത് ഇസ്‌ലാമികസംസ്കാരത്തിനു ചേരുന്നതല്ല.

ഒരു പത്രത്തിൽ വന്ന ലേഖനത്തെ അധികരിച്ച വിമർശനം മറ്റൊരുപത്രം പ്രസിദ്ധീകരിക്കാറില്ല. ഇത് പത്രങ്ങൾ പരസ്പരം പുലർത്തുന്ന മാന്യമായ കീഴ്‌വഴക്കമാണ്. മാതൃഭൂമിയിലെ എന്റെ പ്രസ്തുത ലേഖനം നൂറുശതമാനം വസ്തുനിഷ്ഠവും ആധികാരികവുമാണ്. ലോകമുസ്‌ലിം പണ്ഡിതന്മാരെല്ലാം തങ്ങളുടെ പക്ഷത്താണെന്നു ഊറ്റം കൊള്ളുന്ന ലേഖകനോട് ഏറെ വിനീതമായി ഒരു അപേക്ഷ. മുഹമ്മദ് നബി(സ)ക്ക് ശേഷം ലോകം കണ്ട ഏറ്റവും വലിയ മഹാപുരുഷനായ ഹദ്റത്ത് അഹ്മദി(അ) നെ വിശ്വസിക്കാൻ ഭാഗ്യമുണ്ടായ പാമരനായ ഈ പത്രപ്രവർത്തകൻ എഴുതിയ പ്രസ്തുത ലേഖനത്തിൽ വസ്തു നിഷ്ഠമല്ലാത്ത എന്തെങ്കിലും ഉണ്ടെന്നു ഈ ലോകമുസ്‌ലിം മഹാപണ്ഡിതന്മാർ ഒന്നിച്ചു ശ്രമിച്ചാൽ പോലും ചൂണ്ടിക്കാണിക്കാൻ സാധ്യമല്ല; നിശ്ചയം. പ്രവാചകത്വ പരിസമാപ്തി, ഈസാനബിയുടെ മരണം, ഈസാ നബിയുടെ തിരിച്ചുവരവ്, ഇമാം മഹ്ദിയുടെ ആഗമനം ഖിലാഫത്ത് തുടങ്ങിയവയാണല്ലോ തർക്കവിഷയങ്ങൾ. ഈ വിഷയങ്ങളെയെല്ലാം അധികരിച്ച് ലിഖിത രൂപത്തിലുള്ള ചർച്ചക്ക് അഹ്മദിയ്യാ ജമാഅത്ത് രണ്ട് വ്യാഴവട്ടം മുമ്പ് മുസ്‌ലിം പണ്ഡിതന്മാരോട് നടത്തിയ ആഹ്വാനം ഇന്നും നിലവിലുണ്ട്. ആധികാരിക സുന്നിനേതൃത്വം പ്രതികരിക്കുമോ?

ഇസ്‌ലാമിന്റെ പ്രമാണ ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ നിന്നും പ്രവാചകത്വ പരിസമാപ്തി തെളിയിക്കുന്ന ഒരു വചനം പോലും ഉദ്ധരിക്കാനാവില്ല. എന്നാൽ ഇസാ നബി (അ) വരുമെന്ന ഹദീസുകളിലെ പ്രവചനം ഇക്കാലമത്രയും മുസ്‌ലിംകൾ ദൃഢമായി വിശ്വസിച്ചു വന്നിട്ടുണ്ട്. ആകയാൽ നബി (സ)ക്ക്ശേഷം നബിവരുമെന്ന വിശ്വാസത്തിൽ പുതുമയൊന്നുമില്ല. മുഹമ്മദ് നബി (സ) ക്കുശേഷം ഈസാനബി (അ) വരുമെന്നു വിശ്വസിക്കുന്നവർ "പ്രവാചകത്വ പരിസമാപ്തി" സംരക്ഷണത്തിന്റെ പേരിൽ ക്ഷോഭിക്കുകയും ഞെളിപിരികൊള്ളുകയും ചെയ്യുന്നതാണ് പുതുമ. ദേശീയ അസംബ്ലിയിലെ ഭൂരിപക്ഷം നോക്കിയോ ഐക്യരാ

ഷ്ട്രസഭയിൽ പ്രമേയം പാസാക്കിയോ അല്ല നബി വരുന്നതും പോകുന്നതും. ഒരു പ്രവാചകന്റെ സത്യം ജനഹിത പരിശോധനയിലൂടെ നിർണ്ണയിക്കപ്പെടാറുമില്ല. ജനശക്തിയേയും സാമ്രാജ്യശക്തികളെയും തകർത്ത് തരിപ്പണമാക്കിക്കൊണ്ട് പ്രവാചകനെ വിജയിപ്പിച്ച ദൈവനീതി മാത്രമേ ലോകം കണ്ടിട്ടുള്ളൂ.

നുബുവ്വത്തും (പ്രവാചകത്വം) അതിനുശേഷം നുബുവ്വത്തിന്റെ മാർഗ്ഗത്തിലൂടെ ഖിലാഫത്തും അല്ലാഹുവിന്റെ അപാരമായ രണ്ടു അനുഗ്രഹങ്ങളാണ്. ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)ലും അദ്ദേഹത്തെ വിശ്വസിച്ചവരിലും ഈ അനുഗ്രഹങ്ങൾ ഇപ്പോൾ പരിമിതപ്പെട്ടുപോയതിൽ അസൂയപ്പെട്ടിട്ട് കാര്യമില്ല. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് മാത്രമായിരിക്കും ഖിലാഫത്ത് എന്നു സർവ്വശക്തനായ അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുണ്ട്. (24:56). പിന്നെ ഈ അനുഗ്രഹം ജമാഅത്തെ ഇസ്‌ലാമിക്കോ എ.പി. സുന്നികൾക്കോ ലഭിക്കുന്നതെങ്ങനെ? അല്ലാഹു നിർദ്ദേശിക്കുന്ന ഈ നിശ്ചിതയോഗ്യതയില്ലാത്ത എഴുപത്തിരണ്ട് കൊച്ചു സംഘങ്ങളായി പിരിഞ്ഞു പരസ്പരം കാഫിറാക്കുകയും വിയോജിക്കുന്നവരെയെല്ലാം വകവരുത്തുന്ന കാര്യത്തിൽ മാത്രം യോജിക്കുകയും പരസ്പരം പോരടിക്കുകയും ചെയ്യുന്ന കൊച്ചു സംഘങ്ങളുടെ നേതാവിനിണങ്ങുന്ന സ്ഥാനപ്പേര് പ്രസിഡണ്ട് എന്നു തന്നെയാണ്. ഖലീഫ എന്നുകേൾക്കുമ്പോൾ കലിതുള്ളുന്ന ലേഖകനു പ്രസിഡണ്ട് എന്ന സ്ഥാനപ്പേരിനോടുള്ള മമത മനുഷ്യചരിത്രത്തിലെ ഏറ്റവും കിരാതനായ ഭരണാധികാരി എന്ന വിശേഷണത്തിനു എല്ലാ നിലക്കും അർഹനായ ജോർജ്ജ് ബുഷ് വഹിക്കുന്ന സ്ഥാനപ്പേര് "പ്രസിഡണ്ട്" എന്നായതു കൊണ്ടാണോ? നീതിമാനായ വിധികർത്താവിനെ (ഹഖമൻ അദ്ലൻ) നിഷേധിച്ച ഇവർക്ക് മൂല്യബോധം തൊട്ടുതീണ്ടാത്ത പ്രസിഡണ്ടുമാരെയും സിക്രട്ടറിമാരേയും നേതാക്കന്മാരായി സഹിക്കുകയല്ലാതെ എന്താണ് പ്രതിവിധി? അല്ലാഹുവിന്റെ മാർഗ്ഗത്തെ പരിഹാസ്യമാക്കുന്നവരെ അധികരിച്ച് വിശുദ്ധ ഖുർആന്റെ പരാമർശം ഇങ്ങനെ: "ഒരറിവുമില്ലാതെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു (മനുഷ്യരെ) വഴിതെറ്റിക്കുന്നതിനും അതിനെ (അല്ലാഹുവിന്റെ മാർഗ്ഗത്തെ) പരിഹാസ്യമാക്കുന്നതിനും വേണ്ടി വിനോദ വൃത്താന്തങ്ങൾ വിലക്കു വാങ്ങുന്ന ചിലർ മനുഷ്യരിലുണ്ട്. അവർക്കാണ് അപമാനകരമായ ശിക്ഷയുള്ളത് (ലുഖ്മാൻ 31-7)

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ എതിർത്ത ബ്രിട്ടീഷുകാരെ പിന്തുണക്കൽ മതപരമായ ബാധ്യതയായി പ്രഖ്യാപിച്ച ഒരു പ്രസ്ഥാനത്തെ സ്വാതന്ത്ര്യത്തിന്റെ പൈതൃകം പേറുന്നു എന്നു പറയുന്ന "മാതൃഭൂമി" എന്തിനിങ്ങനെ അനർഹമായി പൊലിപ്പിച്ചു കാട്ടുന്നു എന്ന ലേഖകന്റെ അവസാനത്തെ പരാമർശവും അടിസ്ഥാനരഹിതവും "മാതൃഭൂമി" യേയും അഹ്മദിയ്യാ പ്രസ്ഥാനത്തേയും ഒരുപോലെ അവഹേളിക്കുന്നതുമാണ്. ഇന്ത്യൻ മുസ്‌ലിംകളിൽ മഹാഭൂരിപക്ഷവും ബ്രിട്ടീഷ് ഭരണാധികാരികളോട് കൂറ് പുലർത്തിയവരായിരുന്നുവെന്നതിനു ചരിത്രം സാക്ഷിയാണ്. എല്ലാ നിലക്കും സ്വാതന്ത്ര്യത്തിന്റെ പൈതൃകം പേറിയ പ്രസ്ഥാനമാണ് മാതൃഭൂമി.

ഒന്നാം ലോകമഹായുദ്ധത്തിൽ തുർക്കിയും ബ്രിട്ടനും വിരുദ്ധചേരിയിലായിരുന്നു. ഖിലാഫത്തിനെ പ്രതിനിധാനം ചെയ്യുന്ന തുർക്കിയോടു ഭക്തിയും സ്വന്തം ഭരണാധിപന്മാരായ ബ്രിട്ടീഷുകാരോടു കൂറും കോഴിക്കോട്ടെ മുസ്‌ലിംകളെ മനോസംഘർഷത്തിലാക്കിയതിന്റെ രേഖാചിത്രം നൽകുന്നതാണ് പി.പി. മമ്മദ് കോയയുടെ "കോഴിക്കോട്ടെ മുസ്‌ലിംകൾ" എന്ന പുസ്തകം. "സ്വരാജ്യ സ്നേഹം സത്യവിശ്വാസത്തിന്റെ ഭാഗമാകുന്നു" എന്നരുളിയ തിരുനബിയുടെ ആത്മാർത്ഥത തികഞ്ഞ അനുയായികളെന്ന നിലയിൽ അഹ്മദിമുസ്‌ലിംകൾ സ്വാതന്ത്ര്യത്തിനുവേണ്ടി മറ്റുള്ളവരെക്കാളും ആഗ്രഹിച്ചവരാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഈ വിചാരം അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപാകർക്കുണ്ടായിരുന്നതിന്റെ പകുതിപോലും ഗാന്ധിജിക്കോ പണ്ഡിറ്റ് നെഹ്റുവിനോ ഉണ്ടായിരുന്നെന്നു ഒരു നിമിഷനേരത്തേക്ക് കൂടി വകവെച്ചു കൊടുക്കാൻ താൻ തയ്യാറല്ലെന്നാണ് അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് (റ) പ്രഖ്യാപിച്ചിരുന്നത്.

ബ്രിട്ടൻ ഭരണരംഗത്ത് നീതിപുലർത്തിയവരും എല്ലാ മനുഷ്യ സ്വാതന്ത്ര്യത്തേക്കാളും വിലപ്പെട്ട മതസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിച്ചവരും ആണെന്നതിനാൽ അവരെ ആ മഹാത്മാവ് വാഴ്ത്തിപ്പറയുകയും ആ ഭരണത്തിന്റെ ക്ഷേമത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ടെന്നത് നേരാണ്. അതിന്റെ അർത്ഥം ഇന്ത്യക്കാർ എന്നും അവരുടെ അടിമകളായി കഴിയണമെന്നല്ല, ദേശീയ സ്വാത ന്ത്ര്യം മറ്റൊരു കാര്യമാണ്. ധാർമിക മൂല്യങ്ങളിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനു മൂല്യാധി

ഷ്ഠിത സമരം നടത്തിയത് അഹ്മദി കൾ മാത്രമാണെന്നു സത്യസന്ധ മായ പഠനങ്ങളും അന്വേഷണ ങ്ങളും തെളിയിക്കും.

ധീരരിൽ ധീരനായ മൗലാനാ മുഹമ്മദലി ആത്മഹത്യക്കൊരുങ്ങി എന്നു ഞാൻ തട്ടിവിട്ടതല്ല; പത്രപ്ര വർത്തകനും മുസ്ലിം ലീഗ് നേ താവും മന്ത്രിയുമായിരുന്ന യു.എ. ബീരാൻ സാഹിബ് വിവർത്തനം ചെയ്ത മൗലാനാ മുഹമ്മദലിയുടെ ആത്മകഥയിലെ പ്രതിപാദ്യമാണത്. ധീരനായ മൗലാനാ മുഹമ്മദലി പെരിങ്ങാടിയെപ്പോലെ തട്ടിവിടുന്ന ആളല്ല. ●

*(28-ൽ നിന്ന് തുടർച്ച)*

'പ്രപഞ്ചത്തിൽ ഇന്നോളം അറി യപ്പെട്ടതിൽ ദ്രവജലമുള്ള ഒരേ യൊരു ഗ്രഹം ഭൂമിയാണ്. ഭൂമിയിൽ ഒഴുകുന്ന ദ്രവജലം ലഭ്യമാകുന്ന തിനു അനുയോജ്യമായ ഒരു ഭ്രമ ണവൃത്തത്തിലാണ് ഭൂമി സൂര്യനെ ചുറ്റുന്നത്. ഭ്രമണവൃത്തം അൽപ്പം അടുത്തുപോയാൽ ഭൂമിയിലെ ജലം മുഴുവൻ സൂര്യതാപത്താൽ ബാ ഷ്പീകൃതമായിപ്പോവും. ഇനി ഭ്രമണവൃത്തം അൽപ്പം അകന്നു പോയാലോ, ദ്രവജലം മുഴുവൻ തണുത്തുറഞ്ഞു മഞ്ഞുകട്ടയായി പ്പോകും. മനുഷ്യകരങ്ങൾക്ക് അതീ തമായ ഒരു ഗോളാന്തരീയ സംവി ധാനമാണ് ഭൂമിയിൽ ദ്രവജലം ലഭ്യ മാക്കുന്നത്.

'ആകാശത്തെ അവൻ ഉയർ ത്തുകയും സന്തുലനം സ്ഥാപിക്കു കയും ചെയ്തിരിക്കുന്നു' എന്നും വിശുദ്ധ ഖുർആൻ സൂചിപ്പിക്കു ന്നു. ഒപ്പം പറയുന്നു, 'നിങ്ങൾക്കു കാണാവുന്ന തൂണുകളില്ലാത്ത ആകാശങ്ങളെ അവൻ സൃഷ്ടിച്ചു. ഭൂമി നിങ്ങളെയും കൊണ്ടു ചായാ തിരിക്കാൻ അതിൽ അവൻ പർവ്വ തങ്ങൾ സ്ഥാപിച്ചു. എന്നിട്ടോ, അ തിൽ എല്ലാത്തരം ജീവജാലങ്ങ ളെയും അവൻ വ്യാപിച്ചിരിക്കുന്നു. നാം ആകാശത്തുനിന്നു. ജല വർഷം നടത്തി. എന്നിട്ട് അതിൽ മെച്ചപ്പെട്ട എല്ലാ ഇനങ്ങളെയും – സസ്യങ്ങളെയും – നാം മുളപ്പിച്ചു.'

അതിബൃഹത്തായ പ്രപഞ്ച ത്തിൽ ജീവന് അനുയോജ്യമാ യതും സന്തുലിതവുമായ ഒരു ആ വാസ വ്യവസ്ഥയാണ് ദൈവം ഭൂമിക്ക് നിർണ്ണയിച്ചു നൽകിയിരിക്കു ന്നത്. സൂര്യനിൽ നിന്നും നിശ്ചിത അകലത്തിലുള്ള ഭ്രമണവൃത്തം, അച്ചുതണ്ടിന്റെ ചരിവ്, ഭൂവിഭാഗങ്ങ ളുടെ വിന്യാസം, ഭൗമാന്തരീക്ഷം, ജലസാന്നിദ്ധ്യം, പരിസ്ഥിതി മുതലാ യവയെല്ലാം ജീവന് അനുകൂലമായ ഘടകങ്ങളാണ്. (തുടരും) ●

*(22-ൽ നിന്ന് തുടർച്ച)*

ന്നും തിരിച്ചറിയപ്പെടാൻ സാധ്യമല്ല. അതുകൊണ്ട് ഈ കാലഘട്ടം മുഴു വനും നഷ്ടത്തിൽപെട്ടുപോയി എന്ന് പ്രഖ്യാപിക്കുന്നതിൽ അതിശ യോക്തിയൊന്നുമില്ല. ഇത് തന്നെ യാണ് അവസാനകാലത്തെ ജന ങ്ങളെപ്പറ്റി വിശുദ്ധ ഖുർആൻ നൽ കുന്ന വിധി പ്രസ്താവം.

*കാലത്തെക്കൊണ്ടു സാക്ഷ്യ പ്പെടുത്തുന്നു. മനുഷ്യൻ തീർച്ച യായും നഷ്ടത്തിൽ തന്നെയാണ്. സത്യത്തിൽ വിശ്വസിക്കുകയും നന്മ പ്രവർത്തിക്കുകയും സൽ ക്കർമ്മം കൊണ്ട് സൽക്കർമ്മകാരി കളെ ഉപദേശിക്കുകയും സഹനം കൊണ്ട് സഹനം കൈക്കൊള്ളുന്ന വരെ ഉപദേശിക്കുകയും ചെയ്യുന്ന വരൊഴികെ.* (103:2-4) *4*

സ്ഥിരചിത്തതയോടെ പ്രവർ ത്തിക്കുന്നവരും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നവരും താരതമ്യേന വളരെ ചുരുക്കമാണ്. ഈ വമ്പിച്ച വേലിയേറ്റത്തെ വഴിതിരിച്ചു വിടാൻ എണ്ണത്തിൽ കുറഞ്ഞ അവർക്ക് സാധ്യമല്ല. ഒരു പുൽക്കൊടിക്കോ ഒരു ഇണക്കുരുവിയുടെ കളകളാ രവത്തിനോ ശരത് കാലത്തിന്റെ വന്ധ്യതയെ വസന്തത്തിന്റെ രമണീ യതയാക്കി മാറ്റാൻ സാധ്യമല്ല.

**REFERNCES**


1. Tazkirah (1969), Al-Shirkatul Islamiyyah Ltd., Rabwah, Urdu edition, P. 705.

2. Sunan Ibn-e-Majah. Kitabul-Fitan, Babul-'Uquobat. Vol. II. Dar-ul-Fikr Al-' Arabi, P. 1333

3. UNAIDS and WHO (December 1996) HIV/AIDS; The Global Epidemic, UN website.

4. Translation of 103:2-4 The Holy Quran.

●

## തിരുത്ത്

2008 ജൂലായ് ലക്കത്തിലെ സത്യദൂതനിൽ 7-ാം പേജിൽ 'മനുഷ്യർ അവരുടെ ദുർവൃ ത്തികളിൽ നിന്നു വിരമിക്കു കയും അവർ തങ്ങളുടെ അകൃ ത്യങ്ങളെക്കുറിച്ചു പശ്ചാത്ത പിച്ചു ദൈവത്തിനു ഭയങ്കരമാ യുള്ള വിപത്തുകളും നാശ ങ്ങളും സംഭവിക്കും.'

*എന്നത്*

'അവർ തങ്ങളുടെ അകൃത്യങ്ങ ളെക്കുറിച്ച് പശ്ചാത്തപിച്ചു ദൈവത്തോട് ക്ഷമ യാചിക്കു കയും ചെയ്യാതിരിക്കുന്നുവെ ങ്കിൽ, ലോകത്തിനു ഭയങ്കരമാ യുള്ള വിപത്തുകളും നാശ ങ്ങളും സംഭവിക്കും'.

എന്ന് തിരുത്തി വായിക്കാന പേക്ഷ. അച്ചടിപ്പിശക് വന്നു പോയതിൽ ഖേദിക്കുന്നു.

**– പത്രാധിപർ**

കുറിപ്പുകൾ

**മുസാഫിർ**

# അലക്സാണ്ട്രിയ ലൈബ്രറി കത്തിച്ചതാര്?

ഇസ്ലാം മതവിരോധികളായ പാശ്ചാത്യ ഓറിയന്റ്ലിസ്റ്റുകൾ ഇസ്ലാമിനെ അപകീർത്തിപ്പെടുത്താൻ നൂറ്റാണ്ടുകളായി പ്രചരിപ്പിച്ചുവന്ന കള്ളക്കഥ കേരള നിയമസഭയിലെ ബഹുമാന്യനായ ഒരംഗം ആവർത്തിച്ചത് ഒരു ബഹുമത ജനാധിപത്യ സമൂഹത്തിൽ തികച്ചും അനുചിതവും അതിലുപരി ചരിത്രപരമായ അജ്ഞതയുടെ വിളംബരവുമാണ്. ഇവിടുത്തെ ഒരു മുസ്ലിം വിദ്യാർത്ഥി സംഘടന പാഠപുസ്തകങ്ങൾ പിടിച്ചെടുത്ത് കത്തിച്ച ജുഗുപ്സാവഹമായ സമരത്തെ അപലപിക്കാൻ വേണ്ടിയാണ് നിയമസഭാംഗം തികച്ചും വ്യാജമായ ഈ ആരോപണം നടത്തിയത്. ഈജിപ്തിലെ പുരാതന പ്രസിദ്ധമായ അലക്സാണ്ട്രിയ ലൈബ്രറി ഖലീഫ ഹദ്റത്ത് ഉമറിന്റെ(റ) നിർദേശപ്രകാരം അഗ്നിക്കിരയാക്കി എന്നായിരുന്നു അദ്ദേഹത്തിന്റെ ആരോപണം.

വിശ്വജേതാവായ അലക്സാണ്ടർ ചക്രവർത്തി ബി.സി. 332ൽ പണികഴിപ്പിച്ച നഗരമായിരുന്നു അലക്സാണ്ട്രിയ. തന്റെ നാമത്തെ അനശ്വരമാക്കാൻ അലക്സാണ്ട്രിയ എന്ന് ഈ മനോഹര നഗരത്തിന് അദ്ദേഹം പേരുനൽകിയെങ്കിലും പൂർവ്വദിക്കിലേക്ക് പടയോട്ടത്തിന് പോയ അലക്സാണ്ടർ തന്റെ ഈ നഗരത്തിലേക്ക് ജീവനോടെ തിരിച്ചുവന്നില്ല. അദ്ദേഹത്തിന്റെ മൃതശരീരം സ്വീകരിക്കാനുള്ള യോഗമാണ് അലക്സാണ്ട്രിയക്കുണ്ടായത്. അവിടെയാണ് അലക്സാണ്ടറുടെ ശവകുടീരം. പിന്നീട് യവനസംസ്കാരത്തിന്റെ ലോകതലസ്ഥാനമായറിയപ്പെട്ട അലക്സാണ്ട്രിയ ടോളമി രാജവംശമാണ് ഭരിച്ചത്. വിജ്ഞാനപ്രണയികളായ ടോളമി രാജാക്കന്മാരാണ് അലക്സാണ്ട്രിയ ഗ്രന്ഥാലയത്തിന് രൂപം നൽകിയത്. ഗണിത ശാസ്ത്രത്തിലെ ജ്യാമിതിയുടെ (Geometry) പിതാവെന്നറിയപ്പെടുന്ന യൂക്ലിഡ് തന്റെ ഗണിത സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചതും, ഇറാസ്തോസ്തനീസ് ഭൂമിയുടെ വൃത്തപരിധി നിർണ്ണയിച്ച് അക്ഷാംശരേഖകളുടെയും രേഖാംശരേഖകളുടേയും അടിസ്ഥാനത്തിൽ ഭൂപടം തയ്യാറാക്കിയതും ആർക്കിമിഡീസ് തന്റെ പ്രശസ്തമായ ഭൗതിക ശാസ്ത്ര നിയമങ്ങൾക്കു രൂപം നൽകിയതും ബൈബിൾ പഴയനിയമം ഹിബ്രുവിൽ നിന്നും ഗ്രീക്കിലേക്ക് മൊഴിമാറ്റം നടത്തിയതും യവനകാലഘട്ടത്തിലെ മഹത്തായ സാഹിത്യ രചനകൾ നടത്തിയതും ഈ വിശ്വോത്തര ലൈബ്രറിയിൽ വെച്ചാണ്. ഏഴുലക്ഷത്തോളം ലിഖിതരേഖകൾ ഈ ഗ്രന്ഥശാലയിൽ സൂക്ഷിച്ചിരുന്നതായി പറയപ്പെടുന്നു. ഗ്രന്ഥപ്പുരയെപ്പറ്റി നിരവധി അപദാനങ്ങളുണ്ട്. ഇവയിൽ പലതും അതിശയോക്തിപരമാണെന്നും ചരിത്രകാരന്മാർ തന്നെ വിലയിരുത്തിയിട്ടുണ്ട്. ഈ ജ്ഞാനഗോപുരത്തിൽ നിന്നാണ് പുരാതനലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും സംസ്കാരവും വിജ്ഞാനവും പ്രസരിച്ചത്. ടോളമി രാജവംശത്തിലെ അവസാനത്തെ ഭരണാധികാരി ക്ലിയോപാട്രയുടെ കാലത്താണ് (ബി.സി. 48) അലക്സാണ്ട്രിയ ഗ്രന്ഥശാല ആദ്യമായി അഗ്നിക്കിരയാക്കപ്പെട്ടത്. റോമൻ ഭരണാധികാരി ജൂലിയസ് സീസർ അലക്സാണ്ട്രിയയിലെ കപ്പൽ സമൂഹത്തിന് തീ കൊടുത്തപ്പോൾ അത് ഗ്രന്ഥശാലയെ ഭാഗികമായി നശിപ്പിക്കുകയായിരുന്നു. ക്ലിയോപാട്രയും സഹോദരൻ ടോളമിയും തമ്മിലുണ്ടായ അധികാരവടംവലിയിൽ ക്ലിയോപാട്രയെ യുദ്ധത്തിൽ സഹായിക്കുകയായിരുന്നു ജൂലിയസ് സീസർ. ജൂലിയസ് സീസർ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ആത്മമിത്രം ആന്റണിയുമായി ക്ലിയോപാട്ര അടുത്തു. ഈ ചരിത്രസംഭവമാണ് മഹാനായ ഇംഗ്ലീഷു സാഹിത്യകാരൻ ഷേക്സ്പിയർ ആന്റണി & ക്ലിയോപാട്ര എന്ന ഇംഗ്ലീഷ് കാവ്യത്തിൽ ചില മാറ്റങ്ങളോടെ ആവിഷ്കരിച്ചത്. പിന്നീട് ക്ലിയോപാട്ര പുതുക്കിപ്പണിത ലൈബ്രറി ആരെങ്കിലും തീ വെച്ചിട്ടുണ്ടെങ്കിൽ അത് ഇസ്ലാം മതം ജനിക്കുന്നതിന് രണ്ടു നൂറ്റാണ്ടുകൾക്ക് മുമ്പേ ക്രിസ്ത്യാനികൾ ഈജിപ്തിനെ കീഴടക്കിയപ്പോഴാണ് സംഭവിച്ചത്. വിജ്ഞാനവെറി മുഖമുദ്രയായി സ്വീകരിച്ച മധ്യകാലഘട്ടത്തിലെ യൂറോപ്പിലെയും ബൈസാന്റിയ സാമ്രാജ്യത്തിലെയും മതമൗലികവാദികളായ

ക്രിസ്ത്യാനികളാണ് വിജ്ഞാന ലോകത്തോട് ചെയ്ത അപരാധങ്ങൾക്ക് മുഖ്യ ഉത്തരവാദികൾ എന്നത് ഒരു ചരിത്രസത്യമാണ്.

ഇസ്ലാമിലെ രണ്ടാം ഖലീഫ ഹദ്റത്ത് ഉമറിന്റെ കല്പന പ്രകാരം മുസ്ലിം സേനാനായകനായ അംറുബ്നുൽ ആസ്വാണ് അലക്സാണ്ട്രിയ ലൈബ്രറി കത്തിച്ചതെന്നുള്ള കള്ളക്കഥ പ്രചരിപ്പിച്ചത്. ഗ്രിഗോറിയസ് അബുൽ ഫറജ് (മരണം – ക്രി. വ. 1286) എന്ന ക്രിസ്ത്യൻ പുരോഹിതനാണ്. മുസ്ലിംകൾ ഈജിപ്ത് കീഴടക്കിയ കാലത്തെ ചരിത്രം രേഖപ്പെടുത്തിയവരാരും തന്നെ ഇത്തരമൊരു സംഭവം പ്രതിപാദിച്ചിട്ടില്ല. അബുൽ ഫജറിന്റെ ഗ്രന്ഥം സുറിയാനി ഭാഷയിലാണ് പ്രസിദ്ധീകൃതമായത്. പിന്നീട് 'മുഖ്ത്തസറുദുൽ' എന്ന പേരിൽ അതിന്റെ അറബി വിവർത്തനമുണ്ടായി. 1662ൽ ഓക്സ്ഫോർഡ് സർവ്വകലാശാല ഈ പുസ്തകത്തിന്റെ ലാറ്റിൻ പരിഭാഷ പ്രസിദ്ധീകരിച്ചു. അതിന് ശേഷമാണ് യൂറോപ്പിൽ ഈ കള്ളക്കഥ പ്രചരിച്ചത്. പ്രഗത്ഭ ചരിത്രകാരനായ എഡ്വേർഡ് ഗിബ്ബൺ ഉമറുബ്നുൽ ഖത്വാബിനെതിരെ ഉന്നയിക്കുന്ന ഈ ആരോപണം കള്ളക്കഥയാണെന്നും ക്രിസ്ത്യൻ പുരോഹിതനെഴുതിയ ഈ പുസ്തകത്തിന്റെ ലാറ്റിൻ പരിഭാഷ വന്നതിന് ശേഷമാണ് ഈ കഥയ്ക്ക് പ്രചാരമുണ്ടായതെന്നും അസന്നിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഗിബ്ബണെക്കൂടാതെ ബട്ലർ, വാഷിംഗ്ടൺ ഇർവിംങ്, ലീബോൺ, ആർതർ ഗ്ലാമീൻ മുതലായ നിരവധി യൂറോപ്യൻ ഓറിയന്റലിസ്റ്റുകൾ ഈ കഥ കളവാണെന്ന് പറഞ്ഞിട്ടുണ്ട്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ഡി. ഡി. ബെറ്റ് വിഷയം നിഷ്പക്ഷമായി വിലയിരുത്തി ഒരു പ്രബന്ധം രചിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിലെ പ്രശസ്ത പത്രമായിരുന്ന സ്പെക്റ്റേറ്റിൽ ഇതിനെ അനുകൂലിച്ചും പ്രതികൂലിച്ചും 1888 ജൂൺ 6, ജൂൺ 23 എന്നീ തിയതികളിൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു.

അലക്സാണ്ട്രിയ ലൈബ്രറിയെപ്പറ്റിയുള്ള ഈ വ്യാജചരിത്രത്തിന്റെ നിജസ്ഥിതിയറിയാൻ ചരിത്രപണ്ഡിതനും ഇന്ത്യയുടെ പ്രധാനമന്ത്രിയുമായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെത്തന്നെ ഉദ്ധരിക്കുന്നതായിരിക്കും ഏറ്റവും ഉചിതം. അദ്ദേഹം എഴുതുന്നു:

അറബികൾ അലക്സാണ്ട്രിയയിലെ വിശ്രുതമായ ഒരു ഗ്രന്ഥശാല ചുട്ടുകരിച്ചു എന്നൊരു കഥയുണ്ട്. എന്നാൽ അത് വ്യാജമാണെന്നാണ് യഥാർത്ഥ അറിവ്. ഇങ്ങനെ ഒരു നീചപ്രവൃത്തി അവർ ഒരിക്കലും ചെയ്തിരിക്കാൻ വഴിയില്ല. ഒരുപക്ഷേ, ഈ അവിവേകത്തിന്റെ കർത്താവ് ഇതിന് എത്രയോ മുമ്പ് ജൂലിയസ് സീസറുടെ കാലത്ത് നടന്ന ഒരു ഉപരോധത്തിനിടയിൽ ഈ ഗ്രന്ഥശാലയുടെ ഒരു ഭാഗം കത്തി നശിച്ചിരുന്നു. പുരാതന ഗ്രീക്ക് ദൈവങ്ങളേയും തത്വചിന്തകളെയും സംബന്ധിച്ചുള്ള വിഗ്രഹാരാധനാപരമായ പ്രാചീന ഗ്രീക്ക് ഗ്രന്ഥങ്ങൾ തിയോഡസിന് പഥ്യമായിരുന്നില്ല. അത്രക്ക് മതഭ്രാന്തനായൊരു ക്രിസ്ത്യാനിയായിരുന്നു അയാൾ. തന്റെ കുളിമുറിയിൽ വെള്ളം ചൂടുപിടിപ്പിക്കാനാണത്രേ ഈ പുസ്തകങ്ങൾ ഉപയോഗിച്ചിരുന്നത്. (വിശ്വചരിത്രാവലോകനം പേജ് 202)

വാസ്തവത്തിൽ മുസ്ലിംകൾ ഈജിപ്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് തന്നെ തിയോഡേഷ്യസ് എന്ന ക്രിസ്ത്യൻ രാജാവ് ആ ഗ്രന്ഥപ്പുര നശിപ്പിച്ച് നാമാവശേഷമാക്കിയിരുന്നു. ആ പാപഭാരം കള്ളക്കഥ പ്രചരിപ്പിച്ച് വിജ്ഞാനത്തേയും നീതിയേയും അതിരറ്റ് സ്നേഹിച്ച ഖലീഫാ ഉമറിന്റെ പേരിൽ ചാർത്താനുള്ള ശ്രമം ഹീനമാണ്. അതേറ്റു പറയുന്ന ചരിത്രജ്ഞാനമില്ലാത്ത രാഷ്ട്രീയ നേതാക്കന്മാരുടെ അല്പത്വം പരിതാപകരം എന്നല്ലാതെ എന്തുപറയാൻ!

അലക്സാണ്ട്രിയ ലൈബ്രറിയുടെ പേരിൽ ഇസ്ലാമിന്റെ മഹാനായ ഖലീഫയുടെ പേരിൽ കള്ളം പ്രചരിപ്പിക്കുന്നവരോട് ഈജിപ്ഷ്യൻ ഭരണകൂടം ഈയ്യിടെ മധുരമായി പ്രതികാരം വീട്ടുകയുണ്ടായി. വിജ്ഞാന വിരോധികളാൽ നശിപ്പിക്കപ്പെട്ട മനുഷ്യവിജ്ഞാനത്തിന്റെ മഹത്തായ ആ സ്മാരകം ഈജിപ്ഷ്യൻ ഭരണകൂടം പുനർനിർമ്മിക്കുകയുണ്ടായി. 2002 ഒക്ടോബർ മാസം ഈജിപ്ത് ഭരണകൂടവും ഐക്യരാഷ്ട്രസഭയുടെ ഏജൻസിയായ യുനെസ്കോയും ചേർന്നു നിർമ്മിച്ച ഈ ബൃഹദ് ഗ്രന്ഥാലയത്തിന്റെ ചെലവ് 225 ദശലക്ഷം ഡോളറാണ്. 31,000 ചതുരശ്ര അടി വിസ്താരത്തിൽ പതിനൊന്ന് നിലകളായി പടുത്തുയർത്തിയ ഈ കെട്ടിടത്തെ ഈജിപ്തിലെ നാലാം പിരമിഡ് എന്നാണ് ലോകമാധ്യമങ്ങൾ വിശേഷിപ്പിച്ചത്. നീല ജലാശയത്തിൽ തലയുയർത്തി നിൽക്കുന്ന ഒരു പ്രാകാരത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന രീതിയിലാണ് അതിമനോഹരമായ ഈ രമ്യഹർമ്യം പണിതത്. ഉദ്ഘാടനച്ചടങ്ങിൽ ഫ്രഞ്ച് പ്രസിഡന്റ് ജാക്വിസ് ചിറാഗ്, സ്പെയിനിലെ സോഫിയാ രാജ്ഞി, ജോർദാനിലെ റാനിയ രാജ്ഞി, റുമാനിയ, ഇറ്റലി, ഗ്രീസ് മുതലായ രാജ്യങ്ങളിലെ പ്രസിഡന്റുമാർ തുടങ്ങി ലോകപ്രശസ്തരായ നിരവധി പ്രമുഖ വ്യക്തിത്വങ്ങൾ വേദിയിൽ സന്നിഹിതരായിരുന്നു. നിരവധി പാശ്ചാത്യരാജ്യങ്ങൾ ലൈബ്രറിക്ക് വേണ്ട സാമഗ്രികളും സാങ്കേതിക ജ്ഞാനവും നൽകി

*(ശേഷം 42-ൽ)*

## വാർത്തകൾ

# 42-ാമത് യു.കെ. ജൽസ സമാപിച്ചു

**മുഹമ്മദ് ഇസ്മായിൽ**

2008 ജൂലായ് 25-ാം തിയ്യതി വെള്ളിയാഴ്ച ഇന്ത്യൻ സമയം 9 മണിക്ക് ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ഇസ്ലാമിന്റെ പതാക ഉയർത്തിയതോടെ 42-ാമത് യു.കെ. ജൽസ ആരംഭിച്ചു.

'അനുസരണവും ദൈവഭയവും' എന്ന വിഷയത്തിലൂന്നിക്കൊണ്ടായിരുന്നു ഹുസൂർ തിരുമനസ്സിന്റെ ഉദ്ഘാടന പ്രഭാഷണം. വിശുദ്ധ ഖുർആൻ നിരവധി തവണ ആവർത്തിച്ചു പറഞ്ഞ തഖ്വയുടെ ചൈതന്യം ജമാഅത്തിൽ സൃഷ്ടിക്കാനാണ് വാഗ്ദത്ത മസീഹ് ജൽസ ആവിഷ്ക്കരിച്ചത്. ആ മഹാത്മാവിന്റെ പ്രതീക്ഷക്കൊത്ത തഖ്വയുടെ സൂക്ഷ്മ വശങ്ങൾ നാം സ്വാംശീകരിക്കേണ്ടതാണെന്ന് ഖലീഫത്തുൽ മസീഹ് ഉദ്ബോധിപ്പിച്ചു.

പിറ്റേദിവസം ശനിയാഴ്ച ഉച്ചക്ക് ശേഷം ജൽസയുടെ രണ്ടാം സെഷൽ മൗലാനാ അബ്ദുൾ ബാസിത് സാഹിബ് ശാഹിദി (അമീർ, ഇന്തോനേഷ്യ)ന്റെ അദ്ധ്യക്ഷതയിലാണ് ആരംഭിച്ചത്. ഖാദിയാനിൽ നിന്നുള്ള ഖാരി നവാബ് അഹ്മദ് സാഹിബിന്റെ ശ്രുതി മനോഹരമായ ഖുർആൻ പാരായണത്തോടെ യോഗം ആരംഭിച്ചു. തുടർന്ന് വാഗ്ദത്ത മസീഹിന്റെ ഖസീദയുടെ ആലാപനമുണ്ടായി. വർത്തമാനകാലത്ത് ഖിലാഫത്തിന്റെ പ്രസക്തി? അഹ്മദിയ്യാ ഖിലാഫത്തും ഖുർആനിക സേവനവും, ഖിലാഫത്തെ റാശിദ എന്നീ വിഷയങ്ങളെ അധികരിച്ച് റാവേൽ ബുഖാറോവ്, മൗലാനാ നസീർ അഹ്മദ് ഖമർ, മൗലാനാ അതാഉൽ മുജീബ് സാഹിബ് റാശിദ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

ശനിയാഴ്ച ഖലീഫത്തുൽ മസീഹ് സ്ത്രീകളെ അഭിസംബോധനം ചെയ്യുകയുണ്ടായി. വിദ്യാഭ്യാസരംഗത്ത് മികവുകൾ പ്രകടിപ്പിച്ച

*(ശേഷം 42-ൽ)*

# തഹ്‌രീഖെ ജദീദും പരിശുദ്ധ റമദാനും

## വക്കിലുൻ മാൽ, തഹ്‌രിഖെ ജദീദ്:

പരിശുദ്ധ റമദാൻ സമാഗതമാവുകയാണ്. പരിശുദ്ധ റമദാനും തഹ്‌രീഖെ ജദീദ് പദ്ധതിയുമായുള്ള ബന്ധം ഒരിക്കൽക്കൂടി സഹോദരന്മാരെ ഉണർത്തുകയാണ്. തഹ് രീഖെ ജദീദിന്റെ സ്ഥാപകൻ ഹദ് റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)ന്റെ അർത്ഥപൂർണ്ണമായ വചനം നിങ്ങൾ ഓർക്കുമല്ലോ. 1938 നവം. 4ലെ ഒരു ഖുത്ബയിൽ അദ്ദേ ഹം പറഞ്ഞു. *'നിങ്ങൾ റമദാനിൽ നിന്നും പ്രയോജനമുൾക്കൊള്ളാൻ ആഗ്രഹിക്കുന്നുവെങ്കിൽ തഹ്‌രീ ഖെ ജദീദിൻ പങ്കാളികളാവുക ഓ രോ വ്യക്തിയും റമദാൻ തഹ്‌രീഖെ ജദീദിന്റേയും തഹ്‌രീഖെ ജദീദ് റമദാന്റേതുമായി തീർക്കാൻ പരിശ്രമിക്കുക.... റമദാൻ നമ്മുടെ ദേഹേച്ഛകളെ നശിപ്പിക്കുന്നതും തഹ്‌രിഖെ ജദീദ് നമ്മുടെ ആത്മാവിന് പുതുജീവൻ നൽകുന്നതുമായിത്തീരട്ടെ'... ഏതൊരു റമദാനാണോ ത്യാഗങ്ങളില്ലാതെ കടന്നുപോകുന്നത് അത് റമദാനല്ല. ആത്മാവിന് പുതുജീവൻ നൽകാ തെ ഏത് തഹ്‌രീഖെ ജദീദാണോ കടന്നുപോകുന്നത് അത് തഹ്‌രീഖെ ജദീദുമല്ല."*

തഹ്‌രീഖെ ജദീദ് റമദാന്റെ അനുഗ്രഹങ്ങളെ പരിപൂർണ്ണമാക്കാനുള്ള ഉദ്ദേശത്തോടുകൂടിയാണ് ഖലീഫത്തുൽ മസീഹ് സാനി ആവിഷ്ക്കരിച്ചത്. സാത്വികരായ സഹോദരന്മാർ ആ മഹാത്മാവിന്റെ ഉപദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സാമ്പത്തിക വാഗ്ദാനങ്ങൾ പൂർണ്ണമായും പൂർത്തിയാക്കുക. സാധാരണപോലെ സെപ്റ്റംബർ 15ന്നുള്ളിൽ തഹ്‌രീഖ് ജദീദ് ചന്ദ മുഴുവനും അടച്ചുതീർക്കേണ്ടതാണ്. വാഗ്ദാനം അടച്ചുതീർത്തവരുടെ പേരുകൾ 15 സെപ്തംബറിന് മുമ്പായി തപാൽ മുഖാന്തിരമോ 20 സെപ്തംബറിന് മുമ്പായി ഫാക്സ് മുഖേനയോ അയച്ചുതരണമെന്ന് എല്ലാ അമീർ / പ്രസിഡണ്ട്മാരോടും വിനീതമായി അപേക്ഷിക്കുന്നു. റമദാൻ 29ന് നടക്കുന്ന കൂട്ടദുആക്ക് മുമ്പായി വാഗ്ദാനം പൂർത്തിയാക്കിയവരുടെ പേരുകൾ ഹുസൂറിന്റെ സമക്ഷത്തിങ്കൽ എത്തിക്കേണ്ടതുണ്ട്.

വസ്സലാം

**വക്കീലുൻ മാൽ**

തഹ്‌രീഖെ ജദീദ്, ഖാദിയാൻ

# ജമാഅത്തിന്റെ ആഗോള മുന്നേറ്റങ്ങൾ
## ഹുസൂറിന്റെ പ്രഭാഷണത്തിൽ നിന്ന്

നാല് പുതിയ രാജ്യങ്ങളിൽ ക്കൂടി അഹ്മദിയ്യാ ജമാഅത്ത് നിലവിൽ വന്നു. താജികിസ്ഥാൻ (Tajkistan), പിലാവൊ (Plauen), ഐസ്‌ലാന്റ് (Iceland), ലാറ്റ്‌വിയ (Latvia).

* മൊത്തം 193 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായിക്കഴിഞ്ഞു. 48 രാജ്യങ്ങളുമായി ബന്ധം പുനഃസ്ഥാപിച്ചു.

* ഈ വർഷം 593 സ്ഥലങ്ങളിൽ ജമാഅത്ത് നിലവിൽ വന്നു. 515 പുതിയ സ്ഥലങ്ങളിൽ ജമാഅത്ത് വേരുറച്ചു.

* എം.ടി.എ. അൽഅറബിയ്യ ചാനലിലൂടെ നിരവധി സത്യാന്വേഷികൾ ജമാഅത്തിൽ പ്രവേശിച്ചു.

* 351 പള്ളികൾ നിർമ്മിച്ചു. ഇതിൽ 149 പള്ളികൾ നാം പുതിയതായി നിർമ്മിച്ചതാണ്. വിശ്വാസികകളോടൊപ്പം 202 പള്ളികൾ നമുക്ക് ലഭിച്ചു.

* 11 രാജ്യങ്ങളിൽ അച്ചടിശാലകൾ പ്രവർത്തിച്ചുവരുന്നു. ഇംഗ്ലണ്ടിലെ റഖീം പ്രസ്സിന്റെ കീഴിലാണ് ഇവ പ്രവർത്തിക്കുന്നത്.

* ലൻ റഖീം പ്രസ്സിൽ നിന്ന് ഈ വർഷം 2,40,500 ഗ്രന്ഥങ്ങളും, മാസികകളും പ്രസിദ്ധീകരിച്ചു. ആഫ്രിക്കയിൽ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളുടെ എണ്ണം 4,43,000 ആണ്.

* ഈ വർഷം 4 ഭാഷകളിൽ ഖുർആൻ പരിഭാഷ പുറത്തിറക്കി. ബോസ്നിയൻ, കിർഗിസ്, മ്യ്, മലഗാസി, കഴിഞ്ഞവർഷം വരെ 63 ഭാഷകളിലാണ് വിശുദ്ധ ഖുർആൻ പ്രസിദ്ധീകരിച്ചിരുന്നത്. ഇതോടെ പരിഭാഷകളുടെ എണ്ണം 68 ആയി.

* മസീഹ് മൗഊദ് (അ)ന്റെ ചില ഗ്രന്ഥങ്ങൾ അറബിഭാഷയിൽ തർജമ ചെയ്ത് പ്രസിദ്ധീകരിച്ചു.

* 45 രാഷ്ട്രങ്ങളിൽ നിന്ന് കിട്ടിയ റിപ്പോർട്ടനുസരിച്ച് ഈ വർഷം 621 ചെറുതും വലുതുമായ ഗ്രന്ഥങ്ങൾ വിവിധ ലോകഭാഷകളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആ ഗ്രന്ഥങ്ങളുടെ പ്രതികൾ മൊത്തം 21,24,367 ആണ്.

* 957 എക്സിബിഷനുകൾ സംഘടിപ്പിച്ചു. ബുക്ക് സ്റ്റാളുകളിലൂടെ എട്ട് ലക്ഷത്തിലേറെ ആളുകൾക്ക് സന്ദേശമെത്തിക്കാൻ കഴിഞ്ഞു.

* പത്രമാസികയിലൂടെ (987 പത്രമാസികകളിലാണ് ജമാഅത്തിന്റെ വാർത്തകൾ വന്നത്) 75 കോടിയിലേറെ ആളുകൾക്ക് ജമാഅത്തിന്റെ സന്ദേശമെത്തിക്കാൻ കഴിഞ്ഞു.

* വഖ്ഫെ നൗവിൽ 2325 കുട്ടികളുടെ വർദ്ധനയുമായിട്ട്, മൊത്തം 37,136 കുട്ടികളാണ് വഖ്ഫ് ചെയ്യപ്പെട്ടിട്ടുള്ളത്. ആൺകുട്ടികൾ 23765, പെൺകുട്ടികൾ 13771.

* നുസ്റത്ത് ജഹാൻ പദ്ധതിയനുസരിച്ച് 12 ആഫ്രിക്കൻ രാജ്യങ്ങളിൽ 36 ആശുപത്രികളും ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. 40 ഡോക്ടർമാർ ഇവിടെ സേവനം ചെയ്യുന്നു. 11 രാജ്യങ്ങളിൽ 510 സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ഹയർ സെക്കന്ററി സ്കൂളുകൾ, ജൂനിയർ സെക്കന്ററി സ്കൂളുകൾ, പ്രൈമറി സ്കൂളുകൾ, നഴ്സറി സ്കൂളുകൾ എന്നിവ ഇതിൽ പെടുന്നു.

* നമ്മുടെ എം.ടി.എ. ചാനലിനു പുറമെ മറ്റു രാജ്യങ്ങളിലെ ടി.വി. നിലയങ്ങൾ മുഖേനയും ഇസ്‌ലാമിക സന്ദേശങ്ങൾ എത്തിക്കാൻ അവസരം കിട്ടി. 1051 ടി.വി. പരിപാടികളാണ് ഇങ്ങ നെ സംപ്രേക്ഷണം ചെയ്യപ്പെട്ടത്. ഇതിലൂടെ 699 മണിക്കൂർ നമുക്ക് ലഭിച്ചു. 8 കോടിയോളം ആളുകൾക്ക് ജമാഅത്തിന്റെ സന്ദേശം എത്തി.


* വിവിധ റേഡിയോനിലയങ്ങളിൽ നിന്ന് 215 മണിക്കൂർ നമ്മുടെ പരിപാടി പ്രക്ഷേപണം ചെയ്യപ്പെട്ടു. 251 പരിപാടികളാണ് പ്രക്ഷേപണം ചെയ്തത്. ആറുകോടിയിലധികം ആളുകൾക്ക് ഇതുമുഖേന സന്ദേ ശം എത്തി.

* ബുർക്കിനാഫാസോയിൽ റേഡിയോനിലയം ആരംഭിച്ചു.

* അഹ്മദിയ്യാ ജമാഅത്തിന്റെ വെബ്സൈറ്റ് ഓരോ മാസവും 10 ലക്ഷത്തിലേറെ ആളുകൾ സന്ദർശിക്കുന്നു.

* 3,54,638 ആളുകൾ ബയ്അത്ത് ചെയ്യുന്നു. 121 രാഷ്ട്രങ്ങളിൽ നിന്ന് 351 വിവിധ വിഭാഗങ്ങളിൽപെട്ട ആളുകളാണ് ജമാഅത്തിൽ പ്രവേശിച്ചത്.

* 2004-ൽ 'വസിയ്യത്ത് പദ്ധതി'യിൽ 38,183 ആളുകൾ മാത്രമാണ് ചേർന്നത്. ഇപ്പോൾ അത് 88500 പേർ ആയി വർദ്ധിച്ചു. ഈ വർഷം അവസാനിക്കുന്നതിനു മുമ്പേ ഈ സംഖ്യ ഒരു ലക്ഷമായി ഉയരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.



മൈത്രി സന്ദേശം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ സെമിനാറിൽ യുവമോർച്ച സംസ്ഥാന വൈസ് പ്രസിഡന്റ് പി. കൃഷ്ണദാസ് സംസാരിക്കുന്നു. ഡോ. സി. ഗോപൻ, മുഹമ്മദ് സലീം സാഹിബ്, ബി.ബി. അഹ്മദ് കബീർ സാഹിബ് (അമീർ എറണാകുളം മേഖല) എന്നിവർ സമീപം.

*(39-ൽ നിന്ന് തുടർച്ച)*

സഹായിക്കുകയുണ്ടായി. ലോകത്തിലെ ഏറ്റവും വലിയ ലൈബ്രറിയായ അമേരിക്കൻ കോൺഗ്രസ് ലൈബ്രറിയോട് കിടപിടിക്കുകയാണ് പുനർജനിച്ച അലക്സാണ്ട്രിയ ലൈബ്രറിയുടെ ലക്ഷ്യമെന്ന് വ്യക്തമാക്കപ്പെടുകയുണ്ടായി. രണ്ടര ലക്ഷം ഗ്രന്ഥങ്ങളും കയ്യെഴുത്തുരേഖകളും ഇപ്പോൾ ശേഖരിച്ചിട്ടുണ്ട്. 120 ദശലക്ഷം പുസ്തകങ്ങളുള്ള അത്യാധുനികമായ അമേരിക്കൻ ലൈബ്രറിയോട് മത്സരിക്കാനാണ് ഈജിപ്തിന്റെ പുറപ്പാട്.

500 വർഷങ്ങൾക്ക് മുമ്പ് കേരളത്തിൽ നടന്ന ഒരു ഗ്രന്ഥനശീകരണയത്നം ചരിത്രകാരന്മാരുടെ ശ്രദ്ധ ഇനിയും പതിഞ്ഞിട്ടില്ലാത്ത ഒരു വിസ്മൃത യാഥാർത്ഥ്യമാണ്. ക്രൂരരായ പോർച്ചുഗീസുകാർ റോമൻ ബിഷപ്പ് അലക്സ് ഡി മെനേസിസിന്റെ നേതൃത്വത്തിൽ കേരളത്തിലെ മാർത്തോമാ ദേവാലയങ്ങളിൽ സൂക്ഷിച്ച സകല ഗ്രന്ഥങ്ങളും അഗ്നിക്കിരയാക്കിയ സംഭവമാണത്. മാർത്തോമ ക്രിസ്ത്യാനികളെ കത്തോലിക്കവത്കരിക്കാൻ പോർച്ചുഗീസുകാർ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മതപരമായ പാരമ്പര്യം നശിപ്പിക്കുകയായിരുന്നു. കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പുരാതന ചരിത്രത്തിലേക്ക് വെളിച്ചം വീശാൻ കഴിയുന്ന അമൂല്യമായ ചരിത്രരേഖകളാണ് അന്ന് കേരളത്തിന്റെ തിരുമുറ്റത്ത് വെച്ച് നശിപ്പിക്കപ്പെട്ടത്.

അതുകൊണ്ട് ഗ്രന്ഥങ്ങൾ കത്തിച്ചും ശാസ്ത്രചിന്തയെ മതക്കോടതികളിലൂടെ അടിച്ചമർത്തിയും ചരിത്രത്തിൽ ഇരുണ്ട അദ്ധ്യായങ്ങൾ എഴുതിച്ചേർത്തവർ ആരാണെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. തിരിച്ചറിയണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ●

*(40-ൽ നിന്ന് തുടർച്ച)*

വിദ്യാർത്ഥിനികൾക്ക് അമീറുൽ മുഅ്മിനീൻ ഖുർആനും മെഡലുകളും നൽകി 'അഹ്മദി സ്ത്രീകൾ തങ്ങളുടെ വീടുകളിൽ അനാവശ്യകാര്യങ്ങൾക്കെതിരെ ആത്മീയ രോഷം പ്രകടിപ്പിച്ചാൽ ആ വീട് ഒരിക്കലും നശിക്കില്ല. ഭൗതിക കാര്യങ്ങളിൽ കാട്ടുന്ന കാർക്കശ്യം ആത്മീയകാര്യങ്ങളിലും അനുവർത്തിക്കേണ്ടതാണെന്ന് സ്ത്രീകളെ അമീറുൽ മുഅ്മിനീൻ ഉപദേശിച്ചു. സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ വകവെച്ച് കൊടുത്ത് മാതൃകാപരമായി ജീവിക്കണമെന്നത് പുരുഷന്മാരെയും അദ്ദേഹം ഉപദേശിച്ചു.

ഞായറാഴ്ച നാലാം സെഷനോടെയാണ് ജൽസ സമാപിച്ചത്. ഉച്ചക്ക് ശേഷം ആരംഭിച്ച ജൽസയിൽ - സയ്യിദ് മഹ്മൂദ് അഹ്മദ് സാഹിബ് ('ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ'), റഫീക്ക് അഹ്മദ് ഹയാത്ത് (അഹ്മദിയ്യാ ഖിലാഫത്തിന്റെ നൂറുവർഷം) എന്നിവർ പ്രസംഗിച്ചു. റബ്വയിലെ ജാമിഅ അഹ്മദിയ്യാ പ്രിൻസിപ്പാളും യോഗത്തെ അഭിസംബോധന ചെയ്തു. പിന്നീട് ആഗോള കൂട്ട ബൈഅത്ത് നടന്നു. ജനബാഹുല്യം കാരണം ഒരു മണിക്കൂർ നേരത്തെയാണ് പരിപാടി ആരംഭിച്ചത്. പിന്നീട് ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് ഹുസൂർ മെഡലുകൾ വിതരണം ചെയ്തു. അതിനുശേഷം ഹുസൂർ സമാപന പ്രസംഗം ആരംഭിച്ചു.

സമാപനപ്രസംഗത്തിൽ പ്രാർത്ഥന കൊണ്ടും റസൂൽ തിരുമേനി (സ)യുടെ മേൽ സ്വലാത്ത് ചൊല്ലിയും കഴിഞ്ഞ നൂറ്റാണ്ടിനെ വർണ്ണാഭമാക്കാൻ ശ്രമിച്ചതുപോലെ പുതിയ നൂറ്റാണ്ടിനേയും അലങ്കരിച്ചുകൊണ്ടുപോകുക എന്ന് അമീറുൽ മുഅ്മിനീൻ ആഹ്വാനം ചെയ്തു. അഹ്മദിയ്യാ ജമാഅത്തിന്റെ വിജയദൃശ്യങ്ങൾ പ്രത്യക്ഷമാവാൻ നൂറ്റാണ്ടുകളുടെ ആവശ്യമില്ല. ഏതാനും ദശകങ്ങൾ മാത്രം മതി എന്നും അദ്ദേഹം പറഞ്ഞു. ●